2015
ഫെബ്രുവരി 25
വാല്യം 08
ലക്കം 04

ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Annual Subscription ₹150/- Pages:12

# മതസ്വാതന്ത്ര്യത്തെപ്പറ്റിയുള്ള പ്രധാനമന്ത്രിയുടെ പ്രസ്താവന സ്വാഗതാർഹം: യൂറോപ്യൻ യൂണിയൻ



## പ്രകാശ് പി. കോശി

യൂറോപ്യൻ യൂണിയൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മതസ്വാതന്ത്ര്യത്തെപ്പറ്റിയുള്ള പ്രസ്താവനയെ സ്വാഗതം ചെയ്തു. യൂറോപ്യൻ യൂണിയൻ അംബാസഡർ ജോവോ ക്രാവിൻഹോ മാധ്യമങ്ങളോട് പറഞ്ഞു, "മോദിയുടെ വാക്കുകൾ ഇന്ത്യൻ ഭരണഘടനയുടെ പ്രഥമ നയമായ മതസ്വാതന്ത്ര്യം ഉയർത്തുന്നതാണ്. ഇത് ഞങ്ങൾ സ്വാഗതം ചെയ്യുന്നു. കാരണം, തീവ്രവാദ നിലപാടുകാരായ സംഘങ്ങൾ വെറുപ്പിന്റെ പ്രസ്താവനകൾ കൊണ്ട് ഭയവും ഭിന്നിപ്പിക്കലും സൃഷ്ടിക്കുന്ന ഈ സമയത്ത്, രാഷ്ട്രീയ നേതാക്കന്മാർ ഇതുപോലെയുള്ള ഭിന്നിപ്പിന്റെ ശക്തികളെ കുറിച്ച് ബോധവന്മാർ ആകേണ്ടിയിരിക്കുന്നു. പ്രധാനമന്ത്രിയുടെ പ്രസ്താവന ഇങ്ങനെയുള്ള സംഭവ വികാസങ്ങൾക്ക് അടിവരയിടുന്നു".

ഫെബ്രുവരി 17-ന് ഡൽഹിയിൽ നടന്ന ക്രൈസ്തവ മീറ്റിംഗിലാണ് മോദി വിശ്വാസ സ്വാതന്ത്ര്യം എല്ലാവർക്കും ഉറപ്പാക്കും എന്ന് പ്രസ്താവിച്ചത്. ഒരു വിഭാഗത്തേയും മറ്റ് വിശ്വാസത്തിൽപ്പെട്ടവർക്കെതിരെ വെറുപ്പും ഭിന്നിപ്പും ഉണ്ടാക്കാൻ അനുവദിക്കില്ല എന്ന് പ്രധാനമന്ത്രി വാഗ്ദാനം ചെയ്തു.

"ഏത് മതത്തിനെതിരെ ഉള്ള ആക്രമണങ്ങൾ ആയാലും അംഗീകരിക്കാൻ കഴിയില്ല. എന്റെ സർക്കാർ ഇതിനെതിരെ ശക്തമായ നടപടി എടുക്കും." കതോലിക്ക സഭയുടെ ഒരു മീറ്റിംഗിൽ മോദി പറഞ്ഞു.

കഴിഞ്ഞ രണ്ടു മാസങ്ങളായി ക്രൈസ്തവർക്കെതിരെ നടന്ന ആക്രമണങ്ങളിൽ ഇതുവരെ മൗനം പാലിച്ചിരുന്ന പ്രധാനമന്ത്രി, അവസാനം മൗനം വെടിഞ്ഞു. ഘർവാപസിയും പള്ളി കത്തിക്കലും വിശ്വഹിന്ദുപരിഷത്ത് നേതാക്കന്മാരുടെ ഭീഷണികളും വർദ്ധിച്ചു വരുന്ന ഈ സാഹചര്യത്തിലാണ്, മോദിയുടെ പ്രസ്താവന എല്ലാവർക്കും സ്വീകാര്യമായത്. ക്രൈസ്തവർ മാത്രമല്ല, മാധ്യമങ്ങളും ഇതര മതനേതാക്കന്മാരും മോദിയുടെ നിലപാടിനെ സ്വാഗതം ചെയ്തു. അമേരിക്കൻ പ്രസിഡന്റ് ബറാക് ഒബാമയുടെ പ്രസ്താവനകളും മറ്റും ഇന്ത്യയിൽ ന്യൂനപക്ഷങ്ങൾക്കെതിരെ ആക്രമണങ്ങൾ നടക്കുന്നു എന്നതിന് തെളിവായിരുന്നു.

നാഷണൽ പ്രയർ ബ്രേക്ക്ഫാസ്റ്റ് മീറ്റിംഗിൽ വെച്ച് പറഞ്ഞ ഒബാമയുടെ പ്രസ്താവന "ഇന്ത്യയിൽ നടക്കുന്ന മത അസഹിഷ്ണത കണ്ടാൽ മഹാത്മഗാന്ധി പോലും ഞെട്ടിപോകും", ഈ പ്രസ്താവന വളരെ കോളിളക്കം സൃഷ്ടിച്ചിരുന്നു. ഡൽഹി തെരഞ്ഞെടുപ്പിൽ പരാജയം ഏറ്റ് വാങ്ങിയതിന് ശേഷമാണ് പ്രധാനമന്ത്രി ഇങ്ങനെയൊരു പ്രസ്താവന ഇറക്കാൻ നിർബന്ധിതനായത്.

"അമേരിക്കയി

04

# പാസ്റ്റർ ജെ.സി. പാറക്കടവിലിന് ആയിരങ്ങളുടെ അന്ത്യാഞ്ജലി



തിരുവനന്തപുരം: പ്രശസ്ത സുവിശേഷ പ്രസംഗകനായ പാസ്റ്റർ ജെ.സി.പാറക്കടവിലിന് പെന്തക്കോസ്ത് സമൂഹം പ്രത്യാശ നിർഭരമായ യാത്രയയപ്പ് നല്കി. തന്റെ ജന്മനാടായ റാന്നി പൊന്തൻപുഴ, കർമ്മരംഗമായ തിരുവനന്തപുരം, താമസ സ്ഥലമായ തോന്നയ്ക്കൽ എന്നിവിടങ്ങളിൽ നടന്ന സംസ്കാര ശുശ്രൂഷകളിൽ പതിനായിരങ്ങളാണ് പങ്കെടുത്തത്. തോന്നയ്ക്കലിലുള്ള വീട്ടുവളപ്പിൽ സംസ്കാരം നടത്തി.

14-ാം തീയതി ശനിയാഴ്ച്ച വൈകിട്ട് റാന്നി ഇടമണ്ണിൽ ഒരു കൺവൻഷനിൽ പ്രസംഗിച്ചു കൊണ്ടിരിക്കുമ്പോഴാണ് പാസ്റ്റർ ജെ.സി. പാറക്കടവിൽ സ്റ്റേജിൽ കുഴഞ്ഞു വീണ് നിത്യതയിൽ ചേർക്കപ്പെട്ടത്.

കൺവൻഷൻ പ്രഭാഷകൻ, വേദാദ്ധ്യാപകൻ, എഴുത്തുകാരൻ, പത്രാധിപർ, പരിഭാഷകൻ, ഗ്രന്ഥകാരൻ, ഗായകൻ എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. ലോഗോസ് പെന്തക്കോസ്ത് ചർച്ചിന്റെ സീനിയർ പാസ്റ്ററും ലോഗോസ് ചാരിറ്റിബിൾ സൊസൈറ്റിയുടെ പ്രസിഡന്റും ഗ്രേയ്സ് ചിൽഡ്രൻസ് ഹോമിന്റെ ഡയറക്ടറുമാണ്. ജർമ്മനി, അമേരിക്ക, സൗദി അറേബ്യ, യു.എ.ഇ, ഒമാൻ എന്നിവിടങ്ങളിൽ പര്യടനം നടത്തിയിട്ടുണ്ട്. ഭാര്യ: ചന്ദ്രകുമാരി, മക്കൾ: ഫേബ, ലിഡിയ. കൺവൻഷൻ പ്രഭാഷകനായ പാസ്റ്റർ എബി ഏബ്രഹാം സഹോദരി ഭർത്താവാണ്.

വിജയത്തിന്റെ താക്കോൽ കൂട്ടം, വിശ്വസ്തനായ മോശ എന്നീ ഗ്രന്ഥങ്ങളും, ഇടമറുക് ജീവിച്ചിരുന്നില്ല എന്ന ഖണ്ഡനകൃതിയും ഒരിക്കലും മരിക്കാത്ത കഥകൾ, മദാമ്മ വളർത്തിയ ചെന്നായ് എന്ന കഥാ സമാഹാരങ്ങളും ആകാശത്തിലെ

08

# ഐ.പി.സി മലബാർ മേഖല പാസ്റ്റേഴ്സ് കോൺഫറൻസ്



പാസ്റ്റർ. റ്റി. വത്സൻ എബ്രഹാം



പാസ്റ്റർ സാം ജോർജ്ജ്

നിലമ്പൂർ: ഐപിസി മലബാർ മേഖലയുടെ ആഭിമുഖ്യത്തിൽ പാസ്റ്റേഴ്സ് ഫാമിലി കോൺഫറൻസ് മാർച്ച് 6,7 തീയതികളിൽ നിലമ്പൂർ പാലുണ്ട ന്യൂ ഹോപ്പ് ബൈബിൾ കോളജിൽ നടക്കും. മലബാർ മേഖല രക്ഷാധികാരി പാസ്റ്റർ വി.ജെ.ജോർജ്ജ് അദ്ഘാടനം നിർവ്വഹിക്കും. മേഖല പ്രസിഡന്റ് പാസ്റ്റർ ജോൺ ജോർജ്ജ് അദ്ധ്യക്ഷത വഹിക്കും. "മലബാറിലെ സുവിശേഷികരണവും വെല്ലുവിളികളും" എന്ന വിഷയത്തെ ആസ്പദമാക്കി ചർച്ചകളും ക്ലാലുകളും സിമ്പോസിയവും നടക്കും. മേഖല പ്രസിഡന്റ് പാസ്റ്റർ ജോൺ ജോർജ്ജ്, സെക്രട്ടറി പാസ്റ്റർ സാം ദാനിയേൽ, പാസ്റ്റർമാരായ എം.വി. മത്തായി, സണ്ണി ജോർജ്ജ്, കെ.സി.ഉമ്മൻ, മാത്യു തോമസ്, ജോയി വർഗീസ്, ബാബു മഞ്ചേരി, സഹോദരന്മാരായ സജി മത്തായി കാതോട്ട്, ജെയിംസ് വർക്കി, വി.എസ്. ചാക്കോ, ജോർജ്ജ് തോമസ് തുടങ്ങിയവർ നേതൃത്വം നൽകും.

## സാക്ഷി



കുമ്പനാട്ട് മുഖ്യമന്ത്രിയുടെ വരവ് എക്സിക്യൂട്ടീവ് അറിയാതെ - **വാർത്ത**

*കർത്താവ് വീണ്ടും വരുന്നത് ഇവർ അറിഞ്ഞാൽ ഭാഗ്യം.*

# ഐ. പി.സി.സോദരീ സമാജം പ്രവർത്തനോദ്ഘാടനവും സഹായ വിതരണവും

കുമ്പനാട്: ഐ.പി.സി കേരളാ സ്റ്റേറ്റ് സോദരീസമാജത്തിന്റെ 2015-2018 വർഷങ്ങളുടെ പ്രവർത്തനോദ്ഘാടനവും സഹായ വിതരണവും 2015 മാർച്ച് 3-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് ഐ.പി.സി കുമ്പനാട് ഹെബ്രോൻ പാരിഷ്ഹാളിൽവച്ച് നടത്തുന്നു. 2015 -2018 വർഷത്തെ പ്രവർത്തന പദ്ധതികളുടെ ഉദ്ഘാടനം ഐ.പി.സി കേരളാ സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ. കെ.സി തോമസ് നിർവ്വഹിക്കുന്നു. മുഖ്യസന്ദേശം പാസ്റ്റർ. ഫിലിപ്പി തോമസ് നൽകും. പാസ്റ്റർ വിൽസൺ ജോസഫ് സഹായവിതരണവും നിർവ്വഹിക്കും. പാസ്റ്റർ ഷിബു നെടുവേലിൽ, സഹോദരിമാരായ ഏലിയാമ്മ തോമസ്, മേഴ്സി ദാനിയേൽ, ജോയമ്മ വർഗ്ഗീസ്, ലില്ലി റെജി, ഒമേഗാ സുനിൽ, സൂസൻ എം. ചെറിയാൻ, എൽസി ശാമുവേൽ എന്നിവർ പ്രസംഗിക്കും.

# ജീവകാരുണ്യ സഹായം അപേക്ഷ ക്ഷണിക്കുന്നു

കുമ്പനാട് ഇന്ത്യാ ബൈബിൾ കോളജ് & സെമിനാരി (പഴയ ഹെബ്രോൻ ബൈബിൾ കോളജ്) പൂർവ്വവിദ്യാർത്ഥി സംഘടനയുടെ ചുമതലയിൽ നടത്തുന്ന ജീവകാരുണ്യ സഹായത്തിന് അർഹരായവരിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. ഈ സ്ഥാപനത്തിൽ വിദ്യാർത്ഥികളായിരുന്നവരും കർത്തൃശുശ്രൂഷയിലായിരിക്കെ മരണമടഞ്ഞവരുമായ ശുശ്രൂഷകരുടെ വിധവമാരിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. സാമ്പത്തിക സഹായത്തിന് അർഹതയുള്ളവർ മാത്രം അപേക്ഷിക്കുക. സെന്റർ ശുശ്രൂഷകന്റെ ശുപാർശയോടുകൂടിയ അപേക്ഷകൾ മാർച്ച് 2നു മുമ്പ് കുമ്പനാട് ഇന്ത്യാ ബൈബിൾ കോളജ് ഓഫീസിൽ ലഭിക്കണം.

വിലാസം: **General Secretary**
**Alumni Association, IBC & S, Hebronpuram, Kumbanad**

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

**അറിയിപ്പ്**
ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.
പത്രാധിപർ

# മാധ്യമ ധർമ്മം

എഡിറ്റോറിയൽ



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

ക്രൈസ്തവ മാധ്യമ ധർമ്മം എന്താണ് എന്നതിനെക്കുറിച്ച് പല ചർച്ചകളും നടക്കാറുണ്ട്. വ്യക്തിപരമായി ആക്ഷേപിക്കുന്നത് വ്യക്തിഹത്യ നടത്തുന്നത് ഒക്കെ തെറ്റാണ്. വ്യക്തിപരമായ വിമർശനം പാടില്ല എന്ന് വാദിക്കുന്നവരുണ്ട്. അത് ശരിയല്ല. ഒരാളുടെ സ്വകാര്യ ജീവിതത്തെ ബാധിക്കുന്ന തരത്തിൽ വ്യക്തിഹത്യ നടത്തുമ്പോഴാണ് അത് തെറ്റാകുന്നത്. ഉപദേശം, നിലപാട്, ആശയം ഇവയെ വിമർശിക്കുന്നത് തെറ്റല്ല. ഇവയെപ്പറ്റി പറയുമ്പോൾ വ്യക്തിപരമായ പരാമർശം ഉണ്ടാകാം. പക്ഷെ അത് ആശയപരമായോ നിലപാടുകൾക്കെതിരെയുള്ള വിമർശനമോ ആണ്. അതിനെ ക്രിയാത്മകമായി കാണുവാൻ കഴിയണം. വിമർശിക്കപ്പെടുന്ന വ്യക്തിക്ക് തന്റെ ഭാഗം വിശദീകരിക്കുവാനുള്ള അവകാശം ഉണ്ട്. അതിനുള്ള അവസരം നൽകണം. ഒരു വ്യക്തിയുടെ നിലപാടിനെ വിമർശിക്കുമ്പോൾ അതിനുള്ള മറുപടി ആ വ്യക്തി നൽകിയാൽ അത് പ്രസിദ്ധീകരിക്കുവാനുള്ള ബാധ്യത ആ പ്രസിദ്ധീകരണത്തിനുണ്ട്.

നമ്മുടെ ഇടയിൽ വിമർശനത്തെ വളരെ അസഹിഷ്ണതയോടെയാണ് പലരും കാണുന്നത്. എന്നാൽ തന്റെ ഭാഗം കൂടെ വായനക്കാരോട് പറയുക. അങ്ങനെ ശരി തെറ്റുകൾ ഏതെന്ന് വായനക്കാർക്ക് മനസ്സിലാക്കട്ടെ.

സുവിശേഷീകരണം എന്ന വലിയ ദൗത്യം മറന്ന് ലോകമയത്വം കടന്നുകൂടി പെന്തെക്കോസ്ത് പ്രസ്ഥാനങ്ങൾ മുന്നോട്ടു പോകുമ്പോൾ അതിനെതിരെ മാധ്യമങ്ങൾ പ്രതികരിക്കണം അതാണ് അവയുടെ ദൗത്യവും. പ്രിന്റ് മീഡിയയെപ്പോലെ വലിയ ദൗത്യം നവമാധ്യമങ്ങൾക്കുമുണ്ട്. ശരിയായ നിലയിൽ മാധ്യമങ്ങൾ ഈ ദൗത്യം നിർവ്വഹിച്ചാൽ ഒരു പരിധിവരെ പെന്തെക്കോസ്ത് നേതൃത്വം ക്രമീകരണത്തോടെ മുമ്പോട്ടുപോകും. സ്വാർത്ഥ താൽപര്യങ്ങൾക്കായി സ്ഥാനങ്ങൾ ഉപയോഗിക്കുകയും സുവിശേഷത്തിന്റെ മറവിൽ ധനസമ്പാദനം നടത്തുകയും ചെയ്യുകയാണ് ബഹുഭൂരിപക്ഷം നേതാക്കളും. കസേരയിൽ എത്തുന്നതിനു മുമ്പ് ഉള്ള മുഖമല്ല അധികാരം കിട്ടികഴിയുമ്പോൾ നേതാക്കന്മാരിൽ പലർക്കും ഉള്ളത്. സ്വജനപക്ഷപാതവും അധികാരദുർവിനിയോഗവും അഴിമതിയും ഒക്കെ ഇന്ന് പെന്തെക്കോസ്ത് നേതൃത്വത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞിരിക്കുന്നു. സഭാജനങ്ങളെ കാണിച്ച് രാഷ്ട്രീയ പാർട്ടികളോട് വിലപേശുന്നവരും ഇന്ന് നേതൃത്വത്തിലുണ്ട്. അധികാരകസേരയുടെ പഴുതുകൾ ഉപയോഗിച്ച് സ്വന്തം സാമ്രാജ്യം കെട്ടിപ്പടുക്കുന്നവരും ഇവിടെ വർദ്ധിച്ചിരിക്കുന്നു. അപ്പക്ഷണങ്ങളുടെ മുമ്പിൽ വാലാട്ടുന്ന കുറെ അനുയായി വൃന്ദങ്ങളെ സൃഷ്ടിച്ചെടുക്കുന്ന നേതാക്കന്മാർ അത്തരക്കാരെ തങ്ങൾക്കു വേണ്ടി ചാവേറുകളായി യുദ്ധക്കളത്തിലിറക്കുന്നു. വിമർശിക്കുന്നവരെയും എതിർപക്ഷത്തുനിൽക്കുന്നവരെയും എല്ലാം ഇത്തരം ചാവേറുകളെ കൊണ്ട് പുലഭ്യം പറയിപ്പിക്കുന്നു. ഇത്തരം സാഹചര്യങ്ങളിൽ ചില മാധ്യമങ്ങളെങ്കിലും യാഥാർത്ഥ്യങ്ങൾക്കു നേരെ വിരൽ ചൂണ്ടുകയും സത്യത്തിനുവേണ്ടി നിൽക്കുകയും ചെയ്യുന്നു.

പെന്തെക്കോസ്ത് പ്രസ്ഥാനങ്ങൾ അതിന്റെ ലക്ഷ്യം മറക്കുന്നതാണ് ഇപ്പോഴുള്ള പ്രതിസന്ധികൾക്ക് കാരണം. സാമുദായിക, രാഷ്ട്രീയ ബന്ധങ്ങൾ സ്ഥാപിക്കുവാനും ലോകത്തിലേക്ക് ഇറങ്ങുവാനുമുള്ള ശ്രമം നടത്തുന്ന നേതാക്കന്മാരും യഥാർത്ഥ മാനസാന്തരം ഇല്ലാതെ പണത്തിന്റെ മാത്രം സ്വാധീനതയിൽ പ്രസ്ഥാനങ്ങളുടെ തലപ്പത്തെത്തുന്നവരുമെല്ലാം പെന്തെക്കോസ്തിന്റെ ഇന്നത്തെ അവസ്ഥയ്ക്ക് കാരണക്കാരാണ്. പ്രവാചകർ ജനത്തിന്റെ താൽപര്യം അറിഞ്ഞ് അവർക്ക് അനുകൂലമായി പ്രവചിക്കുമ്പോൾ, നേതൃത്വം വഴിതെറ്റുമ്പോൾ ക്രൈസ്തവ മാധ്യമങ്ങൾ ഒരു പരിധിവരെ അവയുടെ ദൗത്യം നിർവ്വഹിക്കുന്നു എന്നത് ആശ്വാസകരം തന്നെ.

വേദ പഠനം

# ലോകത്തെ ചലിപ്പിക്കുന്ന പ്രാർത്ഥനാ ശക്തി

## (The Pastoral Epistles)

- തുടർച്ച-



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

ഡേവിഡ് ബ്രെയിനാർഡ് വളരെ ആത്മീയ തീഷ്ണതയും ശക്തിയുമുള്ള ഒരു ഭക്തനായിരുന്നു. പ്രാർത്ഥനമൂലം അദ്ദേഹം ചെയ്തെടുത്ത വേല ആർക്കും വെല്ലുവിളിയും അത്ഭുതം നിറഞ്ഞതുമായിരുന്നു. റെഡ് ഇന്ത്യക്കാർ എന്നറിയപ്പെട്ടിരുന്ന ഒരു കൂട്ടം ജനം വസിച്ചിരുന്ന ദ്വീപിലേക്ക് ഡേവിഡ് ബ്രെയിനാർഡ് മിഷണറി വേലയ്ക്കായി പോയി. എന്നാൽ അദ്ദേഹത്തിനു അവരുടെ ഭാഷ പഠിക്കുവാൻ കഴിഞ്ഞില്ല. അതു കൊണ്ട് അദ്ദേഹം ദിവസങ്ങൾ പ്രാർത്ഥനയിൽ കഴിഞ്ഞു പോന്നു. എന്താണ് അദ്ദേഹം പ്രാർത്ഥിച്ചത്? തനിക്കു ജനത്തോടു സംസാരിക്കുവാൻ ഭാഷ അറിയുകയില്ല, അതു കൊണ്ട് അവരുടെ ചിന്തകളോ വികാരങ്ങളോ മനസ്സിലാക്കുവാനും കഴിഞ്ഞില്ല. അതു കൊണ്ട് അവരോടു ഇടപെടണമെങ്കിൽ അവരുടെ ഭാഷ അറിയാവുന്ന ഒരു മനുഷ്യനെ കണ്ടു കിട്ടിയാൽ കൊള്ളാമെന്ന് അദ്ദേഹം ആഗ്രഹിക്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്തു. അങ്ങനെ പ്രാർത്ഥിച്ചു കൊണ്ടിരിക്കുമ്പോൾ ദൈവം തന്റെ വലിയ ശക്തിയാൽ അത് നിവർത്തിക്കണം എന്നും കഠിനമായി ദൈവത്തോടു അപേക്ഷിച്ചു. ദൈവാത്മാവാ തന്നെ നിറയ്ക്കുവാൻ അദ്ദേഹം പ്രാർത്ഥിച്ചു കൊണ്ടിരുന്നു.

ഒരു ദിവസം ഒരു മദ്യപാനി ആ വഴി വന്നു. മദ്യം കൊണ്ട് ലഹരി പിടിച്ചു നടക്കുവാനോ എഴുന്നേറ്റു നില്പാനോ പറ്റാത്ത അവസ്ഥ. എന്നാൽ ആ മനുഷ്യനെ കൊണ്ട് തന്റെ പ്രസംഗം വിവർത്തനം ചെയ്യുവാൻ ആഗ്രഹിച്ചു. എന്നാൽ അത്ഭുതം എന്നു പറയട്ടെ ആ ദിവസം അദ്ദേഹത്തിന്റെ പ്രസംഗ പരിഭാഷയിലൂടെ അനേകർ യേശുക്രിസ്തുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചു. ഇത് പലർക്കും ഒരു പക്ഷെ വിശ്വസിക്കുവാൻ കഴിയുകയില്ലായിരിക്കും. എന്നാൽ അതാണ് സംഭവിച്ചത്. ദൈവത്തിന്റെ ആത്മാവ് ആ മനുഷ്യനെ അതിനായി അഭിഷേകം ചെയ്തു. അതേ ആത്മാവ് അവിടെ പ്രവർത്തിക്കുകയും പ്രാർത്ഥനയുടെ ഫലമായി ചില ആത്മാക്കൾ രക്ഷിക്കപ്പെടുകയും ചെയ്തു. ബ്രെയിനാർഡ് എങ്ങനെ ആത്മാക്കളെ നേടി എന്നു ചോദിച്ചാൽ അതിന് ഒരേ ഒരുത്തരം മാത്രം ആത്മാക്കളോടുള്ള സ്നേഹത്താൽ ബ്രെയിനാർഡ് ഒരു പെന്തക്കോസ്തിന്റെ അനുഭവത്തിനായി പ്രാർത്ഥിച്ചു. തന്റെ വിശുദ്ധ ജീവിതവും ദൈവത്തോടുള്ള സ്നേഹവും മടത്തുപോകാതെയുള്ള പ്രാർത്ഥനയുമായിരുന്നു ഇതിന്റെ രഹസ്യം. ആത്മശക്തിയില്ലാത്ത ഒരു കൂട്ടം ദൈവമക്കളെക്കാൾ ആത്മനിറവ് പ്രാപിച്ച ഒരു വ്യക്തിയിലൂടെ ദൈവത്തിനു എന്തു ചെയ്തു എടുക്കുവാൻ കഴിയും എന്നുള്ളത് ഇതിലൂടെ മനസ്സിലാക്കാം. ആരും അറിയാത്ത ചില ഭക്തന്മാർ ദൈവത്തോടുള്ള പ്രാർത്ഥനയിൽ ജീവിതം ചിലവഴിക്കുമ്പോൾ അവർ സർവ്വശക്തിയുള്ള ദൈവത്തിന്റെ ശക്തിയെ തൊടുകയാണ്. അവരിൽ കൂടെ ഈ വൻശക്തി ഒഴുക്കുകയും അത് ലോകത്ത് മുഴുവൻ ചലിപ്പിക്കുകയും ചെയ്യും, അതാണ് പ്രാർത്ഥന.

പ്രാർത്ഥന എന്നാൽ എന്ത്? ദൈവമായിട്ടുള്ള സംഭാഷണമാണ് പ്രാർത്ഥന. സ്വർഗ്ഗത്തിലെ അനുഗ്രഹങ്ങളുടെ ഭണ്ഡാരം തുറക്കാനുള്ള താക്കോലാണ് പ്രാർത്ഥന. ദൈവവുമായുള്ള കൂട്ടായ്മയാണ് പ്രാർത്ഥന. ദൈവത്തിനു സ്തുതിയും സ്തോത്രവും അർപ്പിക്കുന്നതാണ് പ്രാർത്ഥന. നമ്മുടെ പാപങ്ങളെ ദൈവസന്നിധിയിൽ ഏറ്റുപറയുന്നതാണ് പ്രാർത്ഥന. നമ്മുടെ അപേക്ഷയും യാചനയും ദൈവസന്നിധിയിൽ അറിയിക്കുന്നതാണ് പ്രാർത്ഥന. അല്പം തെളിയിച്ചു പറഞ്ഞാൽ നമ്മുടെ ആവശ്യങ്ങൾ സ്തോത്രത്തോടെ ദൈവമുമ്പാകെ സമർപ്പിക്കുന്നതാണ് പ്രാർത്ഥന ഭൂമിയിൽ വച്ച് ചെയ്യാവുന്ന ഏറ്റവും വലിയ പ്രവർത്തിയാണ് പ്രാർത്ഥന. പ്രാർത്ഥന എന്നത് കഠിനമായ ഒരു ജോലിയാണ്. ഭൂമിയിൽ വച്ച് ദൈവത്തോടുള്ള ബന്ധത്തിൽ ചെയ്യാവുന്ന ഏറ്റവും വലിയ കാര്യമാണ് പ്രാർത്ഥന. അത് സഭയ്ക്കും മനുഷ്യർക്കും സ്വയമായും ലോകത്തുള്ള ഏത് ശക്തിയെക്കാളും ഏറ്റവും വലിയ ശക്തിയാണ് പ്രാർത്ഥന. പ്രാർത്ഥനയാണ് പിശാചിന്റെ സാമ്രാജ്യത്തിൽ വലിയ കുഴച്ചിൽ ഉണ്ടാക്കുന്നത്. ദൈവത്തിന്റെ ശക്തന്മാരായ പടയാളികൾ എന്നത് പ്രാർത്ഥിക്കുന്ന ഭക്തരാണ്. ദൈവത്തിന്റെ ഹൃദയത്തിന്റെ കവാടം പ്രാർത്ഥനയാണ് പ്രസംഗിക്കുന്നവരെ ലോകം അറിയും പ്രാർത്ഥിക്കുന്നവരെ സ്വർഗ്ഗം അറിയും.

പ്രാർത്ഥനയാണ് ഭക്തന്മാരുടെ ജീവിതത്തിന്റെ പരമപ്രധാന ലക്ഷ്യം. ഒരു വിശ്വാസിയുടെ ഏറ്റവും ശ്രേഷ്ഠമായ അവകാശവും പദവിയും പ്രാർത്ഥനയിൽ ദൈവവുമായി സംസാരിക്കുന്നതാണ് പ്രാർത്ഥനയ്ക്കു ഒരു വിശ്വാസി മുടക്കം വരുത്തുമേ അന്ന് അവനു സങ്കടത്തിന്റെയും നഷ്ടത്തിന്റെയും ദിവസങ്ങളാണ്. പ്രാർത്ഥനയുടെ ശക്തിയാണ് ഏറ്റവും വലിയ ശക്തി. പ്രാർത്ഥിക്കാത്ത മനുഷ്യനെക്കാൾ ആയിരം മടങ്ങ് ശക്തിയുള്ളവനാണ് പ്രാർത്ഥിക്കുന്ന മനുഷ്യൻ. വില്യം കോപ്പർ എന്ന ഭക്തൻ പറഞ്ഞിരിക്കുന്നത് ഏറ്റവും ബലഹീനനായ വിശ്വാസി (വിശുദ്ധൻ) മുട്ടിന്മേൽ നിൽക്കുന്നതു കാണുമ്പോൾ പിശാച് വിറയ്ക്കുന്നു എന്നാണ്. പ്രാർത്ഥനയുടെ ശക്തിയാൽ രാജ്യങ്ങൾ കീഴടങ്ങിയിട്ടുണ്ട്. ആത്മാക്കളെ നേടിയിട്ടുണ്ട് സഭാകൂടിവരവുകൾ സ്ഥാപിച്ചിട്ടുണ്ട്. അനേക ജീവിതങ്ങൾക്കു രൂപാന്തരവും മാറ്റവും ഉണ്ടായിട്ടുണ്ട്. പ്രാർത്ഥനയുടെ ശക്തിയാൽ രോഗികൾക്കു സൗഖ്യം ലഭിച്ചിട്ടുണ്ട്, മുടിയൻ പുത്രന്മാർ സ്വഭവനത്തിലേക്ക് മടങ്ങിവന്നിട്ടുണ്ട്. തകർന്ന വിവാഹ ബന്ധങ്ങൾ നേർപാതയിലേക്കു ആയിട്ടുണ്ട്. കുടുംബങ്ങളിൽ അനുഗ്രഹങ്ങൾ ലഭിച്ചിട്ടുണ്ട്. പ്രാർത്ഥനമൂലം അനേകം വിടുതലുകൾ ഉണ്ടായിട്ടുണ്ട്. ഒരു വിശ്വാസിക്കു ലഭിക്കുന്ന ഏറ്റവും വലിയ ശക്തി പ്രാർത്ഥനയുടെ ശക്തിയാണ്. നാം ജീവിക്കുന്ന ഈ ലോകത്തിൽ ഇന്നു പല തരത്തിലുള്ള ശക്തികൾ ഉണ്ട്. വൈദ്യുതിയുടെ ശക്തി, ആറ്റംബോംബിന്റെ ശക്തി ന്യൂക്ലിയർ ശക്തി, വലിയ പേടകവും സാറ്റ്ലൈറ്റും വഹിച്ചു കൊണ്ട് ബഹിരാകാശത്ത് എത്തിക്കുവാൻ കഴിവുള്ള റോക്കറ്റിന്റെ ശക്തി എന്നിങ്ങനെ പലതും എന്നാൽ ഒരു ദൈവവിശ്വാസിയെ സംബന്ധിച്ചിടത്തോളം പ്രാർത്ഥനയുടെ ശക്തി മറ്റുള്ളതിനെക്കാളെല്ലാം വലിയതാണ്.

ഭക്തന്മാരുടെ പ്രാർത്ഥനയ്ക്കു ദൈവം മറുപടി നൽക്കുന്നത് മൂന്നുവിധത്തിലാണ്. ഒന്നാമതായി “അതെ”(ഉവ്വ്) എന്ന മറുപടി ലഭിക്കും ഹിസ്ക്കീയാവ് രോഗം ബാധിച്ചു കിടപ്പിലായപ്പോൾ യെശയാവ് പ്രവാചകൻ ആലോചന പറയുകയും രാജാവ് ദൈവത്തോടു പ്രാർത്ഥിച്ചപ്പോൾ പെട്ടെന്നു തന്നെ മറുപടി നൽകിയതായി വായിക്കുന്നു. 2രാ ജാ:20:21-21. രണ്ടാമതായി

09

## എനിയ്ക്കും പറയാനുണ്ട്...

# വിമർശനം പാപമോ?



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

പെന്തെക്കോസ്തിലെ പത്രക്കാരെക്കുറിച്ച് കുറെയേറെ തെറ്റിദ്ധാരണകൾ ഉണ്ട്. വഴക്കന്മാർ, അനാത്മീകർ ഇങ്ങനെയൊക്കെ ഉള്ള ലേബലുകൾ അവരുടെമേൽ ചാർത്തിക്കൊടുത്തിട്ടുണ്ട്. സ്വദേശത്തും വിദേശത്തും എനിക്കുണ്ടായിട്ടുള്ള അനുഭവങ്ങൾ രസകരമാണ്. സഭകളിൽ പ്രസംഗിച്ചുകഴിയുമ്പോൾ ചിലരെങ്കിലും അത്ഭുതത്തോടെ എന്റെ അടുക്കൽ വന്ന് ചോദിച്ചിട്ടുണ്ട്. താങ്കൾ ഇങ്ങനെ നന്നായി പ്രസംഗിക്കുമെന്ന് ഞാനോർത്തില്ല എന്നൊക്കെ. അവർ പറയുന്നത് കേൾക്കുമ്പോൾ അവരുടെ ഉള്ളിൽ പത്രക്കാരെക്കുറിച്ചുള്ള മുൻവിധി എന്താണെന്ന് ഊഹിക്കുവാൻ കഴിയുന്ന എനിക്ക് ചിരി വരാറുണ്ട്. മാധ്യമ പ്രവർത്തനം എന്നത് എന്നെ സംബന്ധിച്ചിടത്തോളം രണ്ടാമത് പരിഗണന മാത്രമേ ഉള്ളു. സുവിശേഷകൻ എന്നുള്ളതാണ് വലിയ ദൗത്യമായി ഞാൻ കാണുന്നത്. സ്റ്റേജുകളിൽ നിറഞ്ഞുനിൽക്കുന്ന സുവിശേഷകനായിട്ടല്ല മറിച്ച് ആവശ്യങ്ങളിൽ ഇരിക്കുന്നവരിലേക്ക് ഇറങ്ങി ചെല്ലുവാൻ കഴിയുന്ന ഒരു സാധാരണ സുവിശേഷകനായിരിക്കുവാനാണ് ആഗ്രഹം.

മാധ്യമത്തിൽ ചിലപ്പോൾ വിമർശനം നടത്തേണ്ടതായി വരാറുണ്ട്. വിമർശിക്കണമെന്നത് മനപ്പൂർവ്വമായി ആഗ്രഹിച്ച് ചെയ്യുന്നതല്ല. ചിലരുടെ പ്രവർത്തി കാണുമ്പോൾ അറിയാതെ ഉള്ളിലുണ്ടാകുന്ന ജ്വലനമാണ് അത്. കഴിഞ്ഞ ലക്കത്തിൽ പാസ്റ്റർ കെ. ജോയിക്ക് എഴുതിയ തുറന്ന കത്ത് ചിലരെ അലോരസപ്പെടുത്തി എന്ന് അറിയാം. നമ്മുടെ സമൂഹത്തിൽ യാഥാർത്ഥ്യങ്ങൾ തിരിച്ചറിയുവാൻ പലരും ശ്രമിക്കാറില്ല. വിമർശിക്കുന്നത് പാപമാണെന്നും മറ്റുള്ളവർ കേട്ടാൽ പെന്തെക്കോസ്തിലേക്ക് ആളുകൾ വരികയില്ലെന്നുമൊക്കെയാണ് ചിലർ കരുതുന്നത്. ഐ. പി. സി. ആമല്ലൂർ സഭയിലെ പ്രശ്നം മലയാള മനോരമയുടെ പ്രധാന പേജിൽ മിക്കവാറും എല്ലാ എഡിഷനുകളിലും വന്നു. എന്നാൽ പെന്തെക്കോസ്ത് മാധ്യമങ്ങൾ അത് കുറച്ചുകൂടി മാന്യമായാണ് കൈകാര്യം ചെയ്തത്. ഇവിടുത്തെ തട്ടിപ്പുകളും മറ്റും സെക്കുലർ ചാനലുകളിലുമൊക്കെ എത്രയോ തവണകളിലാണ് വന്നത്, വരുന്നതും.

നേതാക്കന്മാരുടെ വ്യക്തിപരമായ കാര്യങ്ങളെക്കുറിച്ച് എഴുതി തേജോവധം ചെയ്യുവാൻ പാടില്ല എന്നാണ് എന്റെ അഭിപ്രായം. എന്നാൽ ഇവരുടെ ഇരട്ടത്താപ്പും മുഖംമൂടിയും കാണുമ്പോൾ അറിയാതെ പ്രതികരിച്ചു പോകും. കേരളത്തിലെ സ്റ്റേജുകളിൽ വിശുദ്ധിയെക്കുറിച്ച് ഘോരഘോരം പ്രസംഗിക്കുന്ന പലരും ഇരട്ടത്താപ്പിന്റെ ആശാന്മാരാണ്. ഉദാഹരണത്തിന് ആഭരണവിഷയം (ആഭരണം ധരിച്ചതുകൊണ്ട് സ്വർഗ്ഗത്തിൽ പോകില്ല എന്ന് വിശ്വസിക്കുന്ന ആളല്ല ഞാൻ. ആഭരണവർജ്ജനം ഉപദേശമായും ഞാൻ കരുതുന്നില്ല. അത് നല്ലൊരു മാതൃക എന്നു മാത്രമാണ് ഞാൻ മനസ്സിലാക്കുന്നത്. ആഭരണവർജ്ജനം വേദപുസ്തക ഉപദേശമാണെങ്കിൽ മലയാളികൾക്കും ചെറിയ ചില ഗ്രൂപ്പുകൾക്കും വേണ്ടി മാത്രം സ്വർഗ്ഗം ഉണ്ടാക്കേണ്ടി വരും.) കേരളത്തിലെ സ്റ്റേജുകളിൽ ആഭരണ വർജ്ജനത്തിനായി നിലകൊള്ളുന്ന പലരും കേരളത്തിന് വെളിയിൽ ആഭരണധാരികളുടെ സഭകളിൽ പ്രസംഗിക്കുന്നു, കർത്തൃമേശ കൊടുക്കുന്നു, ആഭരണധാരികൾക്ക് ഓർഡിനേഷൻ കൊടുക്കുന്നു. ഇതു രണ്ടുംകൂടെ എങ്ങനെയാണ് ഒത്തുപോകുന്നത്? ഇവർ ഇത്തരം വേഷം കെട്ടലുകൾ അവസാനിപ്പിക്കണം.

ദുരുപദേശ ഖണ്ഡന പ്രസംഗകൻ എന്ന പേരിൽ സ്റ്റേജുകൾ പാരമ്പര്യ പെന്തെക്കോസ്ത് സഭകളിൽ കൈയടക്കുന്ന പലരും ദുരുപദേശകരെന്ന് ഇവർ തന്നെ പറഞ്ഞിട്ടുള്ളവരുടെ സ്റ്റേജുകളിൽ ഉളുപ്പില്ലാതെ പ്രസംഗിക്കുമ്പോൾ ഇവരെ എന്ത് പേര് ചൊല്ലി വിളിക്കണം?

കേരളത്തിലും വിദേശത്തുമെല്ലാം ധാരാളം സ്റ്റേജുകളിൽ പ്രസംഗിക്കുന്ന എന്റെ ഒരു സ്നേഹിതനുണ്ട്. സ്ത്രീകൾ പുരികം വടിക്കുന്നത്, ഫേഷ്യൽ ചെയ്യുന്നത്, മുടി മുറിക്കുന്നത്, ക്യൂട്ടെക്സ് ഇടുന്നത് എല്ലാം തെറ്റാണെന്ന് വചനാടിസ്ഥാനത്തിൽ ഊന്നിപ്പറയുന്ന ഇദ്ദേഹം പക്ഷെ, വിദേശത്തെ സഭകളിൽ എന്തുകൊണ്ട് ഇതൊക്കെ വിഴുങ്ങിക്കളയുന്നു. ഇത്തരം ഇരട്ടത്താപ്പ് കാണുമ്പോൾ അറിയാതെ വിമർശിച്ചു പോകുകയാണ്. വിമർശനം തെറ്റാണോ? അത് നാട്ടുകാരറിയുന്നത് മോശമല്ലേ എന്നൊക്കെ വിലപിക്കുന്നവർ വേദപുസ്തകം ശരിക്കും വായിക്കാത്തവരാണ്. അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകത്തിൽ പൗലോസും ബർന്നബാസും തമ്മിൽ നടന്നത് ഉഗ്രവാദമായിരുന്നു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മാത്രമല്ല ആ ഉഗ്രവാദം നിമിത്തം അവർ തമ്മിൽ പിരിഞ്ഞുവെന്നും എഴുതിയിട്ടുണ്ട്. പത്രോസിന്റെ കടുംപിടിത്തങ്ങൾക്കെതിരെ മുഖാമുഖം പൗലോസ് എതിർത്തു നിന്നതും രേഖപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടൊന്നും സഭയിലേക്കുള്ള ജനത്തിന്റെ വരവ് കുറഞ്ഞില്ല. സുവിശേഷത്തിന്റെ മറവിൽ തട്ടിപ്പ് നടത്തി കോടികൾ സമ്പാദിക്കുന്നവരെ വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിക്കുവാൻ കഴിയില്ല.

ഞാൻ ആരംഭത്തിങ്കൽ പറഞ്ഞതുപോലെ പത്രപ്രവർത്തകൻ എന്നതിനേക്കാൾ സുവിശേഷകനെന്നും ജീവകാരുണ്യ പ്രവർത്തകനെന്നുമൊക്കെ അറിയപ്പെടുവാനാണ് താല്പര്യം. മുംബൈയിലെ തെരുവിൽ നിന്നും പാവപ്പെട്ടവരുടെ കുടിലിൽ നിന്നും ലഭിക്കുന്ന എയ്ഡ്സ് രോഗികളായ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്ന സ്ഥാപനമാണ് ബ്ലസ്സ് ഫൗണ്ടേഷൻ. ഇന്ന് 20 ലധികം കുട്ടികൾ അവിടെയുണ്ട്. ഒപ്പം ബ്ലസ് ഫെലോഷിപ്പ് എന്ന ചെറിയ ഒരു കൂട്ടായ്മയും അവിടെയുണ്ട്.

ചില വർഷങ്ങൾക്കുമുമ്പ് സുനിൽ അക്കരത്ത്, പ്രകാശ് പി. കോശി, പാസ്റ്റർ റെജി തോമസ് എന്നിവരോടൊത്ത് ആ പ്രവർത്തനം ആരംഭിക്കുമ്പോൾ ഞങ്ങളുടെ മനസ്സിൽ ഉണ്ടായിരുന്നത് തെരുവിലലയുന്ന കുഞ്ഞുങ്ങളുടെ ദയനീയ മുഖമായിരുന്നു. രണ്ട് കുട്ടികളുമായി ആരംഭിച്ച ആ പ്രവർത്തനം ഇന്ന് അനേകർക്ക് ആശ്വാസമായി മാറിയിരിക്കുന്നു. വല്ലപ്പോഴും മാത്രമേ എനിക്ക് അവിടെ പോകുവാൻ കഴിയുന്നുള്ളൂ. പാസ്റ്റർ റെജി തോമസിന്റെ നേതൃത്വത്തിൽ നടക്കുന്ന ആ പ്രവർത്തനം അനുഗ്രഹകരമായി നടക്കുന്നു. അവിടെയുള്ള കുഞ്ഞുങ്ങളോടൊരുമിച്ച് സമയം ചെലവഴിക്കുമ്പോൾ ലഭിക്കുന്ന സന്തോഷം വേറെയെവിടെ നിന്നും കിട്ടാറില്ല. എന്റെ മകൻ സ്റ്റാൻലിയും മുംബൈയിൽ താമസിച്ച് അല്പമായ നിലയിൽ ആ പ്രവർത്തനത്തിൽ പങ്കാളിയാകുന്നു. അതാണെന്റെ സന്തോഷം. പാസ്റ്റർ റെജി തോമസും കുടുംബവും ആ എയ്ഡ്സ് രോഗികളായ കുഞ്ഞുങ്ങളോടൊരുമിച്ച് താമസിച്ച് പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു. അതിന്റെ ഭാഗം എന്ന് അറിയപ്പെടുന്നതാണ് എന്റെ സന്തോഷം. ബ്ലസ്സ് ഫൗണ്ടേഷന്റെ പ്രവർത്തനങ്ങളെ അടുത്ത ലക്കത്തിൽ പരിചയപ്പെടുത്താം. വിമർശനത്തെക്കുറിച്ചും അടുത്ത ലക്കത്തിൽ. വീണ്ടും പ്രതിപാദിക്കാം.

## നോവൽ

# കാൽവറിയുടെ ഉയരങ്ങൾ

അദ്ധ്യായം 23



സുനിൽ വർഗീസ്,
ബാംഗ്ലൂർ

വളരെ പെട്ടെന്നാണ് ആൽബർട്ടിന്റെ ജീവിതത്തിൽ നിന്ന് ഒരാഴ്ച അടർന്നു മാറിയത്. ഒരു ദിവസം പോലും അയാൾ വീടിന് പുറത്തേക്ക് ഇറങ്ങിയതേയില്ല. പഴയ സ്നേഹിതന്മാർ പലരും നാട്ടിൽ പല ഭാഗങ്ങളിലായി വിവിധ ജീവിത രീതികളും ജോലികളുമായി കഴിയുന്നുണ്ട്. ആരേയും കാണുവാൻ, പരിചയം പുതുക്കുവാൻ, ആ പഴയ ആൽബർട്ടിന്റെ ചടുലതയിലേക്ക് എത്തിച്ചേരുവാനുള്ള ചെറിയ ശ്രമം പോലും അയാളുടെ ഭാഗത്ത് നിന്ന് ഉണ്ടായില്ല. ചില രാത്രികളിൽ, നീലമുടിയെന്ന വിസ്മയം അയാളുടെ സ്വപ്നങ്ങളിലേക്ക് കടന്നു വന്നു. ചിലപ്പോൾ അതേ സ്വപ്നത്തിന്റെ തുടർച്ചയെന്നവണ്ണം ഡേവിഡും മാതേവനും ചെറുമനും പിന്നെ ആൽബർട്ടിന്റെ സ്വന്തം സ്കൂളും അറിവിന്റെ തീരത്ത് കൗതുകത്തോടെ ഇരിക്കുന്ന കുട്ടികളും കടന്നു വന്നു. കണ്ണുകൾ മെല്ലെ തുറക്കുമ്പോൾ നീലമുടിയിൽ തന്റെ കുടമ്പിന്റെ, പ്രകാശത്തെ നിർല്ലോഭം കടത്തിവിടുന്ന മേൽക്കൂരയെ കാണുവാൻ കഴിയാതെ ഫാനിന്റെ കറക്കം നോക്കി അയാൾ ഒന്നിനുമല്ലാതെ കിടന്നിരുന്നു.

മമ്മയിൽ ആഹ്ളാദം തുളുമ്പി നിൽക്കുന്നു. വിവിധ പലഹാരങ്ങളും വിഭവസമൃദ്ധമായ ആഹാരങ്ങളും ഉണ്ടാക്കുന്നതിൽ മമ്മ ഉത്സാഹിക്കുന്നു. ഒരിക്കൽ പോലും എന്നാടാ ശീമോനെ തിരിച്ചു പോകുന്നതെന്ന് മമ്മ ചോദിച്ചതേയില്ലന്ന് ആൽബർട്ട് ഓർത്തു. കഴിഞ്ഞ ദിവസം, പപ്പായോടായി, ശീമോന് ഒരു പെണ്ണു നോക്കേണ്ടായോ എന്ന് മമ്മ ആവേശത്തോടെ ചോദിക്കുന്നത് ആൽബർട്ട് കേട്ടിരുന്നു. മിക്കപ്പോഴും ആൽബർട്ട്, അയാളുടെ മുറിയിൽ തന്നെ ഇരിക്കുവാൻ ശീലിച്ചു. ജാലകത്തിനരികിലും എഴുത്തു മേശയ്ക്കരികിലുമായി അയാൾ സമയത്തെ ചിലവഴിച്ചു കൊണ്ടിരുന്നു. എന്തൊക്കെയോ എഴുതണമെന്ന് മനസ്സ് വെമ്പുന്നതായി അയാൾ അറിയുന്നുണ്ടായിരുന്നു. പുതുതായി എടുത്തു വെച്ച ഡയറിയുടെ ആദ്യ താളിൽ എന്റെ നീലമുടിക്കു വേണ്ടി എന്ന വാക്കു മാത്രം എഴുതി അയാൾ ഏതോ ആലസ്യത്തിലേക്ക് കടന്നു ചെന്നു. ആഹാരം കഴിക്കുവാനായി ഇറങ്ങി വരുമ്പോൾ ആകുലതയോടെ തന്നെ നോക്കുന്ന പപ്പായേയും പുഞ്ചിരിയോടെ തന്നെ സ്വീകരിക്കുന്ന മമ്മയേയും കണ്ടില്ലെന്നു ഭാവിക്കുവാൻ അയാൾ ശീലിച്ചു. ഇടയ്ക്കൊരു ദിവസം ഡേവിഡിന്റെ അമ്മയേയും അനുജത്തിയേയും കാണുവാനുള്ള ത്വര ആൽബർട്ടിൽ എഴുന്നു വന്നു. എന്നാൽ മരവിപ്പു ബാധിച്ച മനസ്സോടെ അയാൾ കിടക്കയിലേക്ക് ചാഞ്ഞ് ഏറെ നേരം കണ്ണുകളടച്ചു കിടക്കുകയാണുണ്ടായത്.

അതുപോലെ നീലമുടിയിലേക്ക് തിരിച്ചു പോകണമെന്ന വെമ്പൽ തീവ്രമായ ദിവസം അയാൾ മുണ്ടോട്ടിത്തറയിലെ ജയിംസിന് ഫോൺ ചെയ്തു. മറുതലയ്ക്കൽ നിന്ന് ഒരു ക്രിസ്തീയ ഗാനത്തിന്റെ ഹലോ ട്യൂൺ. വല്ലാത്ത ഹൃദയമിടിപ്പോടെ ആൽബർട്ട് ജയിംസിന്റെ ശബ്ദത്തിന്റെ കാത്തു. എന്നാൽ ജയിംസ് സംസാരിച്ചു തുടങ്ങിയതു തന്നെ അന്നത്തെ സംഭവത്തിനു ശേഷം അവൻ മുണ്ടോട്ടിത്തറയിലേക്ക് തിരിച്ചു പോയതേയില്ലന്നാണ്. നഗരത്തിലെ എതോ മിനിസ്റ്റിറിയുടെ പേരു പറഞ്ഞിട്ട്, അവൻ അവരുടെ കൂടെയാണെന്നും ആൽബർട്ട് തീർച്ചയായും ആ മിനിസ്റ്റിറിയിൽ വന്നു ചേരണമെന്നും മറ്റും പറഞ്ഞു തുടങ്ങിയതോടെ ആൽബർട്ട് ഫോൺ കട്ട് ചെയ്തു. തിരികെ ജനാലയ്ക്കരികിലേക്ക് ചെന്നു അകലങ്ങളിലേക്ക് നോക്കി നിന്നപ്പോൾ ജയിംസിനോട് സഹതാപമോ കോപമോ ഒന്നും തന്നെ അയാൾക്ക് തോന്നിയതേയില്ല. അല്ലെങ്കിലും താൻ ചെയ്തതിലും വലിയ പാതകമൊന്നും ജയിംസ് ചെയ്തിട്ടില്ലന്ന് ആൽബർട്ടിന് തോന്നി. മാത്രമല്ല, മുണ്ടോട്ടിത്തറയിലോ നീലമുടിയിലും ഇപ്പോൾ ആരുമില്ലന്ന ചിന്ത അയാളെ കാർന്നു തുടങ്ങി. എന്റെ ദൈവമേ എത്ര പെട്ടന്നാണ് എല്ലാം അവസാനിച്ചത്. തന്റെ സ്വപ്നങ്ങളും താൻ ജീവിതത്തെക്കാൾ വലുതായി കണ്ട ശുശ്രൂഷയും എല്ലാം ഒരു മഴയുടെ കൂടെ ഒലിച്ചു പോയിരിക്കുന്നു. ഇപ്പോൾ നീലമുടിയിൽ കുമ്മാശന്റെ കാട്ടു നിയമങ്ങൾ വ്യാപിച്ചു കാണും. മാതേവനും ചെറുമനും മുനയണ്ണനും എല്ലാവരും ഇപ്പോൾ എന്താവും ചെയ്യുന്നത്. അവരും മൂപ്പന്റേയും കുമ്മാശന്റേയും പിന്നാലെ പോയി കാണും. കുമ്മാശന്റെ മകൻ മീരൻ ബൈബിൾ കോളജിലെ പഠനവും മതിയാക്കി തിരിച്ചു വന്നു കാണും. അന്ന് മമ്മയും പപ്പയും മാറി വിളിച്ചിട്ടും അയാൾ ആഹാരം കഴിക്കുവാൻ ചെന്നില്ല. രാത്രിയിൽ അനുമോൾ അമ്മേരിക്കയിൽ നിന്ന് വിളിച്ചിരുന്നു. പതിവു പോലെ വിസിറ്റിംഗ് വിസ അയച്ചു തരാമെന്നും കയറി പോരാനെന്നും അവൾ പറയുന്നു. ചിലപ്പോൾ അവളോട് പപ്പാ എല്ലാം പറഞ്ഞു കാണും. വ്യക്തമായ മറുപടികൾ ഒന്നും പറയാതെ അയാൾ ഫോൺ മമ്മയ്ക്കു കൊടുത്തിട്ട് മുറിയിലേക്ക് കയറി പോന്നു. എഴുത്തു മേശക്കരികിലായ് വേദപുസ്തകം തുറന്നു വെച്ച്, ഒരു വാക്കു പോലും പ്രാർത്ഥിക്കുവാനാവാതെ അയാൾ വിങ്ങി കൊണ്ടിരുന്നു.

കഴിഞ്ഞ ദിവസം പാസ്റ്റർ വന്നു. താഴെ നിന്ന് അമ്മ വിളിച്ചു പറയുമ്പോൾ, മനസ്സിനെ കാർന്നു കൊണ്ടിരിക്കുന്ന വേദന അദ്ദേഹത്തോടെങ്കിലും പറയണമെന്ന ചിന്തയോടെയാണ് അയാൾ സ്റ്റെയർ കെയ്സ് ഇറങ്ങി വന്നത്. മമ്മ കൊടുത്ത ചായ മൊത്തിക്കൊണ്ട് ആൽബർട്ടിനെ നോക്കി പാസ്റ്റർ പുഞ്ചിരിച്ചു.

ശീമോനെ പാസ്റ്റർ പറയുന്നത് നീ കേട്ടോ? മമ്മ ആഹ്ളാദത്തോടെ നോക്കുന്നു. പെട്ടന്ന് ഉള്ളിലെ വെളിച്ചമണയുന്നത് ആൽബർട്ട് അറിഞ്ഞു. തന്റെ ദു:ഖത്തിൽ പാസ്റ്റർ ഒരിക്കലും പങ്കുചേരില്ലന്ന തിരിച്ചറിവുമായി ആൽബർട്ട് അദ്ദേഹത്തിന് കൈ കൊടുത്തിട്ട് സെറ്റിയിലേക്ക് അമർന്നിരുന്നു.

ആൽബീ..ഞാൻ പറയുവായിരുന്നു..എറണാകുളത്തുള്ള നമ്മുടെ മോനച്ചൻ പാസ്റ്ററില്ലേ, പുള്ളി അവിടെ ഒരു സഭ കൂടി തുടങ്ങുന്നു. ഇപ്പോ വൈറ്റിലയിലുള്ള സഭയിൽ ദൂരം കാരണം വരാൻ പറ്റാത്തവർക്കാണ് വേണ്ടിയാ അദ്ദേഹം ഇതാരംഭിക്കുന്നത്. നല്ല സമർപ്പണവും ദൈവത്തിനു വേണ്ടി പോരാടുവാൻ മനസ്സുമുള്ള ദൈവദാസന്മാർ ആരെങ്കിലുമുണ്ടോന്ന് ചോദിച്ചു. ഞാനപ്പോഴേ ആൽബീടെ പേര് പറഞ്ഞൂട്ടോ....! ആൽബർട്ട് മമ്മയെ നോക്കി. ആ മുഖത്ത് വസന്തം വന്നു നിറയുന്നു.

ഇവിടെ നിന്ന് രണ്ടരമണിക്കൂർ ദൂരം കാണില്ലേ പാസ്റ്ററേ...? മമ്മ ചോദിക്കുന്നു.

രണ്ടര മണിക്കൂർ തികച്ചില്ല, ആന്റീ... അതുപോലെ അവിടെ ഏകദേശം ഇരുപതോളം ഫാമിലി ഇപ്പോൾ തന്നെ ഉണ്ടെന്നാ അദ്ദേഹം പറഞ്ഞത്. എല്ലാവരും പണച്ചാക്കുകളാന്നേ....ഒന്നേന്ന് തുടങ്ങുന്നതിന്റെ പോരാട്ടമൊന്നും അവിടെ ആൽബിക്കു വരില്ലാ കേട്ടോ....! അല്ലെങ്കിൽ പിന്നെ അന്നു ഞാൻ പറഞ്ഞ പോലെ ഗൾഫിലെ നമ്മുടെ സഭയുടെ തന്നെ ചർച്ചിൽ സഹശുശ്രൂഷകന്റെ ആവശ്യം ഇപ്പോഴും ഉണ്ട് അവിടെയാകുമ്പോൾ ആൽബിക്ക് ജോലിയും ചെയ്യാം. വെള്ളിയാഴ്ചയും പിന്നെ ചില പ്പോൾ ചില രാത്രി

04

## 07 കർമ്മ പഥങ്ങളിൽ വിശ്വസ്തതയോടെ....

യിൽ നിലനിൽക്കണം. അനാത്മികരും ക്രിമിനൽ പശ്ചാത്തലമുള്ളവരും നേതൃത്വത്തിൽ നുഴഞ്ഞുകയറുന്നത് ദുഃഖകരമാണ്.

*പല സഭാ നേതാക്കളും മീഡിയ ഫ്രണ്ട്‌ലി അല്ല; താങ്കളുടെ മാധ്യമ സമീപനം?*

തുറന്ന സമീപമാണ്. എല്ലാ മാധ്യമപ്രവർത്തകരും എന്റെ അടുത്ത സുഹൃത്തുക്കളാണ്. സഭയുടെ ദൈനംദിന പ്രവർത്തനങ്ങളിൽ മാധ്യമ നിലപാടുകൾക്ക് സ്വാധീനമുണ്ട്.

*വിമർശിക്കുമ്പോൾ അസഹിഷ്ണുത തോന്നാറുണ്ടോ?*

അസഹിഷ്ണുത ഭീരുത്വമാണ്. സൃഷ്ടിപരമായ മാധ്യമ വിമർശനം നേതൃത്വത്തെ തിരുത്താനാണ്. വിശുദ്ധി നിലനിർത്താൻ വിമർശനം ആവശ്യമാണ്. തെറ്റുകൾ ചൂണ്ടിക്കാട്ടിയാൽ തിരുത്തുന്നതിന് തുറന്ന സമീപനമാണ് എനിക്കുള്ളത്.

*അടുത്ത കൺവൻഷൻ ഹരിതസൗഹൃദമാക്കുന്നതിനെപ്പറ്റി ചിന്തിക്കുന്നുണ്ടോ?*

പരിസ്ഥിതി സൗഹൃദം ആവശ്യമാണ്. ഫ്ളക്സുകൾ , പ്ലാസ്റ്റിക്കുകൾ ഇവ പരിസ്ഥിതിക്കു ദോഷം ചെയ്യും. നാം പരിസരം വൃത്തിയായി സൂക്ഷിക്കണം. 'ഹരിത സൗഹൃദ' കൺവൻഷൻ എന്ന ചിന്ത പരിഗണിക്കും.

*'ഘർ വാപസി' യുടെ പശ്ചാത്തലത്തിൽ നടക്കുന്ന പീഢനങ്ങൾ, സഭ ഗൗരവമായി കാണുന്നില്ല എന്ന ആക്ഷേപം ഉണ്ടല്ലോ?*

'ഘർ വാപസി' സഭയ്ക്കൊരു ഭീഷണിയല്ല. യഥാർത്ഥ മനഃപരിവർത്തനത്തിലൂടെ ക്രിസ്തീയ വിശ്വാസം സ്വീകരിച്ചവർ ഒരിക്കലും ഒരു മതത്തിലേക്കും മടങ്ങിപോകില്ല. എന്നാൽ പീഢനങ്ങളെ ഗൗരവമായി കാണുന്നു. സഭയുടെ നിലപാട് ഭരണാധികാരികളെ ബോധ്യപ്പെടുത്താൻ ശ്രമിക്കും.

*ന്യൂനപക്ഷങ്ങൾ പ്രത്യേകിച്ച് പരിവർത്തിത ക്രൈസ്തവർ വിവിധ പ്രശ്നങ്ങളിലൂടെ കടന്നുപോകുകയാണല്ലോ? അവരെ കുറിച്ച് സഭയുടെ നിലപാട് വ്യക്തമാക്കാമോ?*

ന്യൂനപക്ഷങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തേണ്ടത് സർക്കാരിന്റെ കടമയാണ്. ദളിത് ക്രൈസ്തവർക്ക് സംവരണം നൽകേണ്ടത് അടിയന്തിര ആവശ്യമാണ്. ആ വിഷയം ഇപ്പോൾ സുപ്രീം കോടതിയുടെ പരിഗണനയിലാണല്ലോ. അനുകൂലമായ വിധി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ സഭയ്ക്ക് പ്രത്യേക കരുതലും ഉത്തരവാദിത്വങ്ങളും ഉണ്ടായിരിക്കും.

*സഭ ഭൗതീകതയുടെ പിടിയിൽ അമർന്നിരിക്കുകയാണെന്നു പറഞ്ഞാൽ?*

നൂറ് ശതമാനം ശരിയാണ്. ഭൗതിക നേട്ടങ്ങൾക്കു വേണ്ടി എന്തും ചെയ്യാൻ മടിയില്ലാത്തവരായി നമ്മുടെ സമൂഹം മാറിക്കൊണ്ടിരിക്കുന്നു. ആത്മീകതയെ കച്ചവടച്ചരക്കാക്കി ലാഭം കൊയ്യാൻ ശ്രമിക്കുന്നവർ സഭാഗാത്രത്തെ മലീമസമാക്കിക്കൊണ്ടിരിക്കുന്നു. ഉപഭോഗ സംസ്ക്കാരം സഭയേയും ബാധിച്ചിരിക്കുന്നതിൽ ദു:ഖമുണ്ട്.

*സഭയുടെ മുഖ്യധാരയിൽ നിന്ന് അകന്നു പോകുന്ന കുട്ടികൾക്കും യുവജനങ്ങൾക്കും വേണ്ടി എന്തെങ്കിലും കർമ്മ പദ്ധതികൾ?*

നമ്മുടെ യുവജനങ്ങൾ പാരമ്പര്യ സഭകളിൽ നിന്ന് അകന്നു പോകുന്ന സ്ഥിതിയുണ്ട്. അവരെ മുഖ്യധാരയിലേക്ക് കൂടുതൽ അടുപ്പിച്ച് സഭയ്ക്കും സമൂഹത്തിനും കൂടുതൽ പ്രയോജനമുള്ളവരാക്കി മാറ്റേണ്ടതുണ്ട്. അതിനുവേണ്ടി വിവിധ കർമ്മ പദ്ധതികൾ ആവിഷ്കരിക്കണം. സ്റ്റുഡൻസ് കോൺഫറൻസ്, പ്രൊഫണൽ വിദ്യാർഥികൾക്കായുള്ള ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കണം.

*മാറിയ സാമൂഹിക-സാംസ്ക്കാരിക സാഹചര്യത്തിൽ പുതിയ മിഷൻ സ്ട്രാറ്റജി രൂപപ്പെടുത്തേണ്ടതല്ലേ?*

തീർച്ചയായും. ഭാരതത്തെപ്പോലെയുള്ള മതബഹുല സമൂഹത്തിൽ അതിനനുസൃതമായ സുവിശേഷീകരണ പദ്ധതികൾ തയാറാക്കേണ്ടതുണ്ട്. ദൗത്യ നിർവഹണത്തിൽ സഭ ഇനിയും ബഹുദൂരം മുന്നേറേണ്ടിയിരിക്കുന്നു. ശാസ്ത്ര സാങ്കേതികതയുടെ വളർച്ച ഉൾക്കൊണ്ട്, കലോചിതമായി ദൗത്യ പരിപാടികൾ ആവിഷ്കരിക്കേണ്ടതാണ്.

*ശുശ്രൂഷകന്മാർക്കുവേണ്ടി വ്യക്തമായ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുവാൻ സഭയ്ക്ക് ഇനിയും കഴിഞ്ഞിട്ടില്ല. അതിനെകുറിച്ച് താങ്കളുടെ അഭിപ്രായം?*

ഒരു മനുഷ്യായുസ്സ് മുഴുവനും ദൈവരാജ്യ വ്യാപ്തിക്കായി അത്യധ്വാനം ചെയ്ത് ക്ഷീണാവസ്ഥയിലായിരിക്കുന്ന ശുശ്രൂഷകന്മാരെ കരുതേണ്ടത് സഭയുടെ ഉത്തരവാദിത്വമാണ്. കർത്തൃസന്നിധിയിൽ പ്രവേശിച്ച ശുശ്രൂഷകന്മാരുടെ വിധവമാരുടെ പുനരധിവാസം, മക്കളുടെ വിദ്യാഭ്യാസം എല്ലാം ഗൗരവമായി പരിഗണിക്കപ്പെടേണ്ട വിഷയങ്ങളാണ്.

*സഭയുടെ ഭരണഘടനയിൽ നിർദ്ദേശിക്കുന്ന തരത്തിൽ വാർഷിക ബഡ്ജറ്റും കണക്കും അവതരിപ്പിക്കുന്നതിനെക്കുറിച്ച്?*

സാമ്പത്തീക സുതാര്യത ഏതൊരു പ്രസ്ഥാനത്തിന്റേയും വിശ്വാസ്യതയ്ക്ക് ആവശ്യമാണ്. ഐ.പി.സി. ജനറൽ കൗൺസിലിന്റെ എല്ലാ സാമ്പത്തിക ഇടപാടുകളും സുതാര്യമായാണ് നടക്കുന്നത്. ജനറൽ കൗൺസിലിന്റെ അനുമതിയോടെ വാർഷിക ബഡ്ജറ്റും കണക്കും അവതരിപ്പിക്കാൻ ശ്രമിക്കും.

*ആദർശത്തിന്റെ അപ്പോസ്തോലന്മാരായി അറിയപ്പെടുന്ന പലരും പ്രായോഗിക ഭരണ രംഗത്ത് എത്തുമ്പോൾ വിവാദങ്ങളിൽ പെടാറുണ്ടല്ലോ?*

അത് ശരിയാണ്. പറയുന്നത് പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ലെങ്കിൽ നേതൃത്വത്തിൽ തുടരുന്നതിനോട് എനിക്ക് യോജിപ്പില്ല. എന്നാൽ പ്രായോഗിക രംഗത്ത് ചിലപ്പോൾ വിട്ടുവീഴ്ചകൾ ആവശ്യമാണ്. സുതാര്യമായ ഭരണം, ദൈവത്തോടും, ജനങ്ങളോടുമുള്ള പ്രതിബദ്ധത എന്നിവയായിരിക്കണം സഭാ നേതൃത്വത്തിന്റെ മുഖ്യ ലക്ഷ്യം.

## 03 നോവൽ....

മീറ്റിംഗുകളും ഭവനസന്ദർശനവും മാത്രമേ കാണു.

പെട്ടന്നു തന്നെ ആൽബർട്ട് എഴുന്നേറ്റു. മറുപടി ഒന്നും തന്നെ പറയാതെ അയാൾ സ്റ്റെയർകെയ്സ് കയറി. പാസ്റ്ററിന്റെ മുഖത്ത് എന്ത് ഭാവമാറ്റം വന്നുവെന്ന് അയാൾ ചിന്തിച്ചതേയില്ല. അതുപോലെ മമ്മ പിന്നിൽ നിന്നു വിളിച്ചിട്ടും അയാൾ തിരിഞ്ഞു നോക്കിയതേയില്ല. പഴയതു പോലെ മുറിക്കുള്ളിലെ ജാലകത്തിനരികിൽ വന്നു നിന്നപ്പോൾ പപ്പായുടെ കാർ ഗേറ്റ് കടന്നു വരുന്നത് അയാൾ കണ്ടു. പാസ്റ്റർ വന്നുവെന്ന് മമ്മ വിളിച്ചിട്ടുണ്ടാവും.

രാത്രിയിൽ പപ്പാ മുറിയിലേക്ക് വന്നു. കുറേനേരം മൗനമായി ഇരുന്നതിനു ശേഷം ഗൾഫിലെ സഹശുശ്രൂഷകന്റെ കാര്യം നമ്മുക്ക് ആലോചിക്കാവുന്നതാണ് എന്ന് പറഞ്ഞു തുടങ്ങി. ഈ സാഹചര്യത്തിൽ ഒരു മാറ്റം തനിക്ക് അത്യാവശ്യമാണത്രെ. പഴയതു പോലെ ആൽബർട്ട് ജാലകത്തിനരികിൽ പോയി നിന്നു. രാത്രിയെ അതിജീവിക്കുന്ന തരത്തിൽ നിയോൺ വിളക്കുകൾ പ്രകാശിക്കുന്നു. കെട്ടിടങ്ങളിൽ പ്രകാശത്തിൽ കുളിച്ചു നിൽക്കുന്നു. റോഡിലൂടെ പോകുന്ന വാഹനങ്ങൾ. മുറിക്കുള്ളിലേക്ക് കാറ്റ് അടിച്ചു കയറുന്നു. ആൽബീ....തീരുമാനം നിന്റേതാണ്. പക്ഷേ ഇപ്പോഴെങ്കിലും നീ ശരിയായ തീരുമാനം എടുക്കണം. ഞങ്ങൾക്ക് നീ മാത്രമേ ഉള്ളു. നീ ആ നരകക്കുഴിയിൽ പോയി കിടന്ന ദിവസങ്ങളിൽ ഒരു രാത്രി പോലും ഞാനും നിന്റെ മമ്മയും ഇവിടെ സന്തോഷത്തോടെ ഉറങ്ങിയിട്ടില്ല എന്ന് നിനക്കറിയാമോ..? പെട്ടന്ന് അന്തരീക്ഷത്തെ പ്രകാശമാനമാക്കി മിന്നൽപിണർ പാഞ്ഞു. ഇടി വെട്ടുന്നു. മഴ! വീടും തന്റെ മുറിയും പപ്പായുടെ ശബ്ദവും എല്ലാം മാഞ്ഞു പോകുന്നു. നീലമുടിയുടെ ആകാശം പിളർന്ന് മഴ വീഴുന്നത് ആൽബർട്ട് കണ്ടു. കുടിലുകൾ നനഞ്ഞൊലിക്കുന്നു. കാറ്റ് മേൽക്കൂരകളെ പറത്തി കൊണ്ട് പോകുന്നു. ആൽബർട്ട് പൊടുന്നനെ സ്റ്റെയർകെയ്സ് ഇറങ്ങി മുറ്റത്തേക്ക് ഓടിയിറങ്ങി. ഇരുകൈകളും ഉയർത്ത് ആഞ്ഞു പെയ്യുന്ന മഴയെ തന്റെ നെഞ്ചോട് ചേർന്ന് ഉയരങ്ങളിലേക്ക് നോക്കി. ആൽബർട്ടിന്റെ കണ്ണിൽ നിന്ന് ഒഴുകിത്തുടങ്ങിയ മിഴിനീരുകൾ ദൈവം കണ്ടിരിക്കുമോ?

(തുടരും)

## 43-മത് ആലപ്പുഴ കൺവൻഷൻ സമാപിച്ചു




**ആലപ്പുഴ:** ഐ.പി.സി. ആലപ്പുഴ വെസ്റ്റ് സെന്ററിന്റെ 43-മത് ആലപ്പുഴ കൺവൻഷനും സംഗീതസായാഹ്നവും 2015 ജനുവരി 7 മുതൽ 11 വരെ നടത്തപ്പെട്ടു. പാസ്റ്റർ എബ്രഹാം ജോർജ്ജ് ഉദ്ഘാടനം നിർവഹിച്ചു. പാസ്റ്റർമാരായ ഫിലിപ്പ് പി.തോമസ്, ഷാജു സി. ജോസഫ്, ബിനു ജോജ്ജ്, വി. ഒ. വർഗീസ്, ഷിബു നെടുവേലിൽ,വി. വൈ. തോമസ് എന്നിവർ ദൈവവചനം ശുശ്രൂഷിച്ചു. സ്പിരിച്ച്വൽ വോയ്സ്അടൂർ ഗാനങ്ങൾ ആലപിച്ചു. 11-ാം തീയതി നടന്ന സംയുക്ത ആരാധനയ്ക്കും തിരുവത്താഴ ശുശ്രൂഷയ്ക്കും പാസ്റ്റർ എബ്രഹാം ജോയ് നേതൃത്വം നൽകി.സൺഡേസ്കൂൾ, പി.വൈ.പി.എ., സോദരി സമാജം വാർഷികവും സമ്മാനദാനവും വെള്ളി, ശനി ദിവസങ്ങളിൽ നടത്തപ്പെട്ടു. പാസ്റ്റർ ഷിജു സാമുവേൽ, ബ്രദർ വെസ്‌ലിപി. എബ്രഹാം എന്നിവർ പബ്ലിസിറ്റി കൺവീനർമാരായി പ്രവർത്തിച്ചു.

## skâÀ I¬h³j ³

**മാവേലിക്കര:** ഐ.പി.സി. ആലപ്പുഴ ഈസ്റ്റ് സെന്റർ കൺവൻഷൻ ഫെബ്രുവരി 25 മുതൽ മാർച്ച് 1 വരെ ഏവൂർ ഐ.പി.സി. ശാലോം സഭയ്ക്ക് സമീപം നടക്കും. സെന്റർ ശുശ്രൂഷകൻ പാസ്റ്റർ എം.വി. വർഗീസ് ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ പാസ്റ്റർമാരായ കെ.ജെ. തോമസ് കുമളി, പി.സി.ചെറിയാൻ റാന്നി, ബാബു ചെറിയാൻ പിറവം, ബി. മോനച്ചൻ കായംകുളം, സുധീർ കുറുപ്പ് എന്നിവർ പ്രസംഗിക്കും. ശാലോം വോയ്സ് പത്തനാപുരം ഗാനശുശ്രൂഷ നിർവ്വഹിക്കും. പുത്രികാ സംഘടനകളുടെ വാർഷികം, സംയുക്ത ഉപവാസ പ്രാർത്ഥന, ശുശ്രൂഷ സമ്മേളനം എന്നിവയും നടക്കുന്നതാണ്. ഞായർ രാവിലെ 9 മണിക്ക് നടക്കുന്ന സംയുക്ത സഭായോഗത്തിനും കർത്തൃമേശയ്ക്കും പാസ്റ്റർ എം.വി. വർഗീസ് നേതൃത്വം നൽക്കും. പബ്ലിസിറ്റി കൺവീനേഴ്സായി ബ്രദർ എം.വി.ഫിലിപ്പും, പാസ്റ്റർ സുരേഷ് മാത്യുവും പ്രവർത്തിക്കുന്നു.

## ശുശ്രൂഷക സമ്മേളനങ്ങൾ

**കീഴില്ലം:** പെനിയേൽ ബൈബിൾ സെമിനാരിയുടെ ആഭിമുഖ്യത്തിൽ ശുശ്രൂഷക സമ്മേളനങ്ങൾ നടത്തപ്പെടുന്നു. ദുരുപദേശങ്ങളും പ്രതികൂലങ്ങളും വർദ്ധിച്ചു വരുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. അതുകൊണ്ട് സത്യ വിശ്വാസത്തിനുവേണ്ടി ശുശ്രൂഷകന്മാർ ഒരുക്കപ്പെടേണ്ടത് അത്യാവശ്യമാണ്. കഴിഞ്ഞ 35 ൽ പരം വർഷങ്ങളായി 2000 ലധികം ശുശ്രൂഷകന്മാരെ പരിശീലിപ്പിച്ച പെനിയേൽ ബൈബിൾ സെമിനാരി ദുരുപദേശങ്ങൾക്കും പ്രതികൂലങ്ങൾക്കും എതിരെ ശക്തമായി നിലകൊള്ളേണ്ടതിന് ശുശ്രൂഷകരെ ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് സമ്മേളനങ്ങൾ സംഘടിപ്പിച്ചിരിക്കുന്നത്. മലബാർ മേഖലാ സമ്മേളനം ഫെബ്രുവരി 23 തിങ്കൾ രാവിലെ 10-1 വരെ കോഴിക്കോട് മാങ്കാവ് കർമ്മേൽ ഏ.ജി. ഹാളിൽ വച്ച് നടത്തപ്പെടും. ചങ്ങനാശ്ശേരിയിൽ ഫെബ്രുവരി 25 ബുധൻ രാവിലെ 9.30 മുതൽ 2 വരെ അസംബ്ലീസ് ഓഫ് ഗോഡ് ചർച്ചിൽ (പി. പി. ജോസ് റോഡിന് സമീപം)നടത്തപ്പെടുന്നു. തൊടുപുഴയിൽ അസംബ്ലീസ് ഓഫ് ഗോഡ് ചർച്ച് (വാട്ടർ അതോറിട്ടി ഓഫീസിന് സമീപം) ഫെബ്രുവരി 28 ശനി രാവിലെ 9.30 മുതൽ 2 വരെ നടത്തപ്പെടുന്നു. പ്രസ്തുത സമ്മേളനങ്ങൾക്ക് ഈ കാലഘട്ടത്തിൽ കർത്താവിനാൽ ഉപയോഗിക്കപ്പെടുന്ന ഡോ. സി. പി. വർഗീസ് (പെനിയേൽ ബൈബിൾ സെമിനാരി സ്ഥാപക പ്രസിഡണ്ട്) ഉം ടീമും നേതൃത്വം കൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്കും രഡിസ്ട്രേഷനുമായി ബന്ധപ്പെടുക.

പെനിയേൽ ബൈബിൾ സെമിനാരി - 9526844956, 9947138599

email: pbskeezhillam@yahoo.com

## അറിയിപ്പ്

ബിലീവേഴ്സ് ജേണൽ വരിസംഖ്യ അടയ്ക്കാത്തവർക്ക് ഇനി ഒരു അറിയിപ്പില്ലാതെ പത്രം അയയ്ക്കുന്നത് നിർത്തലാക്കുന്നതാണ്. ഒന്നിലധികം വർഷത്തെ കുടിശ്ശിക ഉള്ളവർ മാർച്ച് 31 നകം വരിസംഖ്യ അടയ്ക്കുകയാണെങ്കിൽ ഒരു വർഷത്തെ വരിസംഖ്യ മാത്രം അടച്ചാൽ മതിയാകും. പ്രിന്റിംഗിനും മറ്റും ഭാരിച്ച ചിലവ് വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ സൗജന്യമായി പത്രം അയയ്ക്കുന്നതിന് നിർവ്വാഹമില്ല. ഇത് ഒരു ശുശ്രൂഷയായി കരുതി വായനക്കാർ സഹകരിക്കുവാൻ അപേക്ഷിക്കുന്നു. കുമ്പനാട് കൺവൻഷനിൽ വരിസംഖ്യ അടച്ചവർക്ക് പത്രം ഓഫീസിൽ നിന്നും അയച്ചിട്ടുണ്ട്. പത്രം സംബന്ധമായ കാര്യങ്ങൾക്ക് വിളിക്കുന്നവർ രാവിലെ 10 നും വൈകിട്ട് 4നും ഇടയിൽ മാത്രം വിളിക്കുക.

**ഫോൺ: 9645661847**

**ഈ-മെയിൽ: beljourn@gmail.com**

## 01 മതസ്വാതന്ത്ര്യത്തെപ്പറ്റി....

ലെ ഒരു ഇന്ത്യൻ സംഘം ഇന്ത്യയിൽ ന്യൂനപക്ഷങ്ങൾക്ക് എതിരെ നടക്കുന്ന ആക്രമണങ്ങളെ ഒബാമയെ അറിയിക്കാൻ ഒരു ഒപ്പ് ശേഖരണം നടത്തിയിരുന്നു. ഇതാണ് ഒബാമയെ ഇന്ത്യയിൽ വന്നപ്പോൾ അസഹിഷ്ണതയ്ക്കെതിരെ പറയാൻ പ്രേരിപ്പിച്ചത്. ഈ പ്രസ്താവനകൾ മോദിയെയും തന്റെ നിലപാട് മാറ്റാൻ സഹായിച്ചു". ഒരു ക്രൈസ്തവ നേതാവ് ദ ഹിന്ദു പത്രത്തോട് പറഞ്ഞു.

ഇന്ത്യയിലെ പ്രമുഖപത്രങ്ങൾ മുഖപ്രസംഗം എഴുതി മോദിയുടെ നിലപാടിനെ പുകഴ്ത്തിയപ്പോൾ, പ്രതിപക്ഷവും ഇതിനെ സ്വാഗതം ചെയ്തു. ഓർഡിനൻസിലൂടെ നിയമനിർമ്മാണവും ബിൽ പാസാക്കലും നടത്തുന്നത് ഒഴിവാക്കി രാജ്യസഭയിൽ പ്രതിപക്ഷത്തിന്റെ സഹകരണത്തോടെ നിയമനിർമ്മാണം നടത്താൻ മോദിയുടെ ഈ ചുവട് മാറ്റം സഹായിക്കുമോ എന്ന് രാഷ്ട്രീയ നിരീക്ഷകർ ചോദിക്കുന്നു.

അനുസ്മരണം

# അനന്തപുരിയുടെ ആദവ് ഏറ്റു വാങ്ങി ജെ. സി. യാത്രയായി



ജെയ്സ് പാണ്ടനാട്

തലസ്ഥാനനഗരിയുടെ ആത്മീക-സാംസ്കാരിക രംഗങ്ങളിൽ നിറഞ്ഞുനിന്ന ജെ. സി. പാറക്കടവിലിന് അനന്തപുരി കണ്ണുനീരിൽ കുതിർന്ന യാത്രാമൊഴി നൽകി. തിരുവനന്തപുരത്തുകാർക്ക് ജെ.സിയുടെ അപ്രതീക്ഷിത വിയോഗം താങ്ങാവുന്നതിലും അപ്പുറമായിരുന്നു. കവലപ്രസംഗം മുതൽ മെഗാ ക്രൂസേഡ് വേദികൾ വരെ കൈയടക്കിയ ജെ. സി.യുടെ മരണം പെന്തെക്കോസ്ത് ആത്മീയതയ്ക്ക് കനത്ത നഷ്ടമാണ് സൃഷ്ടിച്ചത്.

കോട്ടയം ജില്ലയിലെ മണിമലയ്ക്കടുത്ത് പൊന്തൻപുഴ എന്ന ചെറിയ ഗ്രാമത്തിൽ പി. എം. ജോൺ-മറിയാമ്മ ജോൺ ദമ്പതികളുടെ ആറുമക്കളിൽ സീമന്ത പുത്രനായി ജനിച്ച ജെ. സി. പാറക്കടവിൽ ചെറുപ്പത്തിലേ മിടുക്കനായിരുന്നു. 'മൾട്ടിപ്പിൾ ഇന്റലിജന്റ്സ്' ഉണ്ടായിരുന്ന ആ കൊച്ചുപയ്യൻ ഉയരങ്ങളിൽ എത്തുമെന്ന് നാട്ടുകാർ അറിഞ്ഞിരുന്നു. സെക്കുലർ വിദ്യാഭ്യാസവും വേദവിദ്യാഭ്യാസവും കരഗതമാക്കിയ ജെ. സി. പഠനത്തിൽ മികവ് പുലർത്തിയിരുന്നു. ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദവും മലയാളം സാഹിത്യത്തിൽ ബിരുദാനന്തര ബിരുദവും കരസ്ഥമാക്കിയ ഇദ്ദേഹം സെനറ്റ് ഓഫ് സെറാമ്പൂറിന്റെ കീഴിലുള്ള മണക്കാലായിൽ തീയോളജിയും പഠിച്ചു. പഠനകാലത്തു തന്നെ ഉജ്ജ്വലനായ വാഗ്മിയായി മാറി.

കേരളക്കരയിൽ ജനഹൃദയങ്ങളെ സ്വാധീനിച്ച പ്രഭാഷണനഭസ്സിലെ ഉജ്ജ്വലതാരകമായിരുന്നു ജെ. സി. ഘനഗംഭീരമായ ശബ്ദം, ജനഹൃദയങ്ങളിൽ തുളച്ചുചെല്ലുന്ന വാഗ്ധോരണി, പുതുതലമുറ മറന്നുപോയ പഴയ പ്രത്യാശാഗാനങ്ങൾ പാടി ജനത്തെ ആനന്ദിപ്പിക്കുന്ന മികച്ച ഗായകൻ, വ്യാഖ്യാനശാസ്ത്രത്തിന്റെ ആഴവും പരപ്പും തിരിച്ചറിഞ്ഞ വേദാദ്ധ്യാപകൻ, സമൂഹത്തിന്റെ ഓരങ്ങളിലേക്ക് വലിച്ചെറിയപ്പെട്ട അനാഥകുഞ്ഞുങ്ങൾക്ക് അത്താണിയായി മാറിയ ജീവകാരുണ്യ പ്രവർത്തകൻ, മനുഷ്യാവകാശം നിഷേധിക്കപ്പെട്ട പ്രാന്തസമൂഹങ്ങൾക്കുവേണ്ടി പോരാടിയ മനുഷ്യാവകാശ പ്രവർത്തകൻ ഇങ്ങനെ അനുഗുണവ്യക്തിത്വമുള്ള ബഹുമുഖ പ്രതിഭയാണ് ജെ. സി.

പൊന്തൻപുഴയുടെ പ്രാരാബ്ധങ്ങളിൽ നിന്നും വിശുദ്ധനിയോഗത്തിന്റെ ഉന്നതികളിലേക്ക് കോണിപ്പടികൾ ചവിട്ടികയറുമ്പോഴും ജെ. സി. വന്ന വഴികൾ മറന്നില്ലായിരുന്നു. വംശീയവിദ്വേഷത്തിന്റെ പ്രത്യശാസ്ത്രം രൂപപ്പെടുത്തിയ ഹിറ്റ്ലറിന്റെ ജർമ്മനിയിലും വെള്ളക്കാരന്റെ നാട്ടിലും എത്തിയിട്ടും പിന്നിട്ട പാതകൾ ഒരിക്കലും ഈ ശുശ്രൂഷകൻ മറന്നിരുന്നില്ല. മലയാള ഭാഷയും ആംഗലേയവും അസാധാരണമായി വഴങ്ങുന്ന ജെ. സിയുടെ പരിഭാഷകൾ ഗംഭീരമായിരുന്നു. പ്രശസ്ത ആംഗലേയ കവി ജിമിറിക്സിന്റെ 'Across the Bridge, there is no more sorrows' എന്ന ഇംഗ്ലീഷ് പാട്ട് ജെ. സി.യുടെ ഇഷ്ടഗാനമായിരുന്നു. ഗിറ്റാർ വായനയിൽ ഹോബി കണ്ടെത്തിയിരുന്ന ജെ. സി. പുസ്തകങ്ങളെ സ്നേഹിച്ച സാഹിത്യകാരൻ കൂടിയായിരുന്നു.

ജീവകാരുണ്യം എന്ന പത്രത്തിലൂടെ ശക്തമായ സാഹിത്യ ഇടപെടലാണ് ജെ. സി. നടത്തിയത്. ക്രിസ്തീയ മൂല്യങ്ങളെ നിരാകരിക്കുന്ന അധികാര ദുർമേദസ്സുകൾക്കെതിരെ ജെ. സിയുടെ തൂലിക തീ തുപ്പി. ഒരിക്കലും മഷി വറ്റാത്ത ആ തൂലിക ദുരുപദേഷ്ടാക്കന്മാർക്കെതിരെ യുദ്ധം തന്നെ പ്രഖ്യാപിച്ചു. അക്ഷരത്തിന്റെ അങ്കത്തട്ടിൽ ചുവട് പിഴയ്ക്കാത്ത ഈ എഴുത്തുകാരൻ അനാത്മീക പ്രവണതകളോട് ഒത്തുതീർപ്പുണ്ടാക്കിയില്ല. പെന്തെക്കോസ്ത് ആദർശങ്ങളെ ചവിട്ടി മെതിക്കുന്ന ബിലെയാമിന്റെ ഉപദേശക്കാരോട് ജെ. സി.യുടെ തൂലിക കാരുണ്യം കാണിച്ചില്ല. ജീവകാരുണ്യ പത്രത്തിന് പാവപ്പെട്ടവരോടും അനാഥരോടും മർദ്ദിതരോടും മാത്രമായിരുന്നു കാരുണ്യം. കച്ചവട ആത്മീയത ജീവിതശൈലിയാക്കിയ അഭിനവ ഗേഹസിമാരോട് കരുണയുടെ കണികപോലും കാണിച്ചില്ല.



ജെ. സി. പാറക്കടവിന്റെ ഭൗതികശരീരത്തിന് സമീപം ശ്രീ ഉമ്മൻ ചാണ്ടി, തമ്പാനൂർ രവി എന്നിവർ

പേരെടുത്ത് ചിലരെ ജെ. സി. വിമർശിച്ചിട്ടുണ്ട്. പക്ഷെ ആരെയും വ്യക്തിഹത്യ ചെയ്തിട്ടില്ല. നേതൃത്വത്തിലും സഭയ്ക്കകത്തും വിശുദ്ധിയുടെ തിളക്കം നിലനിർത്താനായിരുന്നു വിമർശനങ്ങളെല്ലാം. എല്ലാവരോടും ജെ. സിക്ക് സൗഹൃദസമീപനമാണ് ഉണ്ടായിരുന്നത്. ജെ. സിയുടെ തൂലികയുടെ മർദ്ദനം ഏറ്റവർപോലും തന്നോടു സൗഹൃദം പുലർത്തി. വിമർശകരും വിമർശിക്കപ്പെടണം എന്ന് ജെ. സി. ആഗ്രഹിച്ചിരുന്നു. ഉപദേശവിഷയങ്ങളിൽ കാർക്കശ്യം പുലർത്തിയ കൺസർവേറ്റീവ് ആയിരുന്ന ജെ. സി. ലിബറൽ ചിന്താഗതിയോ ആധുനികതയോ അമിതകൃത്രിപ്പുകളോ മലിനപ്പെടുത്താത്ത ചിന്തകളായിരുന്നു ജെ. സി.യുടേത്. ജെ. സിയുടെ ഗ്രന്ഥങ്ങൾ മികച്ചവയാണ്. "ഇടമറുക് ജീവിച്ചിരുന്നില്ല" എന്ന ഗ്രന്ഥം ഒരു ഖണ്ഡന കൃതിയാണ്. ഒരു അപ്പോളജറ്റിക്സിന്റെ ജാഗ്രതയോടെയാണ് ആക്രമണങ്ങളെ ജെ. സി. നേരിടുന്നത്.

ജെ. സിയുടെ മരണം അപ്രതീക്ഷിതമായിരുന്നു. ഏതു മരണവും അപ്രതീക്ഷിതമാണ്. എന്തുകൊണ്ട് ഇപ്പോൾ?. ഈ ചോദ്യം പ്രസക്തമല്ല. 'അവൻ പറിച്ചെടുക്കുന്നു. ആർ അവനെ തടുക്കും? നീ എന്തുചെയ്യുന്നുവെന്ന് ആർ ചോദിക്കും' (ഇയ്യോബ് 9:12). 'നീ അവനോട് എന്തിനു വാദിക്കുന്നു തന്റെ കാര്യങ്ങളിൽ ഒന്നിനും അവൻ കാരണം പറയുന്നില്ലല്ലോ' (ഇയ്യോബ് 33:13). 'ദൈവം തനിക്ക് ഇഷ്ടമുള്ളതൊക്കെയും ചെയ്യുന്നു' (സങ്കീ. 115:3).

യുദ്ധക്കളത്തിൽ മുന്നോട്ടു മരിച്ചുവീഴുന്ന പോരാളിയെപ്പോലെ പ്രസംഗവേദിയിൽ വച്ച് നിത്യത പൂകിയ ജെ. സി. യുടെ ജീവിതം എന്തുകൊണ്ടും വിലപ്പെട്ടതാണ്. പ്രമുഖ അമേരിക്കൻ എഴുത്തുകാരനായ ജാക്ക്ലണ്ടൻ പറയുന്നത് ഇപ്രകാരമാണ് 'ഒരു മനുഷ്യൻ എത്രനാൾ നിലനിന്നു എന്നതല്ല, എങ്ങനെ ജീവിച്ചു എന്നതിലാണ് കാര്യം'. ആറു വയസ്സുമാത്രം ഉണ്ടായിരുന്ന ക്ലിന്റ് എന്ന മലയാളി ബാലൻ വരച്ചത് കാൽലക്ഷത്തോളം ചിത്രങ്ങളാണ്. ഇരുപതാമത്തെ വയസ്സിൽ മാസി ഡോണിയയുടെ ചക്രവർത്തിയായ അലക്സാണ്ടർ മരിച്ചത് 33-ാമത്തെ വയസ്സിലാണ്. മികച്ച പ്രണയകവി 26-ാമത്തെ വയസ്സിലും പി.ബി. ഷെല്ലി 30-ാമത്തെ വയസ്സിലും ഭഗത് സിംഗ് 23-ാമത്തെ വയസ്സിലും മരിച്ചു. ചെഗുവേര, ചങ്ങമ്പുഴ, വിവേകാനന്ദൻ, ബ്രൂസ്‌ലി, മാർട്ടിൻ ലൂഥർ കിംഗ്, ക്ലിയോ പാട്രാ എന്നിവർ മരിക്കുമ്പോൾ 40 വയസ്സിനു താഴെ മാത്രമേ പ്രായം ഉണ്ടായിരുന്നുള്ളൂ. കേരളക്കരയെ പ്രകമ്പനം കൊള്ളിച്ച പ്രഭാഷകനായിരുന്ന വി. എ. തോമസ് യൗവ്വനത്തിലാണ് മഹത്വത്തിൽ ചേർന്നത്. ചർച്ച് ഓഫ് ഗോഡ് മുൻ ഓവർസിയർ ആയിരുന്ന പി. സി. ചാക്കോ സാർ 44-ാമത്തെ വയസ്സിലാണ് രോഗശാന്തി മുറുകെപ്പിടിച്ച് ക്രിസ്തുവിനോട് ചേർന്നത്.

ചെറിയ കാലഘട്ടം വലിയ ജീവിതം. വിശുദ്ധനിയോഗങ്ങൾ പൂർത്തീകരിക്കുക എന്നതാണ് ജീവിത സാഫല്യം. മരണം എവിടെവെച്ചെങ്കിലും ആകട്ടെ, എപ്പോഴെങ്കിലും ആകട്ടെ. വിശുദ്ധന്മാരുടെ മരണം വിലയേറിയതാണ്. അത് ലാഭവും അത്യുത്തമവുമാണ്. ഒരു എഴുത്തുകാരന്റെ മരണത്തോട് പോരാട്ടങ്ങൾ അവസാനിക്കുന്നില്ല.

സമരങ്ങൾ ഒന്നും വിജയിക്കാറില്ല. അതുകൊണ്ട് പോരാളികൾ തോറ്റുവെന്നല്ല അർത്ഥം. സമരങ്ങൾ വിജയിച്ചില്ലെങ്കിലും പോരാട്ടം തുടർന്നു കൊണ്ടിരിക്കും. എഴുത്തുകാർക്ക് മരണമില്ല; സുവിശേഷകനും. "മരിച്ചശേഷവും വിശ്വാസത്താൽ അവൻ സംസാരിച്ചുകൊണ്ടിരുന്നു". ജെ. സി. പാറക്കടവിലിന്റെ സമഗ്രസംഭാവനകൾ വിലയിരുത്തപ്പെടും. പ്രമേയങ്ങൾ ചർച്ച ചെയ്യപ്പെടും. അദ്ദേഹം ബാക്കി വെച്ച ഭാവനാപൂർണ്ണമായ പദ്ധതികൾ പിന്മുറക്കാർ പൂർത്തീകരിക്കും. അതിനായി പുത്തൻ തലമുറ ഒരുങ്ങിക്കഴിഞ്ഞു.

ഏതെങ്കിലും എഴുത്തുകാരനെ ഗ്യാസ് ചേമ്പറിൽ ഒടുക്കുക എന്നായിരുന്നു ഫാസിസ്റ്റ് ജർമ്മനിയുടെ കല്പനകൾ. വ്യത്യസ്ത സ്വരങ്ങളെ ഇല്ലാതാക്കുക എന്നത് അമിതാധികാര ആധിപത്യങ്ങളുടെ വിദ്വേഷകലുഷിതമായ രീതിയാണ്. എന്നാൽ ഉയർത്തെഴുന്നേല്പിന്റെ ചരിത്രം പ്രത്യാശ നൽകുന്നതാണ്. വ്യവസ്ഥിതിയുടെ കരാളകല്പനകൾക്കെതിരെ എഴുത്തു സാഹിത്യം മൂർച്ചയോടെ നിലനിൽക്കും. ഒരുപിടി നവോത്ഥാനം നെഞ്ചിൽ തിളച്ചുമറിയുന്ന പോരാളികൾക്ക് മരണം ആവേശമാണ് നൽകുന്നത്. ഉഷസ്സിന്റെ ഉദരത്തിൽ നിന്നും യുവാക്കളായ മഞ്ഞ് പുറത്തുവരുന്ന പുനരുത്ഥാന പൊൻപുലരിയിൽ പളുങ്കു കടൽ തീരത്ത് വീണകൾ പിടിച്ചുകൊണ്ടുനിൽക്കുന്ന പാട്ടുസംഘത്തിൽ ജെ. സിയെയും കാണാം. പാലങ്ങൾക്കപ്പുറത്ത് ദുഃഖവും വേദനയുമില്ലാത്ത സൂര്യൻ അസ്തമിക്കാത്ത ഒരു രാജ്യം ഉണ്ട്. അതാണ് നമ്മുടെ പ്രത്യാശ.

# കേരളാ തിയോളജിക്കൽ സെമിനാരിക്ക് സെറാംപൂർ യൂണിവേഴ്സിറ്റിയുടെ അഫിലിയേഷൻ ലഭിച്ചു



പെന്തെക്കോസ്തിന്റെ ഈറ്റില്ലമായ കൊട്ടാരക്കരയിൽ ക്രൈസ്തവലോകത്തിന് അഭിമാനമായി നിലകൊള്ളുന്ന കേരളാ തിയോളജിക്കൽ സെമിനാരിക്ക് സെറാംപൂർ യൂണിവേഴ്സിറ്റിയുടെ അംഗീകാരം ലഭിച്ചു. ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ അംഗീകാരമുള്ളതും സെറാംപൂർ യൂണിവേഴ്സിറ്റിയുടെ അംഗീകാരം ലഭിക്കുന്നതുമായ ആദ്യത്തെ സ്ഥാപനമാണ് കേരളാ തിയോളജിക്കൽ സെമിനാരി.

ഭാരത സുവിശേഷീകരണം എന്ന മഹത്തായ ദർശനത്തോടുകൂടി കൊട്ടാരക്കര കേന്ദ്രമാക്കി 2000 മെയ് 25 ന് ആരംഭിച്ച അനുഗ്രഹീത വേദപാഠശാലയാണ് കേരളാ തിയോളജിക്കൽ സെമിനാരി. ദൈവകൃപയാൽ 15-ാം വർഷം പിന്നിടുമ്പോഴും കെ.റ്റി.എസ് വിജയത്തിന്റെ പടവുകൾ കയറുകയാണ്. സെറാംപൂർ സർവ്വകലാശാലയിൽ നിന്നും ബിരുദാനന്തര ബിരുദവും പ്രിൻസ്റ്റൻ തിയോളജിക്കൽ സെമിനാരി, ഫുള്ളർ തിയോളജിക്കൽ സെമിനാരി എന്നിവിടങ്ങളിൽ നിന്ന് M.Th., M.A. ബിരുദങ്ങളും ട്രിനിറ്റി ഇന്റർനാഷണൽ യൂണിവേഴ്സിറ്റിയിൽ നിന്ന് Ph.D യും കരസ്ഥമാക്കിയ ഡോ. കുഞ്ഞപ്പൻ സി. വർഗ്ഗീസ് ആണ് സെമിനാരിയുടെ സ്ഥാപകൻ. കൊട്ടാരക്കര, ആനയം, പ്ലാവിളയിൽ എം. സി. വർഗ്ഗീസ്-മേരി ദമ്പതികളുടെ മകനായി ജനിച്ച ഇദ്ദേഹം വ്യക്തമായ ദർശനത്തോടെ സെമിനാരിയെ നയിക്കുന്നു. സുവിശേഷീകരണത്തിനും സഭാസ്ഥാപനത്തിനും പ്രാധാന്യം നൽകുന്ന ഇദ്ദേഹം ഐ.പി.സി. മണ്ണൂർ സെന്ററിനും നേതൃത്വം നൽകുന്നു. എല്ലാ ഞായറാഴ്ചകളിലും ഇംഗ്ലീഷ്, മലയാളം ആരാധന ഇവിടെ നടന്നു വരുന്നു.

2000-ാമാണ്ടിൽ 22 വിദ്യാർത്ഥികളുമായി ആരംഭിച്ച ഈ സ്ഥാപനത്തിൽ പത്തു സംസ്ഥാനങ്ങളിൽ നിന്നുമായി 70 വിദ്യാർത്ഥികൾ പഠിച്ചു വരുന്നു. ഇവിടെനിന്നും ഗ്രാഡുവേറ്റ് ചെയ്ത 350 ൽ പരം വേദവിദ്യാർത്ഥികൾ ഇന്ത്യയിലും വിദേശരാജ്യങ്ങളിലും ശക്തമായ ശുശ്രൂഷ ചെയ്തു വരുന്നു. ഇപ്പോൾ കെ.റ്റി.എസിൽ Dip.Th., B.Th., M.Div., M.Th. എന്നീ കോഴ്സുകൾ ATA യുടെ അംഗീകാരത്തോടെ നടന്നുവരുന്നു. ഈ വർഷം ജൂൺ മുതൽ സെറാംപൂർ കോഴ്സുകളായ B.D., Integrated B.D. തുടങ്ങിയവ ആരംഭിക്കുന്നു.

വിപുലമായ വേദശാസ്ത്രഗ്രന്ഥങ്ങളുള്ള ലൈബ്രറിയും ചിട്ടയായ പഠനവും ആത്മനിറവുള്ള ആരാധനയും ഈ വേദപാഠശാലയിൽ പഠിക്കുവാൻ അനേകരെ പ്രേരിപ്പിക്കുന്ന ഘടകമാണ്. വേദവിജ്ഞാനവും, ദൈവകൃപയുമുള്ള അനേകരെ വാർത്തെടുക്കുവാൻ പ്രഗത്ഭരായ ഒരുപറ്റം അധ്യാപകരും ഈ സ്ഥാപനത്തിന്റെ മുഖമുദ്രയാണ്. ആണ്ടുതോറും സെമിനാരി ആഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്ന ഹെബ്രോൻ കൺവൻഷനും സംഗീത ശുശ്രൂഷയും അനേകരെ ആകർഷിച്ചു വരുന്നു.

അനുഗ്രഹീതനായ പ്രഭാഷകനും എഴുത്തുകാരനും സഭാസ്ഥാപകനുമായ ഡോ. കുഞ്ഞപ്പൻ സി. വർഗ്ഗീസിന് റൈറ്റേഴ്സ് ഫോറം അവാർഡുകൾ നൽകി ആദരിച്ചിട്ടുണ്ട്.ജോർജ്ജ് ബെർഗ്ഗും, ആർ. എഫ്. കുക്കും വന്ന കൊട്ടാരക്കരയിൽ കേരളാ തിയോളജിക്കൽ സെമിനാരി സ്ഥാപിതമായത് പെന്തെക്കോസ്ത് ലോകത്തിന് അഭിമാനമാണ്.

ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുക എന്ന മഹത്തായ ദൈവീക ദർശനം ഉൾക്കൊണ്ടു കൊണ്ട് ഓരോ വർഷവും തൊഴിൽ രഹിതരായ യുവതികൾക്ക് തയ്യൽമെഷീനും, സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് വിദ്യാഭ്യാസ സഹായവും അനാഥരായ കുഞ്ഞുങ്ങൾക്ക് സംരക്ഷണവും നൽകിവരുന്നു. വരുംകാലങ്ങളിൽ കൂടുതൽ സാമൂഹ്യ സേവനങ്ങൾ ചെയ്യണമെന്നതാണ് സ്ഥാപനത്തിന്റെ ലക്ഷ്യം.

# ഡോ. ജോൺ കെ. മാത്യു മനസ്സ് തുറക്കുന്നു



മൂന്ന് തലമുറയായി സുവിശേഷ വയലിൽ അദ്ധ്വാനിക്കുന്നവരുടെ കുടുംബമാണ് പാസ്റ്റർ ജോൺ കെ. മാത്യുവിന്റേത്. തന്റെ പിതാമഹൻ ആയിരുന്നു പാസ്റ്റർ കെ. എം. തോമസ്. ഐ. പി. സി.യുടെ പ്രാരംഭ സമയത്തിനടുത്താണ് ഇദ്ദേഹം സുവിശേഷ വേലയ്ക്കായി ഇറങ്ങുന്നത്. നിരണത്തെ ഓർത്തഡോക്സ് കുടുംബമായ കുഴിവേലിലേക്ക് കല്ലിശ്ശേരിയിലെ ഒരു മർത്തോമ്മാ കുടുംബമായ തേക്കാട്ടിൽ നിന്ന് മറിയാമ്മയെ കെ. എം. തോമസ് വിവാഹം ചെയ്തു കൊണ്ടു വരുമ്പോൾ അവർ ബാല്യപ്രായം പിന്നിട്ടിരുന്നില്ല. ഐ. പി. സി. മുൻ ജനറൽ സെക്രട്ടറി പാസ്റ്റർ റ്റി. എൻ. എബ്രഹാമിന്റെ സഹോദരിയാണ് മറിയാമ്മ. 12-ാം വയസ്സിൽ രക്ഷിക്കപ്പെട്ട മറിയാമ്മയുടെ പ്രാർത്ഥനാജീവിതം കെ. എം. തോമസിനെ ആത്മീയ അനുഭവത്തിലേക്ക് നടത്തി. പാസ്റ്റർ കെ. ഇ. എബ്രഹാമിന്റെ പ്രസംഗത്താൽ സ്വാധീനിക്കപ്പെട്ട കെ. എം. തോമസും സഹധർമ്മിണി മറിയാമ്മയും പെന്തെക്കോസ്ത് അനുഭവത്തിലേക്ക് നടത്തപ്പെട്ടു. സുവിശേഷ വേലയ്ക്കായി വിളി ലഭിച്ചതിനെത്തുടർന്ന് കുമ്പനാട് ഹെബ്രോനിൽ ചെറിയ കാലത്തെ പഠനശേഷം സുവിശേഷവയലിലേക്ക് ഇറങ്ങി. കാർത്തികപ്പള്ളി സഭയുടെ ശുശ്രൂഷകനായി. തുടർന്ന് കരുവാറ്റ, ഞക്കനാൽ, കൃഷ്ണപുരം, കടപ്ര തുടങ്ങി സഭകൾ ആരംഭിച്ചു. പാസ്റ്റർ കെ. എം. തോമസിന്റെ മകനായി ജനിച്ച കെ. റ്റി. മാത്യു ബാല്യപ്രായത്തിൽതന്നെ ക്രിസ്തുവിനെ അറിഞ്ഞു. സുവിശേഷവേലയ്ക്കായി ഇറങ്ങിത്തിരിച്ച താൻ വടവാതൂർ ശാലോം ബൈബിൾ സ്കൂളിലെ പഠനാനന്തരം വെച്ചൂച്ചിറ എന്ന മലയോരഗ്രാമത്തിൽ പ്രവർത്തനത്തിനായി സഹധർമ്മിണി ഏലിയാമ്മയോടൊപ്പം എത്തി. ഐ. പി. സിയുടെ പ്രമുഖസഭകളിൽ ഒന്നായി അറിയപ്പെടുന്ന വെച്ചൂച്ചിറ ഐ. പി. സി. യുടെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത് പാസ്റ്റർ കെ.റ്റി. മാത്യുവാണ്. ഇവിടെ പ്രവർത്തിക്കുന്ന കാലഘട്ടത്തിലാണ് മക്കൾ ആറുപേരും ജനിക്കുന്നത്. കനകപ്പലം, പുളിക്കീഴ് തുടങ്ങിയ സ്ഥലങ്ങളിൽ താൻ തുടർന്ന് പ്രവർത്തിച്ചു. 1972-ൽ നിരണത്ത് കുടുംബവീട്ടിൽ ആരംഭിച്ച സഭയാണ് ഇന്നത്തെ നിരണം ഗ്രേയ്സ് സെന്റർ സഭ. 1968-ൽ മാവേലിക്കരയിൽ പ്രവർത്തനത്തിനായി എത്തി. 1975-ൽ അവിവിഭക്ത മാവേലിക്കര സെന്ററിന്റെ ചുമതല ഏറ്റെടുത്തു. 1981-ൽ സെന്റർ രണ്ടായിത്തിരിച്ചു. 2002-ൽ തന്റെ നിര്യാണകാലം വരെ സെന്ററിന്റെ ചുമതല വഹിച്ചു.

വെച്ചൂച്ചിറയിൽ ജനിച്ച ഡോ. ജോൺ കെ. മാത്യു അഞ്ചാം വയസ്സിൽ നിരണത്തെത്തി. 1970-ൽ മാവേലിക്കരയിലെത്തിയ ഇദ്ദേഹത്തിന്റെ ഹൈസ്കൂൾ വിദ്യാഭ്യാസം അവിടെ നടത്തി. ചങ്ങനാശ്ശേരി എൻ. എസ്. എസ് കോളജിൽ നിന്ന് ബി. എ. കരസ്ഥമാക്കിയ ജോൺ കെ. മാത്യു തുടർന്ന് ഹിസ്റ്ററിയിലും സോഷ്യോളജിയിലും രണ്ട് ബിരുദാനന്തരബിരുദങ്ങൾ നേടി. 1997-ൽ ഓറൽ റോബർട്ട്സ് യൂണിവേഴ്സിറ്റിയിൽ നിന്നും എഡ്യൂക്കേഷണിൽ വീണ്ടും ഒരു എം. എ. കൂടി നേടി. 2010-ൽ ബയോള യൂണിവേഴ്സിറ്റിയിൽ നിന്നും പി. എച്ച്. ഡി. കരസ്ഥമാക്കി.

തന്റെ ബോധ്യങ്ങളെ പരസ്യമായി പറയുവാൻ ഡോ. ജോൺ കെ. മാത്യുവിന് മടിയില്ല. കാരണം അനുഭവങ്ങളുടെ മൂശയിൽ ഉരുത്തിരിഞ്ഞതാണ് അവ. ബാല്യകാലം മുതൽ സണ്ടേസ്കൂൾ പി. വൈ. പി. എ. എന്നീ മേഖലകളിൽ തനിക്കുണ്ടായിരുന്ന പ്രവർത്തനപരിചയം തന്നെ നേതൃനിരയിലേക്ക് കൊണ്ടുവന്നു. പട്ടിണി കിടക്കേണ്ടി വന്നില്ലെങ്കിലും സമൃദ്ധിയില്ലാതിരുന്ന ഒരു ബാല്യകാലം. പാഴ്സനേജ് ജീവിതത്തിന്റെ ഇടുക്കവും ഞെരുക്കവുമെല്ലാം അനുഭവിച്ചു വളർന്നത് മറ്റുള്ളവരുടെ വേദനയെ മനസ്സിലാക്കുവാൻ തനിക്കു മുഖാന്തിരമായി. സണ്ടേസ്കൂൾ പഠനാനന്തരം സണ്ടേസ്കൂൾ അദ്ധ്യാപകനായ താൻ ലോക്കൽ സെന്റർ തലങ്ങളിൽ പി. വൈ. പി. എ.യുടെ വിവിധ ചുമതലകൾ വഹിച്ചു. 1985-ൽ തഴക്കരയിലുള്ള പി. ജെ. ഡാനിയേൽ സാറിന്റെ ബൈബിൾ സ്കൂളിൽ അദ്ധ്യാപകനായി. 1987ൽ കുമ്പനാട് ഹെബ്രോനിൽ അദ്ധ്യാപകനായി എത്തി. അതേ വർഷം സ്റ്റേറ്റ് പി. വൈ. പി. എ.യുടെ ട്രഷററായി തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് സ്റ്റേറ്റ് - ജനറൽ പി. വൈ. പി. എ. വൈസ് പ്രസിഡന്റ് പദവിയും വഹിച്ചു. 1990 മുതൽ ജനറൽ കൗൺസിൽ അംഗമാണ്. 1991-ൽ ട്രംപറ്റ് മാസികയുടെ ചീഫ് എഡിറ്ററായി ചുമതലയേറ്റു. ഇപ്പോൾ റിവൈവ് ഇംഗ്ലീഷിന്റെ എഡിറ്ററാണ്. ഇന്ത്യാ ബൈബിൾ കോളജ് & സെമിനാരിയുടെ ഇംഗ്ലീഷ് മീഡിയം വൈസ് പ്രിൻസിപ്പാളായി പ്രവർത്തിച്ചുവരുന്ന ഡോ. ജോൺ കെ. മാത്യു ഇപ്പോൾ അതിന്റെ വൈസ് പ്രസിഡന്റുകൂടിയാണ്. 1999 മുതൽ മാവേലിക്കര വെസ്റ്റ് സെന്റർ സഹശുശ്രൂഷകനായി പ്രവർത്തിച്ചുവന്ന ഇദ്ദേഹം 2002മുതൽ മാവേലിക്കര വെസ്റ്റ് സെന്റർ ശുശ്രൂഷകനും കൂടിയാണ്. 2013 മുതൽ ഡാളസ് ഐ. പി. സി. ടാബർനാക്കിൾ സഭയുടെ ശുശ്രൂഷകനായിരിക്കുന്നു. ഡോ. ജോൺ കെ. മാത്യുവിന് 2007-ൽ റൈറ്റേഴ്സ് ഫോറം അവാർഡ് ലഭിച്ചിട്ടുണ്ട്. ഭാര്യ: ഷേർളി ജോൺ.

ഡോ. ജോൺ കെ. മാത്യുവുമായി *ബിലീവേഴ്സ് ജേണൽ* ചീഫ് എഡിറ്റർ പാസ്റ്റർ സാംകുട്ടി മാത്യു നടത്തിയ അഭിമുഖം.

**ചോദ്യം:** ഹെബ്രോൻ ബംഗ്ലാവിന്റെ പ്രിയപ്പെട്ട ആൾ എന്ന ധാരണയാണ് പൊതുവേ താങ്കളെപ്പറ്റിയുള്ളത്. എന്നാൽ ചില വർഷങ്ങളായി താങ്കളെ പൊതുരംഗത്ത് കാണുന്നുമില്ല.

**ഉത്തരം:** അതിന് മാറ്റമൊന്നും ഉണ്ടായിട്ടില്ല. ഇന്ന് സഭാന്തരീക്ഷത്തിൽ ഉണ്ടായ മാറ്റങ്ങളാണ് പൊതുരംഗത്തുനിന്ന് ഞാൻ അകന്നു നിൽക്കുവാനുള്ള കാരണം. പൊതുവേയുണ്ടായ മൂല്യച്യുതി, അനർഹരായ ആളുകൾ പണത്തിന്റെ പിൻബലത്തിൽ മാത്രം സ്ഥാനമാനങ്ങൾ അപഹരിക്കുന്ന ദുരവസ്ഥയിൽ ഉണ്ടായ മനംമടുപ്പ് ഇതെല്ലാം കാരണങ്ങളാണ്. തെരഞ്ഞെടുപ്പിൽ ആളെ ഇറക്കി വോട്ട് മേടിച്ച് സ്ഥാനമാനങ്ങൾ നേടുന്നതിലുപരി ആ സ്ഥാനത്ത് എത്തേണ്ടവരുടെ യോഗ്യതകളെക്കുറിച്ച് എനിക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ട്. പ്രവർത്തനപരിചയം, വിദ്യാഭ്യാസം, സ്വഭാവ സവിശേഷത മുതലായവയാണത്.

ബംഗ്ലാവുമായുള്ള എന്റെ ബന്ധം സ്ഥായിയാണ്. എന്നാൽ മാറിയ സാഹചര്യങ്ങളെ തിരിച്ചറിഞ്ഞ് പ്രവർത്തിക്കേണ്ടത് ആവശ്യമാണ് എന്നുള്ള ഒരു ചിന്ത എന്റെ മനസ്സിലുണ്ട്. വിവിധ കാരണങ്ങളാൽ പാസ്റ്റർ റ്റി. വത്സൻ എബ്രഹാം ഐ. പി. സി. നേതൃത്വത്തിന് അർഹനാണ്. വിവിധ മേഖലകളിൽ അദ്ദേഹത്തോടൊന്നിച്ച് പ്രവർത്തിച്ചിട്ടുള്ളതുകൊണ്ട് അദ്ദേഹത്തിന്റെ നേതൃപാടവം എനിക്ക് മനസ്സിലായിട്ടുണ്ട്. എന്നാൽ ഇപ്പോൾ ഐ.പി.സിയിൽ നിലനിൽക്കുന്ന ഇലക്ഷൻ രീതി അതൊന്നും അംഗീകരിക്കുന്ന തരത്തിലുള്ളതല്ല. ആ പുതിയ ട്രെന്റിനോട് ഏറ്റുമുട്ടുവാനുള്ള വൈമുഖ്യം കൊണ്ടാണ് ഞാൻ പല കാര്യങ്ങളിൽ നിന്നും ഒഴിഞ്ഞുനിൽക്കുന്നത്.

**ചോദ്യം:** കഴിഞ്ഞ കുറെ വർഷങ്ങളായി കേരളത്തിലെ പ്രവർത്തനങ്ങളിൽ സജീവമായി കാണുന്നില്ലല്ലോ.

**ഉത്തരം:** അത് തെറ്റാണ്. മാവേലിക്കര സെന്റർ പ്രവർത്തനങ്ങളിൽ ഞാൻ എന്നും സജീവം തന്നെയാണ്. എന്നാൽ മാധ്യമസൃഷ്ടിമാത്രമായ പ്രതിഛായസൃഷ്ടിച്ച് നേതൃത്വം നിലനിർത്തുന്നതിൽ വിരക്തിയാണ്.

**ചോദ്യം:** സഭയുടെ ഇപ്പോഴത്തെ അവസ്ഥയ്ക്ക് മാറ്റം വരുമെന്ന പ്രതീക്ഷയുണ്ടോ?

**ഉത്തരം:** ഭരണഘടനയ്ക്കാതലായ മാറ്റമുണ്ടായാൽ ഈ സ്ഥിതി മാറും. ഇപ്പോഴത്തെ രീതിയാണ് വിജയം ഉറപ്പിക്കാൻ പലർക്കും എളുപ്പം എന്നതിനാൽ ഭരണഘടനാമാറ്റം ഉടനെ ഉണ്ടാകുമെന്ന് തോന്നുന്നില്ല. മാത്രമല്ല രണ്ടുപേർ നേർക്കുനേർ നിന്ന് എന്ത് വിലകൊടുത്തും സ്ഥാനം കരഗതമാക്കുവാൻ നടത്തുന്ന മത്സരം സഭാഗാത്രത്തെ ബലഹീനമാക്കുകയാണ്. ഇപ്പോൾ നേതാക്കളായിരിക്കുന്നവർ ഒരു മേശയ്ക്ക് ചുറ്റുമിരുന്ന് സംസാരിച്ചാൽ തീർക്കാവുന്നതാണ് ഇപ്പോഴത്തെ രാഷ്ട്രീയം. ഞാൻ ഒരു തവണത്തേക്ക് മാറിനിൽക്കാമെന്ന് ഒരു നേതാവെങ്കിലും സമ്മതിച്ചാൽ തീരാവുന്നതാണ് ഇപ്പോഴത്തെ ടെൻഷൻ. യോഹന്നാനെക്കാൾ അധികം ശിഷ്യന്മാരെ യേശുക്രിസ്തു സ്നാനപ്പെടുത്തുന്നു എന്ന ഖ്യാതി പരന്നപ്പോൾ ആ സ്ഥലം വിട്ടുപോയി മാതൃക കാട്ടിയ വ്യക്തിയാണ് ക്രിസ്തു. നേതൃത്വം ശുശ്രൂഷയാണെന്ന ക്രിസ്തുവിന്റെ മനസ്സ് നമ്മുടെ നേതാക്കന്മാർ അറിഞ്ഞാൽ എല്ലാ തെരഞ്ഞെടുപ്പുകളും അപ്രസക്തമാകും.

**ചോദ്യം:** താങ്കൾ മുമ്പ് തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുകയും സജീവമായി ഇടപെടുകയും ചെയ്തിട്ടുണ്ടല്ലോ അതുകൊണ്ടുതന്നെ ഇപ്പോഴുള്ള നിലപാടുമായി അത് എങ്ങനെ യോജിക്കും.

**ഉത്തരം:** മുൻ കാലങ്ങളിലൊന്നും ഇത്രയും രാഷ്ട്രീയ അതിപ്രസരമോ പണത്തിന്റെ സ്വാധീനമോ തെരഞ്ഞെടുപ്പിൽ ഉണ്ടായിരുന്നില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിലും ഒരു പ്രചരണവും കൂടാതെ ഏറ്റവും കൂടുതൽ വോട്ട് നേടുവാനും കഴിഞ്ഞു. അമേരിക്കൻ വിദ്യാഭ്യാസവും പുസ്തകങ്ങളും എന്റെ ചിന്തകളെ വ്യത്യാസപ്പെടുത്തുകയും രൂപാന്തരപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**ചോദ്യം:** താങ്കളുടെ സാഹിത്യ പ്രവർത്തനങ്ങളെ വിശദമാക്കാമോ?

**ഉത്തരം:** റിവൈവ് മാസികയിൽ ഇംഗ്ലീഷ് എഡിറ്റോറിയൽ ഇപ്പോഴും എഴുതുന്നുണ്ട്. മറ്റ് ആനുകാലികങ്ങളിൽ ഇപ്പോൾ സ്ഥിരമായി എഴുതുന്നില്ലെങ്കിലും ശുശ്രൂഷകന്മാർക്ക് പ്രയോജനപ്പെടുന്ന ഒരു പുസ്തകം കഴിഞ്ഞ വർഷം പ്രസിദ്ധീകരിക്കുവാൻ ഇടയായി. ഓറൽ റോബർട്ട്സ് യൂണിവേഴ്സിറ്റിയിൽ ഒരു ടെക്സ്റ്റ് ബുക്കായി അംഗീകരിച്ചിട്ടുള്ള 'First Century Ministry In The 21st Century' എന്ന പുസ്തകമാണത്. ആമസോണിലും കേരളത്തിലെ വിവിധ ബുക്ക് ഷോപ്പുകളിലും ഇത് ലഭ്യമാണ്. 'An Encounter with Eternity' എന്ന മറ്റൊരു പുസ്തകവും പ്രസിദ്ധീകരണത്തിനായി കൊടുത്തിട്ടുണ്ട്. ലേഖനസമാഹാരങ്ങളുടെ പ്രസിദ്ധീകരണവും പണിപ്പുരയിലാണ്.

**ചോദ്യം:** ഇന്നത്തെ സഭയെ പൊതുവായി എങ്ങനെ നോക്കികാണുന്നു

**ഉത്തരം:** അച്ചടക്കം കുറഞ്ഞുപോയി. യുവജനങ്ങളുടെ അസാന്നിധ്യം ശ്രദ്ധിക്കപ്പെടുന്നു. മരണങ്ങൾപോലും ആഘോഷങ്ങളാക്കി മാറ്റുന്ന പ്രവണത അപലപനീയം. പൊതുമീറ്റിംഗുകളിലെ അച്ചടക്കാരാഹിത്യം നാണക്കേടായിരിക്കുന്നു. സഭാനേതൃത്വത്തെ ബന്ധിതരാക്കി കൈയൂക്കുള്ളവർ കാര്യക്കാരനാകുന്ന ദുഷ്പ്രവണത വർദ്ധിച്ചിരിക്കുന്നു. പണത്തിന്റെ അതിപ്രസരതയാണെങ്ങും. കൺവൻഷനുകളിൽ വലിയ പന്തൽ എന്ന് അവകാശപ്പെടുമ്പോൾ വളർന്നത് സ്റ്റേജാണ്. ആ ദുഷ്പ്രവണത മാറണം. ശുശ്രൂഷകരും വിശ്വാസികളും സ്വയം അച്ചടക്കത്തിന് വിധേയരാകണം. അടങ്ങാത്ത അധികാരമോഹം നമ്മെ സ്വാധീനിക്കുന്നുവെങ്കിൽ അതിന്റെ അർത്ഥം ജാതികളുടെ അധിപതി കർത്തൃത്വം നടത്തുന്നുവെന്നാണ്. യേശുക്രിസ്തു നേതാക്കളെയല്ല സൃഷ്ടിച്ചത്, ശിഷ്യരെയാണ്. യേശുക്രിസ്തു ആവശ്യപ്പെട്ടത് നയിക്കുവാനല്ല മറിച്ച് അനുധാവനം ചെയ്യുവാനാണ്. ഈ ബോധ്യമാണ് ആവശ്യമായിരിക്കുന്നത്.

**ചോദ്യം:** സജീവമായ ഒരു മടങ്ങിവരവ് ഉണ്ടാകുമോ?

**ഉത്തരം:** ഇല്ലെന്ന് പറയാനാവില്ല. പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു.

**ചോദ്യം:** ഐ.പി.സി. ടാബർനാക്കിൾ ഡാളസ് സഭാശുശ്രൂഷകൻ, മാവേലിക്കര വെസ്റ്റ് സെന്റർ ശുശ്രൂഷകൻ എന്നീ നിലകളിൽ പ്രവർത്തിക്കുമ്പോൾ എന്ത് തോന്നുന്നു.

**ഉത്തരം:** ഐ.പി.സി. ടാബർനാക്കിൾ ഡാളസ് എനിക്ക് നൽകുന്ന പിന്തുണ വളരെ വലുതാണ്. സ്നേഹിക്കുകയും പ്രാർത്ഥിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നവരാണ് അവിടെയുള്ള ദൈവമക്കൾ. യുവതിയുവാക്കൾ പോലും ഒരു പിതാവിന്റെ സ്ഥാനത്ത് അറിഞ്ഞ് സ്നേഹിക്കുന്നു. ഞങ്ങളുടെ കൂട്ടായ പ്രവർത്തനം മൂലം സഭയിന്ന് വളർച്ചയുടെ പാതയിലാണ്. അതുപോലെതന്നെ മാവേലിക്കര സെന്റർ എന്റെ സ്വന്തഭവനമാണ്. ഇവിടെയുള്ള ശുശ്രൂഷകരുടെയും ദൈവമക്കളുടെയും പരസ്പരമുള്ള സ്നേഹബന്ധവും കടപ്പാടുമാണ് സജീവമായി ഈ ശുശ്രൂഷ ചെയ്യുവാൻ ഇടയായത്. എല്ലാവരുടെയും നിർലോഭമായ പ്രാർത്ഥനയും സഹകരണവും വിലമതിക്കാനാവാത്തതാണ്. എല്ലാറ്റിലും ഉപരി ദൈവകൃപയും.

# കർമ്മ പഥങ്ങളിൽ വിശ്വസ്തതയോടെ പാസ്റ്റർ സാം ജോർജ്ജ്

ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ അതിന്റെ ചരിത്ര വഴികളിൽ ഒൻപത് പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ ദൈവനിയോഗവുമായി സഭയുടെ നേതൃത്വത്തിലെത്തിയ ആക്ടിംഗ് ജനറൽ സെക്രട്ടറി പാസ്റ്റർ സാം ജോർജജ് സഭയെക്കുറിച്ചുള്ള തന്റെ ദർശനങ്ങളും പ്രതീക്ഷകളും പങ്കുവയ്ക്കുന്നു. അദ്ദേഹവുമായി ജെയ്സ് പാണ്ടനാട് നടത്തിയ അഭിമുഖം

*ഏറെ ആശങ്കയുണ്ടായിരുന്ന ഈ വർഷത്തെ ജനറൽ കൺവൻഷൻ ഭംഗിയായി പര്യവസാനിച്ചപ്പോൾ എന്തു തോന്നുന്നു?*

പൂർണ്ണ തൃപ്തിയുണ്ട്. ദൈവത്തിന് സകല മാനവും മഹത്വവും നൽകുന്നു. ഏല്ലാ ദുഷ്പ്രചരണങ്ങളും അടിസ്ഥാന രഹിതമാണെന്ന് ദൈവം തെളിയിച്ചു. സഹകരിച്ച എല്ലാവരോടും നന്ദിയുണ്ട്.

*അപ്രതീക്ഷിതമായി ലഭിച്ച പുതിയ നിയോഗത്തിൽ എന്തു തോന്നി?*

കേസിന്റെ പശ്ചാത്തലത്തിലും കൺവൻഷൻ പടിവാതിൽക്കൽ എത്തിയതിനാലും ചുമതല ഏല്ക്കരുതെന്ന് പലരും നിർദ്ദേശിച്ചു. എന്നാൽ ഭരണഘടനാപരമായ ഉത്തരവാദിത്വം നിറവേറ്റുക എന്ന വെല്ലുവിളി ഞാൻ ഏറ്റെടുത്തത് പ്രതിസന്ധിയിൽ അതാവശ്യമായിരുന്നു. ദൈവനിയോഗം തന്നെയാണെന്ന ബോദ്ധ്യത്താലാണ് റിസ്ക്ക് എടുക്കാൻ തയ്യാറായത്.

*കലങ്ങിമറിഞ്ഞ അന്തരീക്ഷത്തിൽ ചുരുങ്ങിയ സമയംകൊണ്ട് കൺവൻഷൻ എങ്ങനെ വിജയിപ്പിക്കാൻ കഴിഞ്ഞു?*

ദൈവത്തിന്റെ സഹായവും പ്രാർത്ഥനയുംകൊണ്ടുമാത്രം. എന്റെ ഭൗതിക ജോലിയുമായി ബന്ധപ്പെട്ട മുൻകാല പരിചയം, ആത്മവിശ്വാസം, നിർഭയത്വം ഇതെല്ലാം എനിക്ക് തുണയായി.

*മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങളുടെ പിന്തുണ ലഭിച്ചില്ലേ?*

തീർച്ചയായും ലഭിച്ചു. ഇത് ടീം വർക്കിന്റെ വിജയമാണ്. ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ, വൈസ് പ്രസിഡന്റ് പാസ്റ്റർ ബേബി വർഗീസ് എന്നിവരുടെ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹായകരമായിരുന്നു. ട്രഷറാർ ജോൺ ജോസഫ് പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. അദ്ദേഹത്തിന്റെ കഴിവ് കൂടുതൽ മനസ്സിലാക്കാൻ എനിക്കു കഴിഞ്ഞു.

*പാസ്റ്റർമാരായ കെ.ജെ. ശാമുവേൽ, പി.എം. ഫിലിപ്പ്, ജോർജ് വർഗീസ് തുടങ്ങിയ കർത്തൃസന്നിധിയിൽ പ്രവേശിച്ച പ്രഗത്ഭർ ഇരുന്ന കസേരയിൽ ഇരിക്കുമ്പോൾ എന്തുതോന്നുന്നു?*

അതിന് യോഗ്യത തന്ന ദൈവത്തെ സ്തുതിക്കുന്നു. ആ കസേരയുടെ മാന്യതയും മഹത്വവും നിലനിർത്തി ഉത്തരവാദിത്വത്തോടെ തുടർന്നും പ്രവർത്തിക്കും. ദൈവത്തോടും ദൈവസഭയോടും ഭരണഘടനയോടും നീതിപുലർത്തി ഉത്തരവദിത്വങ്ങൾ നിർവഹിക്കും.

*താങ്കൾ ജനറൽ സെക്രട്ടറിയായി തുടരണമെന്ന പൊതുവികാരം വിശ്വാസികളുടെയും ശുശ്രൂഷകന്മാരുടെയും ഇടയിൽ വ്യാപകമായി ഉണ്ടല്ലോ?*

വിശ്വാസി സമൂഹത്തിന്റെ ആഗ്രഹത്തെ ബഹുമാനിക്കുന്നു, എന്നാൽ ദൈവഹിതം തിരിച്ചറിഞ്ഞ് മാത്രമേ തീരുമാനം എടുക്കുകയുള്ളു.

*അടുത്ത തെരഞ്ഞെടുപ്പിൽ ജനറൽ സെക്രട്ടറി സ്ഥാനാർത്ഥിയായി നിൽക്കുമോ?*

ഇപ്പോൾ ഞാൻ ജനറൽ സെക്രട്ടറിയുടെ ചുമതലകൾ നിർവഹിച്ച് വരികയാണല്ലോ? ദൈവഹിതമാണെങ്കിൽ ആ പദവിയിൽ തുടരും. കഴിഞ്ഞ തവണയും ഐകകണ്ഠേനയാണ് ഞാൻ തെരഞ്ഞെടുക്കപ്പെട്ടത്.

*പാസ്റ്റർ കെ.സി. ജോൺ സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചിട്ടുണ്ടല്ലോ?*

എല്ലാവർക്കും നിൽക്കാൻ സ്വാതന്ത്ര്യം ഉണ്ട്. എന്നാൽ മത്സരം വ്യക്തിപരമല്ല. എതിർ സ്ഥാനാർത്ഥി ആരാണ് എന്നത് എന്നെ സംബന്ധിച്ചിടത്തോളം പ്രശ്നമല്ല. ദൈവനിയോഗമാണ് പ്രധാനം. ദൈവഹിതം അനുസരിക്കും.

*നേതൃസ്ഥാനത്തേക്ക് എന്നെങ്കിലും വരുമെന്ന് പ്രതീക്ഷയുണ്ടായിരുന്നോ?*

എനിക്ക് ഒരിക്കലും പ്രതീക്ഷ ഉണ്ടായിരുന്നില്ല. കുട്ടിക്കാലത്ത് എന്റെ പിതാവ് പാസ്റ്റർ ഇ.സി. ജോർജ്ജിനോട് പരേതനായ പാസ്റ്റർ മണക്കാല കീവർച്ചൻ (ഫിന്നിയുടെ വല്യപ്പച്ചൻ) പറഞ്ഞ ദൈവാലോചനയുടെ പൂർത്തീകരണമാണ്. "നിന്റെ മകൻ ശമുവേൽ വിശ്വസ്ത പ്രവാചകനും ശുശ്രൂഷകനുമായി എന്റെ ജനത്തിന്റെ മുന്നിൽ നിൽക്കും" വർഷങ്ങൾക്കു ശേഷം ദൈവാലോചന നിവർത്തിക്കപ്പെട്ടു. തുടർന്ന് 1994-ലും ഡാളസിൽവച്ച് പാസ്റ്റർ ഗീവർഗ്ഗീസ് ചാക്കോ (പാസ്റ്റർ റ്റി.ജെ. ശാമുവേലിന്റെ അളിയൻ) ദൈവാലോചന പറഞ്ഞിരുന്നു.

*താങ്കളുടെ സംഘാടകപാടവം, ആസൂത്രണം, ഭരണ മികവ് എന്നിവ ഈ കൺവൻഷന്റെ വിജയത്തിനു പിന്നിൽ ഉണ്ടെന്നു പറഞ്ഞാൽ?*

എല്ലാം ദൈവകൃപയാണ്. എന്റെ ആത്മീക പൈതൃകം, പാഴ്സനേജിലെ അനുഭവം, ഉപദേശം, വിശുദ്ധി എന്നീ വിഷയങ്ങളിലെ എന്റെ പിതാവിന്റെ ഉറച്ച നിലപാടുകൾ എല്ലാം എനിക്ക് പ്രചോദനം നൽകിയിട്ടുണ്ട്.

*തുടക്കക്കാരന്റെ ബുദ്ധിമുട്ടുകൾ പ്രകടമായില്ല; എന്തുകൊണ്ട്?*

ഞാൻ ഭൗതിക ജോലിയിൽ അഡ്മിനിസ്ട്രേറ്ററായിട്ടാണ് പ്രവർത്തിച്ചത്. കർണാടകയിൽ സ്റ്റേറ്റ് പ്രസിഡന്റ് എന്ന നിലയിൽ ചുമതലകൾ ഭംഗിയായി നിർവഹിക്കാൻ കഴിഞ്ഞു. വലിയ അനുഭവമാണ് എനിക്ക് അവിടെ നിന്നും ലഭിച്ചത്. ഒന്നും പുതുമയായി തോന്നിയില്ല.

*കൺവൻഷനുവേണ്ടി നല്ല ഗൃഹപാഠം ചെയ്തിരുന്നോ?*

ഞാനും ജോൺ ജോസഫും ഹെബ്രോൻപുരത്ത് താമസിച്ചാണ് ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകിയത്. സ്റ്റേജിലെ പ്രോഗ്രാമുകൾക്ക് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. പന്തൽ, ഫുഡ്, സെക്യൂരിറ്റി എന്നീ കാര്യങ്ങൾ ജോൺ ജോസഫാണ് നോക്കിയത്. പ്രസംഗം, സമയക്രമീകരണം, ലീഡിംഗ്, മറ്റ് സ്റ്റേജിലെ പ്രോഗ്രാമുകൾക്കെല്ലാം യഥാസമയം നിർദ്ദേശങ്ങൾ നൽകിയിരുന്നു.

*വർഷങ്ങൾക്കു ശേഷം സഭയ്ക്കുവേണ്ടി സ്ഥലം വാങ്ങിയത് പ്രസിഡന്റിന്റെ മാത്രം വിജയമായി പ്രചരിക്കുന്നുണ്ടല്ലോ?*

ഈ കൗൺസിൽ നിലവിൽ വന്നപ്പോൾ അടിസ്ഥാന സൗകര്യ



വികസനത്തിന് പ്രത്യേക പരിഗണന നൽകിയിരുന്നു. അതിനുവേണ്ടി എക്സിക്യൂട്ടീവ് ഒരു ടീമായി പ്രവർത്തിച്ചു. പ്രസിഡന്റ് എന്ന നിലയിൽ പാസ്റ്റർ ജേക്കബ് ജോൺ ഊർജ്ജം പകർന്നു.

*80 വർഷത്തെ ചരിത്രം മറന്ന് നേട്ടങ്ങൾ എല്ലാം സ്വന്തം അക്കൗണ്ടിലാക്കാൻ ചിലർ ഏകപക്ഷീയമായി പ്രചരണം നടത്തുന്നതിനെക്കുറിച്ച്?*

ഞാൻ പറഞ്ഞല്ലോ, എല്ലാം കൂട്ടായ തീരുമാനങ്ങളാണ്. ആർക്കും ഒറ്റയ്ക്ക് ഒന്നും ചെയ്യാൻ സാദ്ധ്യമല്ല.

*സമീപകാലത്തുണ്ടായ കേസുകൾ സഭയുടെ പ്രതിഛായയെ ബാധിച്ചില്ലേ?*

കേസുകൾ സഭയുടെ ആത്മീക അച്ചടക്കത്തെ ബാധിക്കുന്നുണ്ട്. കേസുകൾ പലതും വ്യക്തിപരമാണ്.

*വിശ്വാസികളെ ജ്യൂഡീഷ്യൽ ആക്ടിവിസത്തിലേക്ക് തള്ളിവിടുന്നതിൽ നേതൃത്വത്തിന് പങ്കില്ലേ?*

തീർച്ചയായും ഉണ്ട്. പ്രശ്നങ്ങൾക്ക് ആത്മിക വീക്ഷണത്തിൽ പരിഹാരം കണ്ടെത്തുകയാണ് വേണ്ടത്. പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ആഭ്യന്തര സംവിധാനം ആവശ്യമാണ്.

*നേതാക്കന്മാരും കേസു കൊടുക്കുന്നുണ്ടല്ലോ?*

ഒന്നുപറഞ്ഞ് രണ്ടാമത്, ഞാൻ കോടതിയിൽ പോകുമെന്നാണ് ചിലർ കൗൺസിൽ യോഗങ്ങളിൽ പറയുന്നത്. ഇത് ആത്മികമല്ല. ഇതിനെക്കുറിച്ച് വ്യക്തമായ പാഠം കൊരിന്ത്യ ലേഖനത്തിലുണ്ട്. സഭാ കേസുകൾ കോടതിയിൽ എത്തുന്നതിൽ വിശ്വാസി സമൂഹത്തിന് ആശങ്കയുണ്ട്.

*സഭയുടെ ആരംഭ കാലങ്ങളിലും കേസുണ്ടായിരുന്നു. അതുകൊണ്ട് സഭാ കേസുകളെ ചിലർ നിസ്സാരവൽക്കരിക്കുന്ന പ്രവണത കാണുന്നുണ്ടല്ലോ?*

അക്കാലത്ത് നാം വലിയ സംഘടിതരല്ലായിരുന്നു. മീഡിയായുടെ സ്വാധീനവും കുറവായിരുന്നു. ഇന്ന് സ്ഥിതിമാറി. പത്രങ്ങൾ, ദൃശ്യമാധ്യമങ്ങൾ, സോഷ്യൽ മീഡിയ ഇതൊക്കെ വലിയ സ്വാധീനം ചെലുത്തുന്നുണ്ട്. സമീപകാലത്ത് നടന്ന പല സംഭവങ്ങളും സോഷ്യൽ മീഡിയകളിൽ വലിയ ചർച്ചയായിരുന്നു.

*ജനറൽ കൺവൻഷനിലേക്ക് മുഖ്യമന്ത്രിയെ ഒദ്യോഗികമായി ക്ഷണിച്ചിരുന്നോ?*

നവതി ആഘോഷങ്ങളുടെ സമാപന യോഗത്തിൽ പങ്കെടുക്കാൻ വെള്ളിയാഴ്ച 4.30-5.30 വരെയുള്ള സമയം മുഖ്യമന്ത്രിക്ക് നൽകിയിരുന്നു. എന്നാൽ പൊതുയോഗം ആരംഭിച്ച ശേഷമാണ് അദ്ദേഹം എത്തിയത്. പ്രസിഡന്റിന് വ്യക്തിപരമായി ഇതൊന്നും താല്പര്യമില്ലായിരുന്നു. അദ്ദേഹത്തിന്റെമേൽ ബാഹ്യ സമ്മർദ്ദം ഉണ്ടായി.

*മുഖ്യമന്ത്രി വന്ന സമയത്ത് സ്റ്റേജിൽ നടന്ന പല കാര്യങ്ങളും ഒരുപാട് വിമർശനങ്ങൾക്ക് കാരണമായല്ലോ?*

അജണ്ടയിൽ ഇല്ലാത്ത കാര്യങ്ങളാണ് സ്റ്റേജിൽ നടന്നത്. ഇനിയും ഇതൊന്നും അനുവദിക്കുകയില്ല.

*ആദ്യകാല കൺവൻഷനുകളിൽ ആത്മരക്ഷ, സമർപ്പണം, ആത്മസ്നാനം, കൃപാവര ശുശ്രൂഷയുടെ പ്രകടനം ഇതിനൊക്കെയായിരുന്നു മുൻഗണന. ഇന്ന് ഇതൊക്കെ മാറിപ്പോയോ?*

ഇല്ല; ഞാനും ഭാര്യയും കൺവൻഷനിലെ പ്രഭാത പ്രാർത്ഥനയിൽ സ്ഥിരമായി പങ്കെടുത്തു. വലിയ വിടുതലുകൾ നടക്കുന്നത് നേരിൽ കണ്ടു. ചിലരുടെ ഭൂതങ്ങൾ വിട്ടുപോയി. ഇന്നും ഇതൊക്കെ നടക്കുന്നുണ്ട്. ഇനിയും നാം ഇതിന് മുൻതൂക്കം നൽകും.

*മിഷനറി കോൺഫ്രൻസ്, യുവജന സമ്മേളനം ഇതൊക്കെ ഗൗരവമായി പലരും കണ്ടില്ല?*

ശരിയായ ഇൻഫർമേഷൻ പലർക്കും ലഭിച്ചിരുന്നില്ല. പലരും ഇത് ഗൗരവമായി എടുത്തില്ല. ഇനിയും ഇത്തരം മീറ്റിംഗുകൾക്ക് കൂടുതൽ പ്രാധാന്യം നൽകും.

*രണ്ട് വർഷങ്ങൾക്കുമുമ്പ് കുട്ടികളുടെ പ്രോഗ്രാമുകൾ വലിയ വിജയമായിരുന്നു. അത് നിർത്തലാക്കിയത് കുട്ടികളെ നിരാശരാക്കിയെന്ന അഭിപ്രായമുണ്ടല്ലോ?*

ഇപ്രാവശ്യം നടത്താൻ താല്പര്യമുണ്ടായിരുന്നു. എന്നാൽ ക്രമീകരിക്കാൻ സമയം ലഭിച്ചില്ല. ദൈവം അനുവദിച്ചാൽ അടുത്ത വർഷം പരിഗണിക്കും.

*ഇന്ത്യയിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് സഭയാണ് ഐപിസി എന്നാണ് പൊതുവെ അറിയപ്പെടുന്നത്. ഐപിസിക്ക് അന്താരാഷ്ട്രതലത്തിൽ എത്ര സഭകളുണ്ടെന്ന് പറയാമോ?*

കൃത്യമായ കണക്ക് പറയാൻ നിർവാഹമില്ല. ഇന്ത്യയിലും വിദേശത്തുമുള്ള വിവിധ സ്റ്റേറ്റ്/റീജിയനുകളുമായി ബന്ധപ്പെട്ട് സഭകളുടെയും ശുശ്രൂഷകന്മാരുടെയും മറ്റും കണക്ക് ശേഖരിച്ചുകൊണ്ടിരിക്കുന്നു. അടുത്ത മൂന്നു മാസത്തിനുള്ളിൽ കൃത്യമായ കണക്കുകൾ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

*ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിലെ വലിയ പെന്തെക്കോസ്ത് സഭയ്ക്ക് ദാർശനിക നേതൃത്വമല്ലെ ആവശ്യം?*

മാറിയ സാമൂഹിക സാഹചര്യത്തിൽ പുതിയ വെല്ലുവിളികളെ നേരിടാൻ ദാർശനിക നേതൃത്വം ആവശ്യമാണ്. നമ്മുടെ രാജ്യത്തെ വൈജ്ഞാനിക- മാധ്യമ മേഖല കുതിച്ചുചാട്ടത്തിലാണ്. മാറ്റങ്ങൾ വിശ്വാസികളിലും പ്രകടമാണ്. മാറ്റങ്ങളെ ഉൾക്കൊൾക്കൊള്ളുന്ന ധൈഷണിക നേതൃത്വം അനിവാര്യമാണ്.

*ജനറൽ സെക്രട്ടറി സ്ഥാനത്ത് തുടർന്നാൽ താങ്കളുടെ മുൻഗണന ഏതിനായിരിക്കും?*

മിഷനുതന്നെയായിരിക്കും പ്രാധാന്യം. ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ യാത്രചെയ്ത് പ്രശ്നങ്ങൾ പഠിക്കും. സഭാസ്ഥാപനം, സഭാ വളർച്ച എന്നിവയ്ക്ക് പ്രത്യേകം പ്രാധാന്യം നൽകും. മിഷൻ കോൺസെപ്റ്റുള്ള നേതൃത്വമാണ് നമുക്കാവശ്യം.

*താങ്കളുടെ പുതിയ മാനിഫെസ്റ്റോ എന്താണ്?*

യുവാക്കളെ കേന്ദ്രീകരിച്ചുള്ള പ്രത്യേക പ്രോഗ്രാമുകൾ, സഭയിലെ എംപ്ലോയീസിനേയും പ്രൊഫഷണലുകളേയും സംഘടിപ്പിക്കുക, ശുശ്രൂഷകന്മാർക്ക് തുടർ വിദ്യാഭ്യാസം നൽകുന്ന റിഫ്രഷ്മെന്റ് പ്രോഗ്രാം, പാസ്റ്റർമാരുടെ ക്ഷേമ പ്രവർത്തനങ്ങൾ ഇവ എന്റെ മനസ്സിലുള്ള ആശയങ്ങളാണ്.

*ന്യൂ ജനറേഷൻ പ്രവണതകളെപ്പറ്റി?*

ഇത് സഭയ്ക്ക് ഭീഷണിയല്ല. വചനവിരുദ്ധമായ ഒരു ശുശ്രൂഷയും നാം അംഗീകരിക്കുകയില്ല.

*ചില പരിഷ്ക്കരണങ്ങൾ നമുക്കും ആവശ്യമില്ലേ?*

പെന്തെക്കോസ്തിന്റെ തനിമ നിലനിർത്തി, ചില പരിഷ്ക്കാരങ്ങൾ ആവശ്യമാണ്. പാരമ്പര്യ സഭകളുടെ ദൗർബല്യങ്ങൾ പുതിയ പ്രവണതക്കാർ മുതലെടുക്കുന്നുണ്ട്.

*കൺവൻഷൻ പ്രസംഗ വേദിയിൽ മോശം പ്രയോഗങ്ങൾ ചിലർ നടത്തിയതിനെപ്പറ്റി?*

നേതൃത്വത്തിന്റെ എതിർപ്പ് അവരെ അറിയിച്ചിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ ഇനിയും സ്റ്റേജിൽ അനുവദിക്കുകയില്ല.

*പ്രസംഗ ശാസ്ത്രം, പാസ്റ്ററൽ തിയോളജി തുടങ്ങിയ പുസ്തകങ്ങൾ എഴുതിയവരാണല്ലോ ഈ അശാസ്ത്രീയത കാണിക്കുന്നത്?*

പുസ്തകങ്ങൾ എഴുതിയാൽ പോരാ. അത് പ്രയോഗത്തിൽ കാണിക്കണം. ആരായാലും തെറ്റായ പ്രവണത അനുവദിക്കില്ല.

*സഭയുടെ ചില നേതാക്കന്മാരും പ്രസംഗകരും ദുരുപദേശകരോട് അനുരജ്ഞനപ്പെടുന്നതിനെക്കുറിച്ചുള്ള അഭിപ്രായം?*

ഇത് നല്ല പ്രവണതയല്ല. ഇരട്ടത്താപ്പ് ഉപേക്ഷിച്ച് ഉപദേശത്തിനുവേണ്ടി ശക്തമായ നിലപാട് സ്വീകരിക്കണം.

*ഭരണഘടനാ ഭേദഗതി ഉടനെ ഉണ്ടാകുമോ?*

പുതിയ കരട്, അമന്റ്മെന്റ് കമ്മിറ്റി തയ്യാറാക്കി ജനറൽ കൗൺസിലിൽ വിശദമായ ചർച്ച നടത്തും. തുടർന്ന് ജനറൽ ബോഡിയിൽ അവതരിപ്പിച്ച് പാസാക്കും.

*ഒരു ദിവസം രാത്രിയിൽ മൂന്നു പ്രസംഗം, ഒട്ടനവധി ആശംസകൾ ഇതിന്റെ ആവശ്യമുണ്ടോ?*

പല കോണുകളിൽ നിന്നും പരാതി ഉയർന്നിട്ടുണ്ട്. കഴിഞ്ഞ കൗൺസിലിൽ ഇത് ചർച്ചയ്ക്ക് വന്നിരുന്നു. കൂടുതൽ പേർ പ്രസംഗിച്ചാൽ ആർക്കും സമയം കിട്ടാതെ വരും. അടുത്തവർഷം പ്രസംഗിക്കുന്നവർക്ക് മാന്യമായ സമയം നൽകും. ആശംസകൾ പരമാവധി ഒഴിവാക്കും.

*"ലോബിയിംഗ്" ഒരു പ്രശ്നമാണല്ലോ? താങ്കൾക്ക് ലോബി ഉണ്ടോ?*

എനിക്ക് സഭയിൽ ഒരു ലോബിയുമില്ല. ഞാൻ എല്ലാവരോടും സഹകരിച്ചുപോകാൻ ആഗ്രഹിക്കുന്നു.

*കോർപ്പറേറ്റ്വത്ക്കരണം, ക്രിമിനൽ വാസന ഇതൊക്കെ സഭയെ സ്വാധീനിക്കുന്നുണ്ടല്ലോ?*

സഭ വിശുദ്ധി

04

# മാതൃകാ പുരുഷനായിരുന്ന പാസ്റ്റർ വൈ. സഖറിയ

## പിതാവിനെക്കുറിച്ചുള്ള മകന്റെ ഓർമ്മക്കുറിപ്പ്

കഴിഞ്ഞ ലക്കം തുടർച്ച....



പാസ്റ്റർ വൈ. സഖറിയയും സഹധർമ്മിണിയും



പാസ്റ്റർ ജോൺസൺ സഖറിയ

മറ്റൊരു യോഗസമയം, അന്നത്തെ പ്രധാന സംഗീതോപകരണം തമ്പേർ മാത്രമായിരുന്നു അതു ചുമക്കുന്നതും കൊട്ടുന്നതും എന്റെ പ്രധാന കർത്തവ്യം ആയിരുന്നു. എല്ലാവരും ആത്മനിവിൽ ആരാധിക്കുന്ന സമയം. അയൽപക്കത്തു താമസിക്കുന്ന ഒരു ഹോമിയോ ഡോക്ടർ കോപാകുലനായി ഓടി വന്നു എന്റെ കൈയ്യിൽ നിന്നും തമ്പേർ പിടിച്ചു വാങ്ങി കൊണ്ടുപോയി തന്റെ വീട്ടിൽ വച്ച്. എന്നാൽ അതുകൊട്ടുവാനുള്ള കമ്പ് എന്റെ കൈവശം തന്നെയായിരുന്നു. ദൈവസാന്നിധ്യത്തിൽ സന്തോഷിച്ച ജനം തമ്പേറിന്റെ അസാന്നിധ്യം ഗണ്യമാക്കിയിരുന്നല്ല

മണികുറുകൾക്കു ശേഷം എന്തോ പരിഭ്രാന്തി നിറഞ്ഞവനായ ഹോമിയോ ഡോക്ടർ കിടക്കവിട്ടു എഴുന്നേറ്റ് നിദ്രാവിഹീനമായ രാത്രി തനിക്കു താങ്ങാവുന്നതിലും അധികമായിരുന്നു. പ്രഭാതത്തിൽ താൻ ഓടി അപ്പച്ചന്റെ അരികെ വന്നു പറഞ്ഞു "പാസ്റ്ററെ തമ്പേർ വീട്ടിലുണ്ട് വന്നു എടുത്തുകൊണ്ടു പോകണമെന്ന്". മറുപടി ആരും എടുക്കുവാൻ വരില്ല നിങ്ങളു തന്നെ അതു ഇവിടെ കൊണ്ടുവന്നു തരണമെന്നുള്ള അപ്പച്ചന്റെ പ്രസ്താവന ഡോക്ടറുടെ "ഈ ഗോ" ചൂടുപിടിക്കുന്നതായിരുന്നു. അതു നടക്കത്തില്ല എന്നു വിളിച്ചു പറഞ്ഞനന്തരം ഡോക്ടർ വന്നതിലും വേഗം തിരിച്ചു പോയി. തന്റെ പുതിയ വീടിന്റെ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നതിനാൽ തത്കാലതാമസത്തിനായി നിർമ്മിച്ച ഒരു വീട്ടിലായിരുന്നു തന്റെ വാസം. മിനിറ്റുകൾ കഴിഞ്ഞില്ല തന്റെ വീടിനു തീ പിടിച്ചു. നാട്ടുകാർ ഓടികൂടി തീയണക്കുന്ന വേളയിൽ വന്നവരിൽ ഒരാൾ ഹോമിയോ വൈദ്യരോടു പറഞ്ഞു ഈ തമ്പേർ ഇനി ഇവിടെ ഇരുന്നാൽ ഇനിയും പ്രശ്നങ്ങളുണ്ടാകും ആകയാൽ പാസ്റ്ററോട് ക്ഷമപറഞ്ഞു ഇത് തിരിച്ചുകൊടുക്കണമെന്ന്. ഗതികെട്ട വൈദ്യർ തമ്പേറുമായി ഞങ്ങളുടെ പാഴ്സനേജിലേക്കു കയറി വരുന്ന കാഴ്ച ഇപ്പോഴും എന്റെ മുമ്പിലുണ്ട്. ഈ സംഭവം നാട്ടിലെങ്ങും പരന്നതോടെ ജനത്തിനിടയിൽ ദൈവഭയം വർദ്ധിച്ചുകൊണ്ടിരുന്നതു പ്രവർത്തനങ്ങൾക്ക് പ്രയോജനമായി.

അനുഭവങ്ങൾ കുറിക്കുവാൻ തുടങ്ങിയാൽ ഒരു പുസ്തകം തന്നെ രൂപപ്പെടും. ആകയാൽ അനേകം ആളുകളെ ഒരു ബ്രാക്കറ്റിൽ ആക്കിയനന്തരം മുമ്പോട്ടുപോകുകയാണ്. വെളിയിൽ നിന്നുള്ള പ്രശ്നങ്ങളെക്കാൾ അകത്തുനിന്നുള്ള പ്രശ്നങ്ങളാണ് അപ്പച്ചനെ ഭയപ്പെടുത്തിയത്. "എന്നെ നിന്ദിച്ചതു ഒരു ശത്രുവല്ല....... എങ്കിൽ ഞാനതു സഹിക്കുമായിരുന്നു" എന്നുള്ള ശബ്ദം പ്രസിദ്ധമാണല്ലോ. കർത്താവിന്റെ ശിഷ്യഗണത്തെ വീക്ഷിക്കു അതിൽ തന്നെ ഒറ്റിക്കൊടുക്കുന്നവരുണ്ട്. ആവശ്യം വരുമ്പോൾ തള്ളി പറയുന്നവരുണ്ട്. തനിക്കു വിധേയപ്പെടുന്നില്ലെങ്കിൽ അവരുടെ മേൽ തീയിറക്കണമെന്നു പറയുന്നവരുണ്ട്. ഇതെല്ലാം ഇന്നുമുണ്ട്. ശുശ്രൂഷകളിൽ അപ്പച്ചനു ലഭിച്ചിരുന്ന അസാധാരണ അംഗീകാരം പലരുടെയും മനസമാധാനം കെടുത്തുന്നതായിരുന്നു. ഒരു കാലത്തു കേരളത്തിലെ കൺവൻഷൻ സ്റ്റേജുകളിൽ പാസ്റ്റർ വൈ.സഖറിയ എന്നു പേരു എന്നുമുണ്ടായിരുന്നു. സമുദായക്കാർ നടത്തുന്ന യൂണിയൻ കൺവൻഷനിലും അപ്പച്ചൻ പ്രധാന പ്രസംഗകനായിരുന്നു. യഹോവസാക്ഷികൾ, ശബത്തുക്കാർ എന്നിവരുടെ ദുരുപദേശങ്ങൾക്കു എതിരെയുള്ള ഖണ്ഡന പ്രസംഗങ്ങളുടെ ഒരു പരമ്പര തന്നെ കേരളത്തിലുട നീളം അപ്പച്ചൻ നടത്തിയിരുന്നു.

ദൈവാനുഗ്രഹമായി ലഭിച്ച ഭാഷാജ്ഞാനം മാന്യമായ സംസ്കൃത പാണ്ഡിത്യം മറ്റുമതങ്ങളെ കുറിച്ചുള്ള അറിവ്, തന്നിൽ വ്യാപരിച്ചിരുന്ന അത്യന്തശക്തിയുടെ ശ്രേഷ്ഠത, ദൈവവചനത്തെക്കുറിച്ചുള്ള ശ്രേഷ്ഠമായ അറിവ്, വചനശുശ്രൂഷയുടെ പ്രത്യേകത അങ്ങനെയെല്ലാമുള്ള അനുഭവങ്ങൾ ഒരിക്കലും മെനക്കെട്ടു നിൽക്കാതെ അദ്ധ്വാനിക്കുവാനുള്ള അവസരങ്ങളായി മാറി. മുളക്കുഴ മൗണ്ട് സീയോൻ ബൈബിൾ കോളജിലും, ന്യൂ ഇൻഡ്യാ ബൈബിൾ കോളജിലും അപ്പച്ചൻ പ്രധാന അദ്ധ്യാപകരിൽ ഒരാളായിരുന്നു. കേരളത്തിലുണ്ടായിരുന്ന മിസ്പാ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും പ്രിൻസിപ്പാൾ അപ്പച്ചൻ തന്നെയായിരുന്നു. പത്രോസ് ലേഖനമെഴുതിയതു വൃദ്ധന്മാർക്കാണെങ്കിലും അവരോടു പറയേണ്ടി വന്നു "എല്ലാ....അസൂയയും നീക്കികളഞ്ഞ് ഇപ്പോൾ ജനിച്ച ശിശുക്കളേയും പോലെ ആകണമെന്ന് ആകയാൽ വൃദ്ധന്മാരുടെ ഇടയിൽ ഇന്നും മുഴുത്തു മൂത്ത അസൂയാലുക്കൾ ഉണ്ട്. അവർ വളരെ ദോഷം ചെയ്യുന്നവരുമാണ്. അതിനുദാഹരണമായി ഒരു സംഭവമെങ്കിലും കുറിക്കട്ടെ.

ന്യൂ ഇൻഡ്യാ ബൈബിൾ കോളജിൽ അപ്പച്ചനെ അദ്ധ്യാപകനായി വിളിച്ചതിൽ അസൂയ മൂത്ത ഒരു സഹപ്രവർത്തകൻ സംസ്ഥാനാധിപനെ കൂട്ടുപിടിച്ച് അതിനു വിലക്കു കല്പിക്കുവാൻ നിയമനിർമ്മാണത്തിനു പ്രേരിപ്പിച്ചു. അടിയന്തര കൗൺസിൽ വിളിച്ചു കൂട്ടി. ദൈവസഭയിലെ ശുശ്രൂഷകന്മാർ സഭക്ക് വെളിയിലുള്ള ഒരു ബൈബിൾ സ്കൂളിലും പഠിപ്പിക്കുവാൻ പാടില്ല എന്ന പ്രമേയം അവതരിപ്പിച്ചനന്തരം സൂത്രധാരന്മാർ സുസ്മേരവദനരായി മൗനം പാലിച്ചു. പ്രമേയത്തിലെ കുരുക്കു മനസ്സിലാക്കിയ അപ്പച്ചൻ സംസ്ഥാനാധിപനായ അദ്ധ്യക്ഷനോട് ഒന്നുരണ്ടു ചോദ്യങ്ങൾ ചോദിച്ചു. (1) ഈ നിയമം എല്ലാവർക്കും ബാധകമാണോ? അദ്ധ്യക്ഷന്റെ മറുപടി- അതെ ഏവർക്കും ബാധകമാണ്. (2) അങ്ങനെയാണെങ്കിൽ സംസ്ഥാനാധിപന്റെ പേർ വിളിച്ചു കൊണ്ടു ചോദിച്ചു, താങ്കൾ ഇന്നിന്ന ദിവസങ്ങളിൽ പഠിപ്പിക്കുവാൻ പോകുന്ന ബൈബിൾ ക്ലാസുകൾ ദൈവസഭയുടെ ചുമതലയിൽ നടക്കുന്നതാണോ? സംസ്ഥാനാധിപന്റെ നാവ് ചലിച്ചില്ല. ആ പാര അവിടെ വെച്ചു ഒടിഞ്ഞു. അതുകൂടാതെ അന്യായമായ മറ്റുള്ളവരെ പീഡിപ്പിച്ചിരുന്ന ഇവർ രണ്ടുപേരും ദൈവസഭവിട്ടു പോകേണ്ടതായും വന്നു. ഒരു പ്രത്യേകവേളയിൽ കാരിസായിപ്പ് അപ്പച്ചനെ വിളിച്ചു ഓവർസീയർ സ്ഥാനം ഏറ്റെടുക്കണമെന്നാവശ്യപ്പെട്ടപ്പോൾ വ്യക്തിപരമായ ചില തടസങ്ങൾ ഉന്നയിച്ചനന്തരം അതു നന്ദിപൂർവ്വം നിരസിച്ച വിഷയം സായ്പ്പിൽ നിന്നാണ് എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞത്. എങ്കിലും സ്റ്റേറ്റ് കൗൺസിൽ എക്സിക്യൂട്ടീവ് കൗൺസിലും ദീർഘനാളുകൾ താൻ അംഗമായിരുന്നു. മറ്റനേകം ഡിപ്പാർട്ട്മെന്റുകളുടെ ചുമതലകളും താൻ വഹിച്ചിരുന്നു. തന്നിൽ വസിച്ചിരുന്ന ദൈവസാനിധ്യം എവിടേയും തന്നെ വിജയത്തിലേക്കു നടത്തി.

സാമ്പത്തിക വിഷയത്തിൽ അപ്പച്ചനെ ശത്രുക്കൾപ്പോലും കുറ്റപ്പെടുത്തുകയില്ല കാരണം സുവിശേഷമേഖലയിൽ നിന്നും ലഭിച്ച നന്മകൾ കൊണ്ട് ഭൂമിയിൽ ഒരു സെന്റ് സ്ഥലം പോലും വാങ്ങിയിരുന്നില്ല. ലഭിക്കുന്ന നന്മകളുടെ ഭൂരിഭാഗവും കർത്തൃമേഖലക്കായിട്ടു ചെലവഴിച്ചിരുന്നത്. ബുദ്ധിമുട്ടുന്ന അനേകം വ്യക്തികൾക്കു അപ്പച്ചൻ അവസാനത്തോളം ആശ്വാസമായിരുന്നു. ദശാംശം പൂർണ്ണമായി കൊടുക്കുന്നപാസ്റ്റർക്കുള്ള അവാർഡും ആദ്യമായി നേടിയ പാസ്റ്റർ എന്റെ പിതാവാണ്. തന്റെ വിശ്വാസപ്രമാണങ്ങൾക്ക് വിരുദ്ധമായി ഒന്നും ചെയ്യുവാൻ താൻ ആഗ്രഹിച്ചിരുന്നില്ല. അമേരിക്കയിൽ വന്നനന്തരം ദൈവസഭാ ആസ്ഥാനത്തുനിന്നു എല്ലാ ക്രിസ്തുമസ്സും സമയങ്ങളിലും ക്രിസ്തുമസ്സ് സമ്മാനമായി 100 ഡോളർ അയച്ചു കൊടുക്കുമായിരുന്നു. എന്നാൽ അപ്പച്ചൻ അതു നന്ദിപൂർവ്വം മടക്കി കൊടുക്കും കാരണം അന്വേഷിച്ചപ്പോൾ ഞാൻ ഈ വിധത്തിലുള്ള ആഘോഷങ്ങളിൽ വിശ്വസിക്കാത്തതിനാൽ ഇതിന്റെ പേരിലുള്ള സമ്മാനവും വാങ്ങുന്നതു ശരിയല്ലല്ലോ എന്നതതായിരുന്നു. നീണ്ട 70-ൽ പരം വർഷങ്ങളുടെ കർക്കൃവേലയിൽ ആയിരുന്നിട്ടും ഭൂമിയിൽ ഒരു നിക്ഷേപവും ഇല്ലാതിരുന്ന എന്റെ പിതാവ് പാസ്റ്റർ വൈ.സഖറിയ സ്വർഗ്ഗത്തിൽ നിക്ഷേപിക്കുന്നതിൽ ഒട്ടും പിശക്കു കാണിച്ചിട്ടില്ല.

65 വയസ്സ് കഴിഞ്ഞാൽ എല്ലാറ്റിൽ നിന്നും ഒഴിഞ്ഞിരിക്കേണമെന്നുള്ളതാണ് കേരളത്തിന്റെ മാത്രം പ്രത്യേകത. ഈ പ്രായത്തോടടുത്തപ്പോഴാണ് ആദ്യമായി അപ്പച്ചൻ അമേരിക്ക സന്ദർശിക്കുന്നത്. പരേതനായ പാസ്റ്റർ റ്റി.ജി. ഈശോ ആണു അതിനെ അവസരം ഒരുക്കിയത്. അപ്പച്ചന്റെ ഒരു ആത്മാർത്ഥ സുഹൃത്തായിരുന്ന പാസ്റ്റർ മത്തായി പി. മത്തായി അപ്പച്ചനെ വീണ്ടും അമേരിക്കയിൽ എത്തിച്ചത്. ഹൂസ്റ്റനിലുള്ള ഒരു സഭയും അതിലെ ചില സഹോദരന്മാരുടെ പരിശ്രമം നിമിത്തം അപ്പച്ചൻ ഇവിടെ സ്ഥിരതാമസത്തിനു അവസരം ലഭിച്ചു. കേരളത്തിൽ വിരമിക്കലിനുള്ള സമയമായി. ഹൂസ്റ്റണിലും ഡാളസിലുമുള്ള ചില സഭയുടെ പാസ്റ്ററായി പ്രവർത്തിച്ചു. ഈ സഭയിലെ കാലാവധികൾ അവസാനിച്ചപ്പോൾ കൂടാരം മാറ്റിയടിച്ച് സുവിശേഷവേലയിൽ "വിരമിക്കൽ" എന്നൊന്നില്ലെന്നു വിശ്വസിക്കുന്ന എന്റെ പിതാവ് പുതിയൊരു പ്രവർത്തനത്തിന് ആരംഭം കുറിച്ചു. അതത്രെ ന്യൂ ഗാർലാന്റ് ചർച്ച് ഓഫ് ഗോഡ്

അഭിമാനം ആർക്കും അടിയറവയ്ക്കാത്ത ആത്മിയത്തിനു മുൻതൂക്കം കൊടുക്കുന്നു. കർക്കശമായ പെരുമാറ്റത്തിലും കരുണയുള്ള കണ്ണുകളും മുഖത്തു നോക്കി മുഖം നോക്കാതെ കാര്യം പറയുമെങ്കിലും മുഖം മറയ്ക്കാത്ത നല്ലൊരു പിതാവ്. പാസ്റ്റർ പ്രസ്ഥാനത്തിൽ ഒരു നല്ല ഭരണാധികാരി. പ്രസംഗവേദിയിൽ സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്കുന്ന, പഠിപ്പിക്കുന്ന പ്രഭാഷകനും അദ്ധ്യാപകനും കർത്താവിന്റെ ദാസൻ എന്നതിൽ അഭിമാനം കൊള്ളുന്ന എന്റെ പിതാവിനെ എന്നും ഞാൻ ബഹുമാനപൂർവ്വം സ്മരിക്കുന്നു. കർത്തൃവേലയ്ക്ക് എന്റെ പിതാവ് ഇറങ്ങിയതോടുകൂടെ കുറഞ്ഞ 35 -ൽപ്പരം പാസ്റ്റേഴ്സ് ഞങ്ങളുടെ കുടുംബങ്ങളിൽ ഇന്നുണ്ട്. അതേ പാത പിന്തുടരുവാൻ എനിക്കും സാധിച്ച് കഴിഞ്ഞ 44-ൽ പരം വർഷമായി കർത്തൃവേലയിലും സഭാ ശുശ്രൂഷയിലും എനിക്കും എന്റെ കടുംബത്തിനും ആയിരിക്കുവാൻ കൃപയാൽ സാധിച്ച്. കൂടാതെ എന്റെ മക്കളിൽ മൂത്തവർ രണ്ടു പേരും (റവ. ഫിനോയി ലിൻഡ്സേ ജോൺസൺ, റവ. ഫിജോയി ലിനോർഡ് ജോൺസൺ) കുടുംബമായി കർത്തൃവേലയിൽ ആയിരിക്കുന്നു.

2012 ആഗസ്റ്റ് 10-ാം തീയതി വെള്ളിയാഴ്ച രാത്രി 11 കഴിഞ്ഞു 55 മിനിറ്റായപ്പോൾ ഞങ്ങളുടെ കണ്ണുകൾ നിറഞ്ഞു കവിഞ്ഞു. കാരണം ആ മഹാൻ ഞങ്ങളെ വിട്ടു സ്വന്തനാട്ടിൽ എത്തി. "യേശുവിലെൻ തോഴനെ കണ്ടേ പതിനായിരങ്ങളിൽ അതിശ്രേഷ്ഠൻ" എന്ന ഗാനത്തിന്റെ ശബ്ദം കാതിൽ മുഴങ്ങിയപ്പോൾ അല്പം തല ഉയർത്താൻ ശ്രമിക്കും വേളയിൽ കഴിഞ്ഞ ഏകദേശം 90 വർഷത്തോളം തന്നിൽ വസിച്ചിരുന്ന ആത്മാവ് അങ്ങു ദൈവസന്നിധിയിൽ എത്തി ചേർന്നിരുന്നു.

ഏതു പുരുഷന്റേയും വിജയത്തിനു പുറകിൽ ഒരു സ്ത്രീ സാനിധ്യമുണ്ടെന്നുള്ളതു എത്രയോ സത്യമാണ്. ഇവിടെ ഞങ്ങളുടെ അമ്മയാണു ആ മാന്യ മഹിള. ഒരു സ്റ്റേജിലും കയറാത്ത ഞങ്ങളുടെ മാതാവ് അപ്പച്ചൻ കയറുന്ന എല്ലാ സ്റ്റേജ്കളുടെയും പുറകിൽ ഉണ്ടായിരുന്നു. എത്ര വിലയേറിയ കാറുകളുണ്ടെങ്കിൽ വിലകുറഞ്ഞ ടയറുകളുടെ സ്ഥാനം വളരെ പ്രധാന്യമുള്ളതാണു എന്നു നമ്മൾ ഓർക്കാറില്ല. പക്ഷെ അതാണു സത്യം കുടുംബത്തിലെ ഭരണം അപ്പന്റെ കൈയിലാണെങ്കിൽ ഭാരം അമ്മയുടെ തോളിലും. കാറിന്റെ മുഴുവൻ ഭാരവും ടയറുകളിൽ ! ഫെയ്ത്ത് ഹോമുകളിലെ ഇടുക്കവും ഞെരുക്കവും തളർത്തുന്ന വേളകളിലും എന്റെ അമ്മ വീണുപോകാത്തിരിക്കുവാൻ ദൈവം സഹായിച്ചു. മക്കളും കൊച്ചുമക്കളും തനിക്കൊരു ഭാരമായിരുന്നില്ല. പുത്തൂർ കുഴിവിളയിൽ ശ്രീ. ചെറിയാൻ അന്നമ്മ എന്നിവരുടെ മക്കളായ റെയ്ച്ചല്ലമ്മയെ എന്റെ പിതാവ് വിവാഹം കഴിക്കുമ്പോൾ ആരും വിചാരിച്ചിരുന്നില്ല ദൈവരാജ്യത്തിലേക്കായി ഇവർ മാറുമെന്ന്. 2013 ജൂലൈ 23 ഉച്ചക്കഴിഞ്ഞ് 3.25നു ഞങ്ങളുടെ കണ്ണുകളെ ഈറൻ അണിയിച്ചു കൊണ്ട് അമ്മയും നിത്യതയിലേക്ക് പ്രവേശിച്ചു. ഡാളസ്സുള്ള റെസ്റ്റ് ലാൻഡ് സെമിത്തെരിയിൽ 'ഗാർഡൻ ഓഫ് ഇൻസ്പിരേഷൻ' എന്ന ഫ്ളോട്ടിൽ രണ്ടുപേരുടെയും ശരീരങ്ങൾ വിശ്രമിക്കുന്നു. വലിയ താമസമില്ലാതെ കല്ലറകൾ തുറക്കുമെന്നാണല്ലോ നമ്മുടെ വിശ്വാസം. അതു സംഭവിക്കും. ആ പ്രത്യാശ എന്നെയും ധൈര്യപ്പെടുത്തുന്നു.

## പ്രകാശനം ചെയ്തു



യുവസാഹിത്യകാരൻ സജി സീതത്തോടിന്റെ സുഗന്ധം പൊഴിക്കുന്ന രക്തപുഷ്പം എന്ന കവിതാസമാഹാരം പാസ്റ്റർ ഫിന്നി എബ്രഹാം ശ്രീ:മത്തായി ചാക്കോയ്ക്ക് നൽകി പ്രകാശനം ചെയ്തു. റവ:ഒ.എം രാജുക്കുട്ടി മുഖ്യപ്രഭാഷണം നടത്തി, സത്യസന്ധമായ സാമൂഹ്യവിമർശനങ്ങളും, ആത്മീയഗോളത്തിന്റെ ജീർണ്ണതയിൽ കവിക്കുള്ള ഉൾക്കണ്ഠയും പ്രതിഷേധവും സീതത്തോടിന്റെ കവിതകളിൽ നിറഞ്ഞുനിൽക്കുന്നുവെന്ന് അദ്ദേഹം പ്രസ്താവിച്ചു. രാജു എബ്രഹാം എം.എൽ.എ ആശംസകൾ അറിയിച്ചു.

കോപ്പികൾക്ക് ബന്ധപ്പെടുക +91 9495436727

# നിത്യതയിൽ



പാസ്റ്റർ കെ. റ്റി. ചാക്കോ (78)

മന്ദമരുതി: കണ്ണങ്കര കുടുംബാംഗവും ചർച്ച് ഓഫ് ഗോഡ് ശുശ്രൂഷകനുമായിരുന്ന പാസ്റ്റർ കെ. റ്റി. ചാക്കോ (78) നിത്യതയിൽ. മന്ദമരുതി എം. സി. യു. പി. സ്കൂൾ മുൻ അദ്ധ്യാപക നുംകൂടിയായിരുന്നു. സംസ്കാരശുശ്രൂഷ വട്ടാർകയം ചർച്ച് ഓഫ് ഗോഡ് സഭയുടെ ചുമത ലയിൽ നടത്തി. ശുശ്രൂഷകൾക്ക് പാസ്റ്റർ ബിനു തോമസ് നേതൃത്വം നൽകി. പാസ്റ്റേഴ്സ് റ്റി. സി. ഈശോ, കെ. എസ്. തോമസുകുട്ടി, അലക്സ് ഏബ്രഹാം, വൈ. റെജി, പി. ജി. മാത്യൂസ്, ജോസ് ബേബി, മുൻ ഓവർസിയർ എം. കുഞ്ഞപ്പി, ഷിബു കെ. മാത്യു, അനിയൻകുഞ്ഞ് ശാമുവേൽ, വി. സോളമൻ, പി. എ. രാജൻ, ഏബ്രഹാം സ്കറിയ തുടങ്ങിയവർ പ്രസംഗിച്ചു. പാസ്റ്റർ പി. സി. ചെറിയാൻ, പാസ്റ്റർ പി. ജെ. ജെയിംസ് എന്നിവർ പ്രധാനശുശ്രൂഷകൾ നിർവ്വഹിച്ചു.

ഭാര്യ: കുമ്പനാട് അടപ്പനാംകണ്ടത്തിൽ കുഞ്ഞുമോൾ. മക്കൾ: ഷേർളി, ഡോ. ഷാന്റി ചാക്കോ, ഷൈനി, ഷോളി (യു. എസ്. എ). മരുമക്കൾ: ഷാജി, അജി, ജോർജ്ജുകുട്ടി, സ്റ്റാൻലി (യു. എസ്. എ.).



തങ്കമ്മ ഡാനിയേൽ (91)

കുളത്തൂപ്പുഴ: കല്ലുവെട്ടാംകുഴി അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ പ്രാരംഭ കാല അംഗമായിരുന്ന തോപ്പിലയ്യത്ത് പരേതനായ റ്റി.ഇ. ഡാനിയേലിന്റെ സഹധർമ്മിണി തങ്കമ്മ ഡാനിയേൽ (91) നിത്യതയിൽ. അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് സൂപ്രണ്ട് റവ. റ്റി.ജെ. സാമുവലിന്റെ പിതൃ സഹോദര പത്നിയാണ് പരേത. റവ. റ്റി.ജെ. സാമുവൽ അന്തിമ ശുശ്രൂഷകൾ നിർവ്വഹിച്ചു. മക്കൾ: എം.ജോർജുകുട്ടി, ഗ്രേസിക്കുട്ടി, അമ്മിണി, കുഞ്ഞുകുഞ്ഞമ്മ, സ്വാൻകുട്ടി, പരേതയായ റോസ്സമ്മ, ലിസി, പരേതനായ ജോൺസൺ ഡാനിയേൽ, പാസ്റ്റർ വിൽസൺ ഡാനിയേൽ, ഷിബു റ്റി. ഡാനിയേൽ. മരുമക്കൾ: ചിന്നമ്മ ജോർജ്, പി.ഒ. ജോൺ, പി.റ്റി. വർഗീസ്, സ്വാൻ ഫിലിപ്പ്, സുസമ്മ, പി.വൈ. സാമുവേൽ, കുഞ്ചാണ്ടി വൈദ്യൻ, ലിസി വിൽസൺ, ബീന ഷിബു. കുളത്തൂപ്പുഴ ഷിബു (എഡിറ്റർ, ജനവീഥി), ഷാജൻ ജോൺ ഇടയ്ക്കാട് തുടങ്ങിയവർ കൊച്ചുമക്കളാണ്.



ഇവ. എം.വി. തോമസ് (60)

അങ്കമാലി: മുണ്ടനിൽക്കുന്നതിൽ ഇവ. എം.വി. തോമസ് (60) 2014 ഡിസംബർ 13 ശനി പുലർച്ചെ 5നു കർത്തൃസന്നിധിയിൽ പ്രവേശിച്ചു. മഞ്ഞപ്പിത്തത്തെത്തുടർന്നു തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ഭാര്യ: ശോശാമ്മ തോമസ് (പൊടിയമ്മ). മക്കൾ/മരുമക്കൾ: ഇവ. ജെയിംസ് എം. തോമസ് & സുപ്രിയ, ഫീബി അബി & അബി ഇട്ടിയവിര, ഡോ. ബിജോയി തോമസ് & സിനോ.



കെ.എം. ജോസഫ്-(86)

കോട്ടയം: കാക്കൂർ വെഞ്ചപ്പള്ളിൽ (കുന്നേൽ കുടുംബാംഗം)കെ.എം. ജോസഫ് (അച്ചായി - 86) നിത്യതയിൽ. പാസ്റ്റർ ഷിബു റ്റി. ജോർജ് നേതൃത്വം നൽകി. ചങ്ങനാശ്ശേരി സെക്ഷൻ പ്രെസ്ബിറ്റർ പാസ്റ്റർ ബിജി ഫിലിപ്പ് അന്തിമ ശുശ്രൂഷകൾ നിർവ്വഹിച്ചു. സെക്ഷൻ സെക്രട്ടറി പാസ്റ്റർ റോയി വർഗീസ് ശുശ്രൂഷകൾക്കു നേതൃത്വം നൽകി. ഭാര്യ: താന്നിക്കാട്ട് കുടുംബാംഗം പരേതയായ മറിയാമ്മ ജോസഫ്, മക്കൾ: ലീലാമ്മ ബാബു, ലൈലാമ്മ സോളമൻ, മാത്യു ജോസഫ്, ഗ്രേസി മനോജ്, ലിസിമോൾ ജോസഫ്, മരുമക്കൾ: പി.വി.ബാബു, സോളമൻ, ഷിജിമോൾ, മനോജ്.



ലൂക്കോസ് കൊച്ചുകുഞ്ഞ് (88)

ആയൂർ: മലപ്പേരൂർ കാടിയാട്ട് വീട്ടിൽ ലൂക്കോസ് കൊച്ചുകുഞ്ഞ് (88) സംസ്കാരം ആയൂർ സെന്റർ ശുശ്രൂഷകൻ പാസ്റ്റർ വർഗീസ് മത്തായിയുടെ സഭാ സെമിത്തേരിയിൽ നടത്തി. പാസ്റ്റർമാരായ ജോസഫ് മാത്യു, ടി.കെ ജോർജ്ജ് രാജൻ, സാബു മാത്യു,എൽ.സൈമൺ,ഷൈജുമാത്യു,തുടങ്ങിയവ ഭാര്യ: കലയപുരം പള്ളി വടക്കേതിൽ കുടുംബാംഗം പരേതയായ റാഹേലമ്മ തയായ കുഞ്ഞുമോൾ, മേരിക്കുട്ടി, ബാബുക്കുട്ടി (ഷാർജ) അച്ചൻകുഞ്ഞ്, ലീലാമ്മ. മരു എം.ടി ചെറിയാൻ (വെൺമണി), ആലീസ്, അനില, തോമസ്കുട്ടി (കുവൈറ്റ്).



പാസ്റ്റർ മാത്യൂസ് ജോർജ്ജ് (53)

തിരുവല്ല: താലൂക്കിൽ കടപ്ര മാന്നാർ അടുത്തറ വീട്ടിൽ ജോർജ്ജ്കുട്ടി പാസ്റ്റർ മാത്യൂസ് ജോർജ്ജ് (53) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. അബുദാബി യാർഡ് ചർച്ചിന്റെ പാസ്റ്ററായിരുന്ന അദ്ദേഹം അബുദാബി പെന്തെക്കോസ്ത് കോൺഗ്രിഗേഷന്റെ വൈസ് പ്രസിഡന്റായി സേവനം അനുഷ്ഠിക്കുകയായിരുന്നു. കഴിഞ്ഞ ദീർഘ വർഷങ്ങൾ കുടുംബമായി അബുദാബിയിൽ ആയിരുന്നു. സംസ്കാരം ഫെബ്രുവരി 23 തിങ്കളാഴ്ച രാവിലെ 10 മണിക്ക് ഭവനത്തിലെ ശുശ്രൂഷകൾക്ക് ശേഷം പരുമല ചർച്ച് ഓഫ് ഗോഡ് സെമിത്തേരിയിൽ നടത്തപ്പെട്ടു.

ഭാര്യ: ജാൻസി, മക്കൾ:ജിയോ, ക്രിസ്, മനു

# 01 പാസ്റ്റർ ജെ.സി. പാറക്കടവിലിന്....

പറവകൾ, സാത്താന്റെ പരീക്ഷകൾ എന്നീ കവിതകളും യന്ത്രകലപ്പ എന്ന നിരൂപണ ലേഖനങ്ങളും രചിച്ചിട്ടുണ്ട്.

റാന്നി പൊന്തൻപുഴ, ചെങ്കൽ/ ചുള, പരുത്തിപ്പാറ, തോന്നയ്ക്കൽ എന്നിവിടങ്ങളിലായി നടന്ന സംസ്കാര ശുശ്രൂഷകൾക്ക് ജെയ്സ് പാണ്ടനാട്, എ.റ്റി. തങ്കച്ചൻ, അനിൽ കൊടിത്തോട്ടം എന്നിവർ നേതൃത്വം നല്കി. പാസ്റ്റർമാരായ പി.സി.ചെറിയാൻ, ജോസഫ്.റ്റി.സാം, സണ്ണി വർക്കി, കെ.സി.സണ്ണിക്കുട്ടി, ബേബി മാത്യു, തോമസ് ഫിലിപ്പ്, രാജു മേത്ര, ജെ.സി. ദേവ്, ഡോ.ജെയ്സൺ തോമസ്, സുനിൽ വേട്ടമല, തോമസ് മാത്യു ചാരുവേലി, സാക് ജോൺ, കെ.സി.തോമസ്, നോബിൾ പി.തോമസ്, റ്റി.എ. രാജൻ, പി.എം. ജോർജ്ജുകുട്ടി എന്നിവർ പ്രസംഗിച്ചു. മാധ്യമ പ്രവർത്തകരായ സാംകുട്ടി മാത്യു, .ഷാജു അലിമുക്ക്, ബിജോയ് സഖറിയ, തോമസ് തോന്നയ്ക്കൽ, എന്നിവർ അനുശോചനമറിയിച്ചു. മുഖ്യമന്ത്രി ശ്രീ ഉമ്മൻ ചാണ്ടി, മന്ത്രി ശിവകുമാർ, മേയർ അഡ്വ. എം.ചന്ദ്രിക, ഡപ്യൂട്ടി മേയർ, കൗൺസിലർമാർ, എം. വിജയകുമാർ, തമ്പാനൂർ രവി, എ. സമ്പത്ത് എം.പി, ആന്റോ ആന്റണി എം.പി, അഡ്വ.മോഹൻകുമാർ, കടകംപള്ളി സുരേന്ദ്രൻ എന്നിവർ ആദരാഞ്ജലികൾ അർപ്പിച്ചു.

# 02 വേദ പഠനം.....

"ഇല്ല" എന്ന മ റുപടി ആയിരിക്കും. ഊരീയാവിന്റെ ഭാര്യ ദാവീദിനു പ്രസവിച്ച കുഞ്ഞിനു രോഗം ബാധിച്ചപ്പോൾ സൗഖ്യത്തിനുവേണ്ടി പ്രാർത്ഥിച്ചു, ദൈവം നൽകിയ മറുപടി നോ അഥവാ ഇല്ലാ എന്നാണ്, കു ട്ടി മരിച്ചു പോകുകയും ചെയ്തു. 2ശമു:12:15-25

# തെരഞ്ഞെടുത്തു



പാസ്റ്റർ ജേക്കബ് വർക്കി



പാസ്റ്റർ സാംകുട്ടി മാത്യു



പാസ്റ്റർ ലാലു കോശി

കുമ്പനാട്: ഇന്ത്യാ ബൈബിൾ കോളജ് & സെമിനാരി പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. ജനുവരി 24 ശനിയാഴ്ച നടന്ന പൂർവ്വവിദ്യാർത്ഥി സംഗമത്തിലാണ് തെരഞ്ഞെടുപ്പ് നടന്നത്. പാസ്റ്റർ സാജു ജോസഫിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ ഡയറക്ടർ പാസ്റ്റർ റ്റി. വത്സൻ എബ്രഹാം മുഖ്യ സന്ദേശം നൽകി. പാസ്റ്റർ രാജൻ ജെ. ആഷേർ, സിസ്റ്റർ സ്റ്റർലാ ലൂക്ക്, പാസ്റ്റർ ജേക്കബ് വർക്കി, സാംകുട്ടി മാത്യു, ജെയ്സ് പാണ്ടനാട് തുടങ്ങിയവർ പ്രസംഗിച്ചു. പുതിയ ഭാരവാഹികളായി പാസ്റ്റർ ജേക്കബ് വർക്കി (പ്രസിഡന്റ്), പാസ്റ്റേഴ്സ് പി. സി. ജോണിക്കുട്ടി, സാബു തോമസ്, കെ. ജെ. മാത്യു, അലക്സ് പാപ്പച്ചൻ, സജി മത്തായി (വൈസ് പ്രസിഡന്റുമാർ), പാസ്റ്റർ സാംകുട്ടി മാത്യു (ജനറൽ സെക്രട്ടറി), പാസ്റ്റേഴ്സ് ജെയ്സ് പാണ്ടനാട്, കെ. വി. ജേക്കബ്, മോൻസി മാമ്മൻ (സെക്രട്ടറിമാർ), പാസ്റ്റർ ലാലു കോശി (ട്രഷറാർ), സുജ മാത്യു, സോണിയ തോമസ് (ലേഡീസ് കോർഡിനേറ്റേഴ്സ്), അജീഷ് ജോർജ്ജ്, രതീഷ് എ. (കോർഡിനേറ്റേഴ്സ്), പാസ്റ്റേഴ്സ് ഐസക് സാമുവേൽ, സാബു ചാക്കോ, എൻ. ഡി. ജോൺസൺ, ജോമോൻ സ്കറിയ, അലിൻ എബ്രഹാം, സിസ്റ്റർ അന്നമ്മ തമ്പി (കമ്മറ്റി മെമ്പേഴ്സ്) എന്നിവരെ തെരഞ്ഞെടുത്തു. വിവിധ സ്റ്റേറ്റ് കോർഡിനേറ്റേഴ്സായി പാസ്റ്റേഴ്സ് മാത്യു പി. ജോൺ (തമിഴ്നാട്), പി. പി. ജോസഫ് (കർണ്ണാടക), പി. സി. ജോണിക്കുട്ടി (ആന്ധ്രാപ്രദേശ്), ഐ. ഗബ്രിയേൽ (തെലുങ്കാന), റെജി തോമസ് (മഹാരാഷ്ട്ര), സാബു തോമസ് (ഗുജറാത്ത്), ഡി. ജോയി (മധ്യപ്രദേശ്), സഖറിയ മാമ്മൻ (ഛത്തീസ്ഗഡ്), ഷാജി സേവ്യർ (ഒഡീഷ) എന്നിവരെയും തെരഞ്ഞെടുത്തു.

# ഓർഡിനേഷൻ നൽകി



കോട്ടയം: ഐ.പി.സി. ടാബർനാക്കിൾ സഭാംഗവും കഴിഞ്ഞ അഞ്ച് വർഷമായി വെല്ലൂർ എബനേസർ വർഷിപ്പ് സെന്റർ ശുശ്രൂഷകനായിരിക്കുന്ന ആൻഡ്രൂസ് കെ.ജോർജിനെ ഐപിസി തമിഴ്നാട് സ്റ്റേറ്റിന്റെ കൺവൻഷനിൽ വെച്ചു ജനുവരി 15-ന് പാസ്റ്റർ എം.എസ്സ്. ശാമുവേൽ ഓർഡിനേഷൻ നൽകി.


# എക്സൽ വിബി എസ്സ് പരിശീലനങ്ങൾ 2015

**പൂക്കൾ (FLOWERS -Songs of songs 2:12)** എന്നതാണ് നമ്മുടെ ചിന്താവിഷയം ഈ വർഷം 3500 ലധികം വിബി എസ്സുകളും 100 ലധികം പരിശീലനങ്ങളും നടത്തുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്തു വരുന്നു. കൃപയാൽ മലയാളം, ഹിന്ദി, കന്നട, ഇംഗ്ലീഷ് ഭാഷകളിൽ വി.ബി.എസ്സ് പ്രവർത്തനങ്ങൾ നമുക്കുണ്ട്. കഴിഞ്ഞ 8 ലധികം വർഷങ്ങൾ കൊണ്ട് വലിയ ഒരു മുന്നേറ്റമാണ് നമുക്കുള്ളത് ഇതിൽ നിങ്ങളുടെ പങ്കും വലുതാണ്. ഈ വർഷത്തെ പരിശീലനങ്ങളുടെ ക്രമീകരണങ്ങൾ താഴെ പറയുന്ന തീയതികളിൽ നടക്കുന്നു. നിങ്ങളുടെ സമീപത്തുള്ള ട്രെയിനിംഗ് ലിസ്റ്റ് നോക്കി മറക്കാതെ പങ്കെടുക്കുമല്ലോ? ഒപ്പം വി.ബി.എസ്സുകൾ നടത്തുവാനുള്ള ക്രമീകരണങ്ങളും ചെയ്യുമല്ലോ?

ഫെബ്രുവരി 21 കാസർഗോഡ്, സി.എസ്സ്. ഐ ഹാൾ,കാഞ്ഞങ്ങാട്. അലക്സ്. 9400103702
ഫെബ്രുവരി 23 തളിപ്പറമ്പ്, ഹൈവെ ഇൻ, വിനോദ്, 9495082653
ഫെബ്രുവരി 24 കണ്ണൂർ, ബൈബിൾ ഭവൻ, മേലേചൊവ്വ,റജിനോൾഡ്, 9895423871
ഫെബ്രുവരി 24 കോതമംഗലം, പാ. സാബു. 9447157936
ഫെബ്രുവരി 25 പാലക്കാട് ടൗൺ എ. ജി. ചർച്ച്, പാ.സത്യൻ 9605828744
ഫെബ്രുവരി 26 ചിറ്റൂർ , എ. ജി. ചർച്ച്, പാ.സത്യൻ 9605828744
ഫെബ്രുവരി 28 മൂവാററുപ്പുഴ അൻസൺ, 9846535388
ഫെബ്രുവരി 28 തൃശ്ശൂർ- കുന്നംകുളം. പാ. ജോൺ. 9961685049
ഫെബ്രുവരി 28 വയനാട്-മാനന്തവാടി ഹെബ്രോൻ ഹാൾ, പാ. ജയ്സൻ, , 9495030917
മാർച്ച് 2 നിലമ്പൂർ- പാലുണ്ട ചർച്ച് ഓഫ് ഗോഡ്, പാ. കെ സി ജോസഫ് 9497119129
മാർച്ച് 6 താമരശ്ശേരി , വ്യാപാര ഭവൻ , പാ.ബോബു എൻ.ഡി 9349338846
മാർച്ച് 7 കോഴിക്കോട്, പുതിയറ ചർച്ച് ഓഫ് ഗോഡ് പാ. ജോസ് 985480668
മാർച്ച് 7 പുനലൂർ ടൗൺ എ. ജി. ചർച്ച്, ജസ്ററിൻ. 9539014920, സാം. യു, 9037423463
മാർച്ച് 7 അടൂർ എ.ജി ചർച്ച്, പാ.ജിനോയി. 9847397347,
മാർച്ച് 11,12 തൃശ്ശൂർ-പറവട്ടാനി, ശാരോൻ ചർച്ച്, പാ. ഒ.പി ബാബു 9961197614
മാർച്ച് 12 വടക്കഞ്ചേരി, പാ. ജോയിസ്സ് 9447561154
മാർച്ച് 11 എറണാകുളം, പാലാരിവട്ടം ബഥേൽ എ.ജി ചർച്ച്, ബ്ലസ്സൻ 9846904487
മാർച്ച് 12 തൊടുപുഴ പാ.ജോബിൻ 9495023466,
മാർച്ച് 13 അടിമാലി, സി.ഡി.സി, ഒഴുവത്തടം, ബിജു. 9745699763
മാർച്ച് 9,10 കോട്ടയം, ഐ.പി.സി ഫിലദൽഫ്യ, കഞ്ഞിക്കുഴി. ബ്ര. കൊച്ചുമോൻ 9847725729
മാർച്ച് 14 ഗൂഡല്ലൂർ, അലേത്യാ ഇൻഡ്യ മിഷൻ, മർത്തോമ നഗർ, ഫാ. മർക്കോസ്.09486234137
മാർച്ച് 14 മുണ്ടക്കയം എ. ജി. ചർച്ച് പാ. ബ്ലസ്സൻ. 9495285579
മാർച്ച് 14 പത്തനാപുരം, ടൗൺ എ. ജി. ചർച്ച്, ജിബിൻ. 9656721175
മാർച്ച് 13,14 നെയ്യാറ്റിൻകര മുൻസിപ്പൽ ഹാൾ, പാ.റെജി 9562482676
മാർച്ച് 16, കാട്ടാക്കട, ക്രിസ്തു കൃപാശ്രമം. ബ്ര. ബ്രൈററ്.9446190073,രാജേഷ്. 9496988467
മാർച്ച് 16,17 തിരുവനന്തപുരം ന്യൂലൈഫ് ടൗൺ ചർച്ച്, സാംസൺ. 9495964095
മാർച്ച് 18 നെടുമങ്ങാട്, ആനാട്, സ്വർഗീയകൂടാരം, പാ.സ്ററുവർട്. 9947488279, പാ.ഷിബി 9946114432
മാർച്ച് 18 കൊല്ലം, വൈ.എം.സി.എ ഹാൾ, ജോബി കെ സി. 9847992788,
മാർച്ച് 19 അഞ്ചൽ എ. ജി. ചർച്ച്, പാ. കോശി കുര്യൻ 9400500720,
മാർച്ച് 19 മാവേലിക്കര, കല്ലുമല ചർച്ച്, ബെൻസ്സൺ 9526677871,
മാർച്ച് 20,21 മാരാമൺ, മർത്തോമ റിട്രീറ്റ് സെന്റർ, അനിൽ 9947401731,
മാർച്ച് 21 കുമളി ടൗൺ എ. ജി. ചർച്ച്, പാ. ബ്ലസ്സൻ, 9961959222,
മാർച്ച് 23 എറണാകുളം, തോപ്പുംപടി ദൈവസഭ, പാ. പോൾസൻ, 9995472323,
മാർച്ച് 27-28 കളിയിക്കാവിള, ഇ.സി.ഐ ചർച്ച് ഹാൾ. റവ.വിക്ളിഫ്. 9496547530
മാർച്ച് 28, മലപ്പുറം, തിരൂർ,ടൗൺ ഏ.ജി ചർച്ച്, ബ്ര. ഹെർബർട്ട് ഡേവിഡ്.9447412879

**VBS sylabus in different Laguages.. Special Package for Gulf Countries**

വിബിഎസ് നിങ്ങളുടെ സഭയിലും.........

**For More Details: +94 9583494, 94 96325026**

## ധ്യാനം

# ശിമോനെ, നീ ഭാഗ്യവാൻ!!



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com

മുറിയടച്ച് ഇമപൂട്ടി മുട്ടിന്മേൽ ഇരുന്നാലുടൻ കൺവെട്ടത്തു കടന്നു വരുന്നതെല്ലാം വെളിപ്പാടുകൾ ആണെന്നുള്ള ആധുനിക ദൈവശാസ്ത്രം പൂർണ്ണമായും ശരിയല്ല. (ദൈവത്തിൽ നിന്നുള്ളതിനെ വിസ്മരിക്കുന്നില്ല) അവിടെ നിന്ന് പ്രാപിച്ചു എന്ന വാദം ഉന്നയിച്ച് അതുമായി വേദികളിലെത്തി ആളുകളുടെ മുന്നിൽ അവതരിപ്പിച്ചു അതിമാനുഷരായി നിൽക്കുമ്പോൾ കേട്ടിരിക്കുന്ന ജനം പറയും “ഭാഗ്യവാൻ”. പക്ഷെ ദൈവബോധം വികലമാക്കുന്ന വൈകാരികതയിലൂന്നിയുള്ള നവപ്രവണതകൾ മൂലം ജനങ്ങളിൽ പകരപ്പെടുന്ന ദൈവത്തെ കുറിച്ചുള്ള അറിവ് ഏതാണെന്നും എങ്ങനെയാണെന്നും ഒന്ന് ആത്മാർത്ഥമായി ചിന്തിക്കുന്നത് കരണീയമായിരിക്കും.!!

യേശു ആരാണെന്നുള്ള തിരിച്ചറിവാണ് ഏറ്റവും വലിയ വെളിപ്പാട്. ദൈവനാമത്തിന്റെയും ദൈവരാജ്യത്തിന്റെയും പേരിലുള്ള സകലതും ആരംഭിക്കുന്നത് ആ വെളിപ്പാടിൽ നിന്നും ആയിരിക്കേണം. യേശു ആരാണെന്നുള്ള തിരിച്ചറിവ് സ്വയം മനസ്സിലാക്കുന്നതും അതുവഴി ആ സന്ദേശം ജനങ്ങളിൽ എത്തിച്ചു യേശുവിനെ കുറിച്ചുള്ള അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് ജനത്തെ നയിക്കുകയും ചെയ്യുന്ന അനുഭവം അങ്ങേയറ്റം പ്രശംസനീയമാണ്.

ഒരിക്കൽ ഫിലിപ്പിന്റെ കൈസര്യയിൽ വച്ച് യേശു തന്നെ പിന്തുടരുന്ന ശിഷ്യന്മാരോട് രണ്ടു ചോദ്യങ്ങൾ ചോദിച്ചു. ഒന്ന്- ജനങ്ങൾ മനുഷ്യപുത്രനെ ആർ എന്ന് പറയുന്നു? അതിനുള്ള ഉത്തരം വ്യത്യസ്തമായിരുന്നു എങ്കിലും യേശു പ്രതികരിച്ചില്ല. എന്നാൽ വീണ്ടും യേശുവിന്റെ ചോദ്യം “നിങ്ങളോ എന്നെ ആർ എന്നു പറയുന്നു”. അതിനുള്ള മറുപടി ആയിരുന്നു യേശുവിനറിയേണ്ടത്. കാരണം ഇത്രയും നാൾ കൂടെ നടന്നിട്ട്, അവിടുത്തെ കുറിച്ച് എന്താണ് മനസ്സിലാക്കിയിരുന്നത് എന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. യേശു ചോദ്യം ചോദിച്ചതും ശീമോൻ പത്രോസിന്റെ മറുപടി “ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു”. “ബർയോനാ ശീമോനെ, നീ ഭാഗ്യവാൻ” എന്നതായിരുന്നു യേശുവിന്റെ അഭിനന്ദന പ്രസ്താവന!! (മത്തായി16:17)

യേശുവിനോടൊപ്പം കൂടെ നടക്കുകയും യേശുവിനെ പ്രസംഗിക്കുകയും യേശുവിന്റെ പേരിൽ അത്ഭുതങ്ങൾ ചെയ്യുകയും യേശു തന്നു എന്ന പേരിൽ വെളിപ്പാടുകൾ പറയുകയും ചെയ്തിട്ട് യേശു ആരാണെന്നുള്ള വെളിപ്പാട് ലഭിച്ചില്ലെങ്കിൽ ആ അനുഗമനത്തെ വിധി വിധേയമാക്കേണ്ടതുണ്ട്. എന്തെങ്കിലും ഒക്കെ പറയുന്ന വെളിപ്പാടുകാരെ ലോകം ഭാഗ്യവാൻ എന്ന് പറയുമ്പോൾ യേശുവിനെ ക്രിസ്തു എന്ന് വെളിപ്പെട്ടു കിട്ടിയവനെയാണ് ദൈവം ഭാഗ്യവാൻ എന്ന് വിളിക്കുന്നത്. യേശുവിനെ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്ന് തിരിച്ചറിയാൻ കഴിയാത്ത ഒരാൾക്കും അവിടുത്തെ യഥാർത്ഥ ശിഷ്യനായിരിപ്പാൻ കഴിയില്ല. യേശുവിനെ കേവലം സൗഖ്യം കൊടുക്കുന്നവനായി മാത്രം വെളിപ്പെട്ടു കിട്ടിയവർ അത് വാതോരാതെ വിളിച്ചു പറഞ്ഞു കൊണ്ടിരിക്കും. അപ്പം വർദ്ധിപ്പിക്കുകയും പടകു നിറക്കുകയും ചെയ്യുന്നവനായി മാത്രം അവിടുത്തെ അറിഞ്ഞവർ കേവലം സമൃദ്ധിയുടെ വക്താവായി പരിചയപ്പെടുത്തും. യേശുവിനെ പ്രശ്നപരിഹാരകനായും ധനവാനാകാനുള്ള വഴിയായും വെളിപ്പെട്ടു കിട്ടിയവർ ആ സന്ദേശം പ്രചരിപ്പിക്കും. യേശുവിനെ കുറിച്ച് അറിയേണ്ട അതീവ പ്രാധാന്യമുള്ള കാര്യങ്ങൾ തിരിച്ചറിയാതെയും യേശുവിനെ കുറിച്ച് ജനം അറിയേണം എന്ന് ദൈവം ആഗ്രഹിക്കുന്നകാര്യങ്ങൾ ജനത്തെ അറിയിക്കാതെയും പകരം സ്വന്തം പേരെടുപ്പിനുള്ള തന്ത്രമായി യേശുവിനെ വ്യാഖ്യാനിക്കുന്നവർ സ്വയം തെറ്റു ചെയ്യുന്നതോടൊപ്പം ഒരു വലിയ ജനസമൂഹത്തെ കനത്ത തകർച്ചയിലേക്ക് നയിക്കുകയാണ് എന്നത് വിസ്മരിക്കരുത്.

യേശുവിനെ കുറിച്ചുള്ള ആഴമായ വെളിപ്പാട് ലഭിച്ചവന് മാത്രമേ യഥാർത്ഥ സുവിശേഷം പറഞ്ഞു ജനത്തെ ദൈവരാജ്യത്തിലേക്ക് നയിക്കാൻ കഴിയുള്ളൂ. യേശുവിനെ ക്രിസ്തു എന്ന് തിരിച്ചറിഞ്ഞ പത്രോസിന്റെ പ്രസംഗ വിഷയവും യേശുവും അവിടുത്തെ ക്രൂശുമായിരുന്നു. കേട്ട ജനം ഞങ്ങൾ എന്ത് ചെയ്യേണ്ടു? അതിനു പത്രോസ് അവരോടു: നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പീൻ; എന്നാൽ പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കും. അന്ന് മൂവായിരത്തോളം ആളുകൾ ദൈവസഭയോട് ചേർന്നു. യേശുവിനെയും അവിടുത്തെ ക്രൂശിനെയും അതുമൂലമുള്ള രക്ഷയും പറയാതെ പലതും പറഞ്ഞു പ്രലോഭിപ്പിച്ചു ആയിരങ്ങളെ കൂട്ടി വരുത്തി ഒടുവിൽ പ്രശ്നസങ്കീർണ്ണമായ അവസ്ഥയിൽ ഇരിക്കുന്ന ജനത്തിന്റെ വൈകാരിക മേഖലകളെ സ്പർശിച്ചു കൃത്രിമ ഉണർവുകൾ ഉണ്ടാക്കി സംഘാടകർ സായൂജ്യരാകുമ്പോൾ വന്ന ജനം അറിഞ്ഞത് യേശു എന്ന ക്രിസ്തുവിനെ കുറിച്ചോ അതോ മറ്റൊരു യേശുവിനെ കുറിച്ചോ? ദൈവാത്മാവിനെ കുറിച്ചോ വേറൊരാത്മാവിനെ കുറിച്ചോ? സത്യസുവിശേഷത്തെ കുറിച്ചോ? (2 കൊരി. 11:4)

യേശുവിനെ കുറിച്ച് നാം അറിഞ്ഞ വചനാധിഷ്ഠിതമായ വെളിപ്പാടുകളിലൂടെ ദൈവം നമ്മെ ഭാഗ്യവാൻ എന്ന് വിലയിരുത്തിയാൽ അതിൽ നമുക്കഭിമാനിക്കാൻ വകയുണ്ട്. ലോകത്തിന്റെ കൈയടിയെക്കാൾ ദൈവത്തിന്റെ അംഗീകാരമാണ് ശ്രേഷ്ഠം!!! അത് കേവലം ജഡരക്തങ്ങളുടെ സ്വാധീനങ്ങൾ കൊണ്ട് ഉണ്ടാകേണ്ടതല്ല മറിച്ച് സ്വർഗ്ഗസ്ഥനായ പിതാവിങ്കൽ നിന്നും പ്രാപിക്കേണ്ടതാണ്. ആ വെളിപ്പാടാണ് നമ്മെ മുന്നോട്ടു നയിക്കേണ്ടത്!!! ആ വെളിപ്പാടാണ് നമ്മെ യെരുശലേമിലേക്കും യഹൂദ്യയിലേക്കും ശമര്യയിലേക്കും ഭൂമിയുടെ അറ്റങ്ങളിലേക്കും സുവിശേഷത്തിന്റെ വക്താക്കളായി നയിക്കേണ്ടത്!! യേശുവിനോടൊപ്പം കൂടെ നടക്കുന്ന നാം അവിടുന്ന് ആരാണെന്ന് നാം അറിയണമെന്ന് പിതാവായ ദൈവം ആഗ്രഹിക്കുന്നതുപോലെ നമുക്കറിയുവാൻ കഴിയുന്നില്ലെങ്കിൽ പിന്നെ നമുക്കെങ്ങനെ വചനാനുസരണം യേശുവിനെ ജനമധ്യത്തിൽ പരിചയപ്പെടുത്തുവാൻ കഴിയും.?

## കണ്ടതും കേട്ടതും

ജയ്മോഹൻ അതിരുങ്കൽ, 9567759748



# ഭാരത് എഡ്യൂക്കേഷൻ & ചാരിറ്റബിൾ ട്രസ്റ്റ് (BECT)
## 10 – ാം വർഷത്തിലേക്ക്


ശ്രീമതി മേരിക്കുട്ടി വർഗീസ്


സണ്ണി മുളമൂട്ടിൽ


ജോർജ്ജ് റ്റി. ശാമുവേൽ


ഇവാ. വി. സി. കോശി


ഇവാ. എ. സി. തോമസ്

ഐ. പി. സിയിലെ വിശ്വാസികളിൽ പ്രമുഖനായിരുന്ന കണ്ടംങ്കേരിൽ ബ്രദർ കെ. റ്റി. വർഗീസിന്റെ നേതൃത്വത്തിൽ സുവിശേഷ തൽപരരായ ചില വ്യക്തികൾ ചേർന്ന് രൂപം കൊടുത്ത സുവിശേഷ സംഘടനയാണ് ഭാരത് എഡ്യൂക്കേഷൻ & ചാരിറ്റബിൾ ട്രസ്റ്റ് (BECT) തന്റെ മരണശേഷം ശ്രീമതി മേരിക്കുട്ടി വർഗീസ് ചെയർപേഴ്സണായി ചുമതല വഹിച്ചുവരുന്നു. ഇടുക്കി, കണ്ണൂർ, തിരുവനന്തപുരം ജില്ലകളുടെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ഐ. പി. സി. ശുശ്രൂഷകന്മാരെ ഏകോപിപ്പിച്ച് സുവിശേഷപ്രവർത്തനമാണ് ചെയ്തുവരുന്നത്. മുപ്പതിൽപരം സുവിശേഷകർക്ക് ക്രമമായി എല്ലാ മാസവും സാമ്പത്തിക സപ്പോർട്ട് നൽകുന്നു. അറുപ്പത്തിയഞ്ചിൽപരം ശുശ്രൂഷകർ ഈ ടീമിന്റെ ഭാഗമായി പ്രവർത്തനത്തിൽ പങ്കാളികൾ ആകുന്നു. ഭവനസന്ദർശനം, പരസ്യയോഗം, കൗൺസിലിംഗ്, പ്രാർത്ഥന എന്നിവ ടീമിന്റെ ചുമതലയിൽ ക്രമമായി നടന്നുവരുന്നു. വെള്ളറട ഐ. പി. സി. സഭയോടനുബന്ധിച്ച് BECT-ന്റെ ചുമതലയിൽ നടന്നുവരുന്ന ഈവനിംഗ് ബൈബിൾ സ്കൂളിന്റെ ഒന്നാമത് ബാച്ചിൽ 10 പേർ പഠനം പൂർത്തിയാക്കി. ഇവാഞ്ചലിസവും ചാരിറ്റിയും ആണ് പ്രധാനമായും BECT- ന്റെ ചുമതലയിൽ നടന്നുവരുന്നത്.

പാസ്റ്റർ ബേബി വർഗീസ് (രക്ഷാധികാരി), ശ്രീമതി മേരിക്കുട്ടി വർഗീസ് (ചെയർപേഴ്സൺ), ഇവാ. ജോർജ്ജ് മാത്യു (വൈസ് ചെയർമാൻ), സണ്ണി മുളമൂട്ടിൽ (സെക്രട്ടറി), ഇവാ. എ. സി. തോമസ് (ജോ. സെക്രട്ടറി), ജോർജ്ജ് റ്റി. ശാമുവേൽ (ട്രഷറർ), ഇവാ. വി. സി. കോശി, പാസ്റ്റർ കെ. റ്റി. ഉമ്മൻ, ബ്ലസ്സൻ കെ. വർഗീസ്, തോംസൺ കെ. വർഗീസ് (ഡയറക്ടേഴ്സ്) എന്നിവർ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നു. അംഗങ്ങളിൽ നിന്നുമുള്ള സംഭാവനയാണ് ട്രസ്റ്റിന്റെ മുഖ്യവരുമാന ശ്രോതസ്സ്. അഭ്യുദയകാംക്ഷികളിൽ നിന്നുമുള്ള സ്വമേധാ സംഭാവനകളും ട്രസ്റ്റ് സ്വീകരിക്കാറുണ്ട്.

ഒൻപതാമത് വാർഷിക സമ്മേളനത്തിൽ ചെയർപേഴ്സൺ സിസ്റ്റർ മേരിക്കുട്ടി വർഗീസ് അദ്ധ്യക്ഷത വഹിച്ചു. ബ്രദർ സണ്ണി മുളമൂട്ടിൽ റിപ്പോർട്ട് അവതരിപ്പിച്ചു. ജോർജ്ജ് റ്റി. ശമുവേൽ, വി. സി. കോശി, എ. സി. തോമസ്, ജോൺ. പി. ചെല്ലപ്പൻ തുടങ്ങിയവർ പ്രസംഗിച്ചു.

**കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക**

BHARAT EDUCATION & CHARITABLE TRUST
KANDOMKERIL HOUSE
KUMBANAD P.O., THIRUVALLA
PATHANAMTHITTA, KERALA - 689 547


# ഡ്യൂലോസ് ബിബ്ലിക്കൽ സെമിനാരി

അനുഗ്രഹീതമായ 15 – ാം വർഷം

വെച്ചൂച്ചിറ

ഐ.പി.സി. ജനറൽ കൗൺസിൽ അംഗീകൃതം
സഭാ ശുശ്രൂഷയ്ക്കും പ്രേഷിത പ്രവർത്തനത്തിനും മികച്ച പരിശീലനം
B.Th. തിയോളജിക്കൽ ബിരുദവും യൂണിവേഴ്സിറ്റി അംഗീകാരമുള്ള B.A. ബിരുദവും
ഒരുമിച്ച് കരസ്ഥമാക്കാവുന്ന പാഠ്യപദ്ധതി (English)

അഡ്മിഷൻ ആരംഭിച്ചു

ക്ലാസ്സുകൾ ഏപ്രിൽ ആദ്യവാരം ആരംഭിക്കുന്നു

| കോഴ്സുകൾ | മാധ്യമം | കാലാവധി | യോഗ്യത |
|---|---|---|---|
| B.Th | ഇംഗ്ലീഷ് | 3 വർഷം | S.S.L.C. Passed |
| G.Th | മലയാളം | 2 വർഷം | S.S.L.C |
| C.Th | മലയാളം | 1 വർഷം | |

പ്രത്യേകതകൾ
* 3 വർഷം കൊണ്ട് B.Th. ഉം B.A. ഉം കരസ്ഥമാക്കാം * ഹിന്ദി, ഗ്രീക്ക്, ഹീബ്രു ഭാഷകളിൽ വിജ്ഞാനം നൽകുന്നു * പ്രത്യേകം ക്ഷണിക്കുന്ന അദ്ധ്യാപകരുടെ സെമിനാറുകൾ * അനുഭവസമ്പന്നരും പ്രഗത്ഭരുമായ അദ്ധ്യാപകർ * വിശാലമായ കാമ്പസ്സ് * താമസം, ഭക്ഷണം എന്നിവ സൗജന്യം * തികഞ്ഞ പ്രാർത്ഥനാന്തരീക്ഷം * മികച്ച ലൈബ്രറി സൗകര്യം * പഠനത്തോടൊപ്പം പ്രായോഗിക പരിശീലനം * ഹിന്ദി ഇംഗ്ലീഷ് ഭാഷകളിൽ പരിശീലനം


Pr. V.P. Jose
Director

അപേക്ഷ ഫോറത്തിനും കൂടുതൽ വിവരങ്ങൾക്കും ബന്ധപ്പെടുക
Principal
D.B.S., P.B. No: 2, Vechoochira, PTA - 686 511
Phone: 9544558069, 9846742196

MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 08, ISSUE 04

BELIEVERS JOURNAL

PUBLISHED ON 25/02/2015

BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105

Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17

Annual Sub.
₹ 150




Learning to make a difference

Perfecting the Saints for Transforming the World

| PROGRAM | DURATION | MEDIUM | REQUIRED QUALIFICATIONS |
|---|---|---|---|
| M.Div* | 2 Years<br>3 Years | English<br>English | B.Th (Recognized)/<br>Any Bachelor Degree |
| B.Th* | 4 Years | English | +2 Pass/Equivalent |
| M.A in Th. | 2 Years | English | B.Th/Any Bachelor Degree |
| M.Div* (Distance) | 3 Years (Minimum) | English | B.Th (Recognized)/ Any Bachelor Degree/ Mature Candidate |
| M.A in H.C.D (Distance) | 2 Years | English | B.Th (Recognized)/ Any Bachelor Degree |
| M.A in Th. (Online) | 2 Years | English | B.Th/Any Bachelor Degree |

* Programs are accredited to by ATA

OUR FOUR FOLD EMPHASIS:
- Academic Excellence
- Ministry Emphasis
- Character Formation
- Vocational Training
  - Music and Language Training
  - Computer Skills

IPC Theological Seminary Kottayam
Accredited by Asia Theological Association
Puthuppally P.O., Kottayam 686 011, Kerala, India Ph: +91 481 2351774, +91 9497579772
Email: ipctsk@gmail.com Website: http//www.ipcseminary.com

BETHEL PENTECOSTAL ASSEMBLY
A Place to Worship God in Spirit and in Truth



WORSHIP PLACE: 2542, COUNTRY CLUB ROAD, LUCAS, TX75002

CHURCH ACTIVITIES
BIBLE CLASS: SUNDAY 9:30 AM - 10:30 AM
WORSHIP SERVICE: SUNDAY 10:30 AM - 12:30 PM
PRAYER CELL: TUESDAY & FRIDAY 7:00
FASTING PRAYER: FRIDAY 10 AM

OUTREACH MINISTRIES IN PARTNERSHIP WITH
SACRED HANDS OF HOPE
INDIAN MINISTRIES
NOT TO BE SERVED BUT TO SERVE

ACTIVITIES
MINISTRY AMONG HOMELESS
COMMUNITY DEVELOPMENT
BIBLE COLLEGE
ORPHANAGE









Contact:
Pastor Santhosh B Podimala
[E] sacredhandsofhope@gmail.com
[M] 214-929-3370, 972-475-7778
[W] www.bpanorthdallas.org
www.facebook.com/sacredhandsofhope

love hope freedom

# ഏബനേസർ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്
## ബാംഗ്ലൂർ, കർണ്ണാടക

**ഏബനേസർ ഡിഗ്രി കോളജ്**
ബി. കോം., ബി. ബി. എ., ബി. സി. എ.
കോഴ്സുകളിലേക്ക് ഉടൻ
അഡ്മിഷൻ ആരംഭിക്കുന്നു

**എബനേസർ കോളജ് & സ്കൂൾ ഓഫ് നേഴ്സിംഗ്**
(രാജീവ് ഗാന്ധി യൂണിവേഴ്സിറ്റി
ഓഫ് ഹെൽത്ത് സയൻസ്
അഫിലിയേഷൻ, കെ. എൻ. സി. &
ഐ. എൻ. സി. അംഗീകാരം)

ബി. എസ്. സി. നേഴ്സിംഗ്
കാലാവധി 4 വർഷം/ യോഗ്യത 10+2/ 45%
ജി. എൻ. എം.
കാലാവധി 3 വർഷം/ യോഗ്യത 10+2/40%

**Accomodation Available**
വിജയത്തിന്റെ പടവുകൾ താണ്ടുന്ന
എബനേസർ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷനിൽ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

മികച്ച പ്രാക്ടിക്കൽ സൗകര്യം, മെച്ചപ്പെട്ട ഹോസ്റ്റൽ സൗകര്യങ്ങൾ,
മികച്ച അദ്ധ്യാപനം, മികച്ച ആത്മീയ നിലവാരം, ആരാധന സൗകര്യം,
കേരളാ ഭക്ഷണം, ഇന്ത്യയിലെ ഐറ്റി നഗരത്തിൽ
മികച്ച അദ്ധ്യായനത്തിന് ശാന്തമായ അന്തരീക്ഷത്തിൽ കുട്ടികളുടെ
ആത്മീയ നിലവാരം കാത്തു സൂക്ഷിക്കുന്ന വിശ്വാസികളുടെ സ്ഥാപനം

The Administrator
Eben-Ezer Instutions, No: 19,
Ebenezer Nagar
Kothanur P.O., Banglore - 560 077

Tel: 080-28444201, 65654909, 28445678,
09740157249, 09886383410, 09845890178

Email: ebenezerblr@yahoo.co.in
Website: www. ebenezerblr.org


Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.